ലോകപ്രസിദ്ധനായ റഷ്യൻ മഹാത്മാ
കൌണ്ട് ലിയോ ടോൾസ്റ്റോയി എഴുതിയ

നമ്മുടെ കാലങ്ങളിലെ അടിമത്തം



പരിഭാഷകൻ,

റാവു ആർ. നാരായണൻനമ്പ്യാർ B. A., B. L.

★



പ്രകാശകർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ,
കൊല്ലം.

★

1-ാം പതിപ്പു കാപ്പി 500

ശ്രീരാമവിലാസം പ്രസ്സ്,

കൊല്ലം.

1127.

* അവതാരിക

യൂറോപ്പിൽ ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ് മുതലായ രാജ്യക്കാർ വാണിജ്യവ്യവസായകാര്യങ്ങളിലും, രാഷ്ട്രീയപരിഷ്കാരപദ്ധതികളിലും ഉത്തരോത്തരം ഉയർന്ന് അഹമഹമികയാ കുതിച്ചുകയറിവന്നിരുന്ന കാലത്തു് ഈവക പ്രസ്ഥാനങ്ങളിലൊന്നിലും തൊടാതെയും, നിങ്ങളുടെ പരിതഃസ്ഥിതികളെ ഭേദപ്പെടുത്തി ഐശ്വര്യവും, അഭിവൃദ്ധിയും പ്രാപിക്കുന്നതിനു് അശേഷം ശ്രമിക്കാതെയും, അലസന്മാരും നിഷ്ക്രിയന്മാരുമായിക്കിടന്നിരുന്ന റഷ്യാമഹാരാജ്യത്തിലെ ജനാവലികളെ തട്ടിയെഴുന്നേല്പിച്ചു് അവരുടെ ഉയർച്ചയ്ക്കും, ഉണർച്ചയ്ക്കും കാരണഭൂതനായും, പാശ്ചാത്യരാജ്യങ്ങളിലെ പുതിയ പരിഷ്കാരത്തിന്റെ പുരോഗതിയെ തടഞ്ഞുനിത്തി സംഗതികളുടെ ഗുണദോഷങ്ങളെ സൂക്ഷ്മമായി പ്രത്യേകമെടുത്തു് പൊതുജനഹൃദയങ്ങളിൽ പതിപ്പിച്ചും, അമൂല്യനിക്ഷേപങ്ങളായ അനവധി ഗ്രന്ഥരത്നങ്ങളെ ലോകക്ക് പ്രദാനംചെയ്തും, ആധുനികലോകത്തിന്റെ ധാർമ്മികനിലയെ നന്നാക്കുവാൻ ശക്തിമത്തായി പരിശ്രമിച്ചവനായും ഇരുന്ന ആ പണ്ഡിത—കലക്രടസ്ഥൻ—കൌണ്ട് ലിയോ ടോൾസ്റ്റോയി—ലോകത്തിലെ മഹൽഗുരുക്കന്മാരിൽ ഒരുത്തമസ്ഥാനത്തെ അർഹിക്കുന്നു. രാജ്യഭരണവിഷയങ്ങളിലാകട്ടെ, മതധർമ്മശാസ്ത്രവിമർശനങ്ങളിലാകട്ടെ, സംഗീതസാഹിത്യ—കലാവിദ്യകളിലാകട്ടെ, സാമുദായികകാര്യങ്ങളിലാകട്ടെ—മനുഷ്യജീവിതവ്യാപാരങ്ങളെ പൊതുവെ ബാധിക്കുന്ന ഏതു വകുപ്പിലുമാകട്ടെ—അദ്ദേഹത്തിന്റെ അപാരമായ പാണ്ഡിത്യവും, അനന്യസാമാന്യമായ പ്രതിഭാവിലാസവും സ്പർശിക്കാതെയോ അപ്രകാരം സ്പർശിക്കപ്പെട്ടിട്ട് അവയിൽ ഒന്നെങ്കിലും അഭിവൃദ്ധമാകാതെയോ ഇരുന്നിട്ടില്ല. യൂറോപ്യൻ ഗവർമ്മെണ്ടുകളോടും മക്കടമുഷ്ടികാരായ മതപ്രമാണികളോടും മറ്റും അനവരതം "മല്ലുവെട്ടി"

---

* (1921-ൽ എഴുതിയതു്)

ഘോരമായ പോരാട്ടം നടത്തി അത്ഭുതകരമായ വിജയവും സകല—ലോകവ്യാപ്തമായ പ്രശസ്തിയും സമ്പാദിച്ചിട്ടുള്ള ഈ പുണ്യശ്ലോകനെ, ഭൂലോകത്തിന്റെ നാനാപ്രദേശങ്ങളിൽനിന്നും യോഗ്യന്മാരുടെ ശ്ലാഘയും പൂജയും ചെന്നു് അഭിഷേകം കഴിച്ചിരിക്കുന്നു. ഈ മഹർഷിപുംഗവന്റേയും, അദ്ദേഹത്തിന്റെ കൃതികളുടേയും സ്വാധീനശക്തി എറെക്കുറെ പ്രവേശിക്കാത്ത ഒരു രാജ്യവും, വലിയ സംരംഭങ്ങളും ഇല്ലെന്നു നിസ്സംശയം പറയാം. അടുത്തകാലത്തു മഹാത്മാഗാന്ധിയാൽ സ്ഥാപിക്കപ്പെട്ട നടപ്പിലിരിക്കുന്നതും, നൂതന ലോകത്തിലെ സകല രാജ്യക്കാരുടേയും ശ്രദ്ധയേയും ഉല്ക്കണ്ഠയേയും ബലാൽ ആകർഷിച്ചിരിക്കുന്നതും ആയ ഇൻഡ്യയിലെ "ശാന്തിമയമായ നിസ്സഹകരണ"ത്തിന്റെ വിത്തുകാരംപോലും ടോൾസ്റ്റോയിയുടെ വിലപിടിച്ച ഗ്രന്ഥങ്ങളിൽ കിടക്കുന്നുണ്ടെന്നുള്ള സംഗതി ഇപ്പോൾ പരസ്യമായിരിക്കാം. ഇതുമൊക്കൊണ്ടുതന്നെ ടോൾസ്റ്റോയിയുടെ നിലയും, വിലയും ഏതാണ്ടു പരിഗണിക്കാവുന്നതാണു്.

ടോൾസ്റ്റോയിയുടെ അസംഖ്യം കൃതികളിൽ ഏറ്റവും ചെറിയ ലേഖനങ്ങളുടെ ഇടയിൽ ഉള്ള "The Slavery of Our Times" എന്നതിന്റെ ഒരു സ്വതന്ത്ര തർജ്ജിമയാണു് പ്രസ്തുത പുസ്തകം. ആ മഹാനുഭാവന്റെ ചിന്താപരമ്പരകളുടേയും, മനഃസ്ഥിതിയുടേയും ഏതാണ്ടൊരു സ്വരൂപം ഇതിൽനിന്നും വായനക്കാർക്കുണ്ടാകുന്നതാണു്. പലേ വിധത്തിലും, തരത്തിലും ലോകത്തിൽ പ്രത്യക്ഷപ്പെടുന്ന അടിമത്തത്തിന്റെ സ്വഭാവവും, കാരണവും എന്തെന്നും, വിവിധ വേഷങ്ങളിലും സ്വരൂപങ്ങളിലും ലോകത്തിൽകാണുന്ന ഭരണയന്ത്രങ്ങളുടെ - ഗവർമ്മേണ്ടുകളുടെ— യഥാർത്ഥമായ അടിസ്ഥാനവും, ഉദ്ദേശ്യവും എങ്ങിനെയാണെന്നും, മറുമുള്ള വിലപിടിച്ച തത്വങ്ങളെ സുഗമവും, ലളിതവും ആയ ഭാഷയിൽ അദ്ദേഹം ശക്തിയുക്തമായി പ്രതിപാദിച്ചിരിക്കുന്നു. മുതലാളിത്തൊഴിലാളി—വഴക്കു്, യു

ന്ത്രപ്രചാരാധിക്യം, ഭരണീയരും ഭരണകർത്താക്കളും തമ്മിലുള്ള മത്സരം മുതലായി ആധുനികപണ്ഡിതന്മാരുടെ ബുദ്ധിയെ തകർക്കുന്ന കഠിനവിഷയങ്ങളെക്കുറിച്ച് ഇതിൽ സമഷ്ടിയായി പ്രസ്താവിച്ചിട്ടുണ്ട്. ഈ വിധത്തിലുള്ള ഒരു പുസ്തകത്തിന്റെ പ്രചാരം ഇപ്പോൾ ഇൻഡ്യയിൽ അത്യാവശ്യമാണെന്നു പറയുന്നതിൽ യുക്തിവാദം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഈ പുസ്തകത്തിൽ ടോൾസ്റ്റോയി പ്രയോഗിക്കുന്ന യുക്തികളുടെ ഗതി എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. അടിമത്തത്തിന്റെ സ്ഥിതിയും ഗതിയും എന്താണെന്ന് ഒന്നു ഭംഗിയായി വിചാരണചെയ്തതിന്റെശേഷം, അതിന്റെ യഥാർത്ഥമായ ഉത്ഭവസ്ഥാനം എന്താണെന്ന് അദ്ദേഹം അന്വേഷിക്കുന്നു. ധനവാന്മാരും, ദരിദ്രന്മാരും തമ്മിലുള്ള സംബന്ധമാണ് അടിമത്തത്തിന്റെ നിവാരണത്തിൽ മുഖ്യമായിനോക്കാനുള്ളതു്. സാധുക്കളുടെ സുഖത്തെയോ ക്ഷേമത്തിനെയോ നോക്കാതെ കേവലം സ്വാർത്ഥപരന്മാരായി കാലംകഴിക്കുന്ന സമ്പന്നന്മാർ മൂലമാണ് അടിമത്തം ഉണ്ടാകുന്നതു്. അടിമത്തത്തെ നിലനിർത്തി ധനപ്രഭുക്കളെ സഹായിക്കുന്നതിനു് അവർതന്നെ ഉണ്ടാക്കുന്ന ചട്ടങ്ങളാണ് അടിമകളെ സ്വതന്ത്രരാക്കാതിരിക്കാനും, അവരെ ഉപദ്രവിക്കാനും ഉള്ള ആയുധങ്ങൾ. ഈ ആയുധങ്ങളെ പ്രയോഗയോഗ്യമാക്കിത്തീർക്കുന്നതു് ഗവർമ്മെണ്ടു്—ഭരണയന്ത്രം—ആണു്. സകല ഗവർമ്മെണ്ടുകളുടെയും അടിസ്ഥാനം എന്താണെന്നു പിന്നീടു് അദ്ദേഹം പരിശോധിക്കുന്നു. അതു് സൂക്ഷ്മമായും ബലമായും നിബന്ധിക്കപ്പെട്ട ബലപ്രയോഗശക്തിയാണെന്നു് അദ്ദേഹം സമർത്ഥിക്കുന്നു. തന്മൂലം അടിമത്തത്തിനെ ഇല്ലായ്മചെയ്യാൻ ശ്രമിക്കുന്നവർ എങ്ങിനെ പ്രവർത്തിക്കണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. അടിമത്തം ധനവാന്മാരിൽനിന്നുത്ഭവിക്കുന്നു. അവരെ സഹായിക്കുന്നതു് നിയമങ്ങളാണു്. നിയമങ്ങൾ ഉണ്ടാക്കുന്നതു ഭരണമേധാവികളത്രെ. ഈ ഭരണയന്ത്ര

ക്കയും, ആരോഗ്യനാശകങ്ങളായ വീടുകളിൽ പാർക്കുകയും ചെയ്യുന്നവെന്നു അറിയുന്ന ഉടനെ, കൊഴുത്ത ശമ്പളവും കൊടുത്തു് സ്ഥലത്തുപോയി പരിശോധിക്കുന്നതിനു് ഒരു ഇൻസ്പെക്ടരെ അങ്ങോട്ടയയ്ക്കുന്നു. ദിവസം പന്ത്രണ്ടുമണിക്കൂറിലധികം ആരെക്കൊണ്ടും വേലചെയ്യിച്ചുകൂടെന്നു നാം ജനങ്ങളെ വിരോധിക്കയും, ഇതുകൊണ്ടു് തങ്ങളുടെ ക്രയിയിൽ ഒരംശം നഷ്ടപ്പെട്ട വിഷമിക്കുന്ന ക്രയിവേലക്കാർ ഉണ്ടെങ്കിൽ അവർ വേറെ എങ്ങനെയെങ്കിലും ചെലവു് കഴിച്ചുകൊള്ളട്ടെ എന്നു വെയ്ക്കുകയും ചെയ്യുന്നു. വേലക്കാർക്കു താമസിപ്പാൻ വലിപ്പവും സുഖവും കുറഞ്ഞ മുറികൾ ഉണ്ടാക്കിക്കൊടുക്കണമെന്നു നാം തീവണ്ടിക്കമ്പനിക്കാരെ നിർബ്ബന്ധിക്കുന്നുമുണ്ടു്. ഇങ്ങിനെ ഒരു വിധത്തിൽ നമ്മുടെ മനസ്സാക്ഷിയെ പൂർണ്ണമായി സമാധാനപ്പെടുത്തി ആ തീവണ്ടിമാർഗ്ഗം; സാമാനങ്ങൾ അയയ്ക്കുകയും വരുത്തുകയും, നമ്മുടെ വീടുകൾക്കും ഭ്രമികൾക്കും വാടക മുതലായതുകളും, ശമ്പളങ്ങളും, ലാഭവിഹിതങ്ങളും എല്ലാം സ്വീകരിക്കയുംചെയ്തുകൊണ്ടു് നാം ഇരിക്കുന്നു. പട്ടണങ്ങൾപ്പുണ്ണി സ്ഥലങ്ങളിൽ സ്ത്രീകളും, പെൺകുട്ടികളും അവരുടെ വീടുകളിൽനിന്നും വളരെദൂരത്തിൽപോയി തങ്ങളുടെയും, തങ്ങളുടെ കുട്ടികളുടെയും ജീവിതങ്ങളെ നാശമാക്കുന്നുവെന്നും, നമ്മുടെ കുപ്പായങ്ങൾ കഞ്ഞിപിഴിഞ്ഞു് തേച്ചുമടക്കുന്ന അലക്കുകാരികളിൽ ഒട്ടുപകുതിപ്പേർക്കും, നേരംപോക്കിനായി നാം വായിക്കുന്ന പുസ്തകങ്ങളും, വർത്തമാനക്കടലാസ്സുകളും അച്ചടിക്കുന്ന അച്ചുകൂടവേലക്കാർക്കും, ക്ഷയരോഗം പിടിപെടുന്നുവെന്നും അറിയുന്ന സമയം, നമ്മുടെ തോളുകൾ കൂടെത്തുകൊണ്ടു് "കഷ്ടം! സംഗതികൾ ഇങ്ങിനെയിരിക്കുന്നതു് വളരെ സങ്കടകരം തന്നെ; പക്ഷേ ഇതിനു യാതൊരു പരിഹാരവും കിട്ടുന്നില്ലല്ലൊ" എന്നു വാക്കുകൊണ്ടു് പറയുകമാത്രമാണു് നാം ചെയ്യുന്നതു്. എങ്കിലും, കുലുക്കമില്ലാത്ത മനസ്സോടുകൂടി ആ പട്ടുവസ്ത്രങ്ങളെ വാങ്ങുകയും, കഞ്ഞിപിഴിഞ്ഞു തുണിക

ളെ ധരിക്കയും, വർത്തമാനപ്പത്രങ്ങളെ വായിക്കയും ചെയ്യാതെയിരിക്കുന്നില്ല. വ്യാപാരശാലകളിലെ വേലക്കാരുടെ തുടർച്ചയായുള്ള വേലയുടെ കാലദൈർഘ്യത്തെപ്പറ്റി നമുക്കു വലിയ കരുണതോന്നുകയും. നമ്മുടെ കുട്ടികൾ പള്ളിക്കൂടങ്ങളിൽപോയി കാലത്തുമുതൽ വൈകുന്നതുവരെയും ഇരിക്കുന്നതോർക്കുമ്പോൾ ഇതിലധികം നാം സങ്കടപ്പെടുകയും ചെയ്യുന്നു; ഭാരം അധികം കയറ്റിയ വണ്ടികളിൽ കാളകളേയും, കുതിരകളെയും കെട്ടിക്കുടെന്നു നാം തടയുന്നുണ്ടു്. അതുപൊലെതന്നെ. മാംസവില്പനയ്ക്കായി കൊല്ലപ്പെടുന്ന മൃഗങ്ങൾക്കു് ഏറ്റവും കുറച്ചു സങ്കടമുണ്ടാകാവൂ എന്നുവെച്ചു് പ്രത്യേകം കശാപ്പുശാലകൾപോലും നാം ഉണ്ടാക്കിക്കുന്നു! ഇതൊക്കെയായിട്ടും നമ്മുടെ സുഖപ്രയത്നത്തിനും, സന്തോഷത്തിനും മാത്രമായിട്ടു നാം ഉപയോഗിക്കുന്ന സാധനങ്ങളെ ഉണ്ടാക്കുന്ന വേലകളിൽ ഏർപ്പെട്ടു് നമ്മുടെ ചുറ്റിലും കിടന്നു് മന്ദമായി പലപ്പോഴും കഠിനവ്യസനങ്ങൾ സഹിച്ചു് നശിച്ചുപോകുന്ന ലക്ഷോപലക്ഷം വേലക്കാരുടെ കഥവരുമ്പോൾ നാം കേവലം പൊട്ടക്കണ്ണന്മാരായിപ്പോകുന്നതു് എത്ര ആശ്ചര്യകരമായിരിക്കുന്നു!

II

നടപ്പിലിരിക്കുന്ന വ്യവസ്ഥയെ സയൻസുകാർ നീതീകരിക്കുന്നതു്.

നമ്മുടെ ആളുകൾക്കു് ഇങ്ങനെ അത്ഭുതകരമായ ഒരു അന്ധത വരുന്നതിനു് ഒരൊറ്റ കാരണമേ പറയാനുള്ളു. അതായതു് നീചമായ രീതിയിൽ ജീവിതം നയിക്കുന്ന ക്രൂരർ, തങ്ങളുടെ ഉന്നതപദവികളെ ഉന്നതപദവികളല്ലെന്നും അവരുടെ ശക്തിയിൽപ്പെടാത്തവയും നീക്കുപോക്കില്ലാത്തവയും ആയ ചില സുസ്ഥിരനിയമങ്ങളുടെ ഫലങ്ങൾ മാത്ര

മാണു് വേലക്കാരുടെ കഷ്ടതകളെന്നും പ്രഖ്യാപിക്കുന്നു ഒരു ജീവിതതത്വശാസ്ത്രത്തെ കണ്ടുപിടിക്കുക എന്നുള്ളതു തന്നെ. ലോകത്തിൽ ചിലർ താഴ്ന്ന രീതിയിൽ ജീവിച്ചു കഷ്ടപ്പെട്ടു ജോലിചെയ്യുന്നു, മറ്റുചിലർ ഉന്നതപദവികളിൽ നല്ല ജീവിതസാമഗ്രികളെയെല്ലാം അനുഭവിച്ചു് സുഖിച്ചു മടിക്കയും ചെയ്യണമെന്നു് അപരിജ്ഞേയവും അലംഘ്യവുമായ ഈശ്വരവിധിയുണ്ടെന്നുള്ള തത്വമായിരുന്നു പഴയ കാലങ്ങളിൽ ഇങ്ങനെയുള്ള ഒരു ശാസ്ത്രമായി വിചാരിക്കപ്പെട്ടിരുന്നതു്.

ഈ കാര്യങ്ങളെക്കുറിച്ചു് അനവധി ഗ്രന്ഥസമൂഹങ്ങളും വളരെ വളരെ മതപ്രസംഗങ്ങളും മുമ്പിരുന്നവർ പ്രചരിപ്പിച്ചുവന്നു. നാനാഭാഗങ്ങളിൽനിന്നു, ഈ വിഷയത്തെ വിസ്തരിച്ചു പരിശോധിച്ചു. ഈശ്വരൻ വിവിധനിലകളിലാണു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നതെന്നു കാണിക്കപ്പെട്ടു. യജമാനന്മാരും അടിമകളും അവരവരുടെ സ്ഥിതികളെക്കുറിച്ചു സംതൃപ്തരായിരിക്കയേ തരമുള്ളൂ എന്നുള്ള ഉപദേശങ്ങളും പരസ്യപ്പെട്ടു. ഇതുകൊണ്ടെന്തുപോരാഞ്ഞിട്ടു്, അടിമകൾക്കു അടുത്ത ജന്മത്തിൽ വളരെ ആനന്ദമായിരിക്കുമെന്നുംകൂടി പ്രഖ്യാപിക്കപ്പെട്ടുവന്നു. അടിമകൾ അടിമകൾതന്നെയാണെങ്കിലും, അവർ അങ്ങനെതന്നെയിരിക്കേണ്ടതുതന്നെയെങ്കിലും അവരുടെ യജമാനന്മാർക്കു് അവരോടു കരുണയുണ്ടായിരുന്നാൽ അവരുടെ സ്ഥിതിക്കു ലവലേശം ചീത്തത്തമുണ്ടായിരിക്കയില്ലെന്നു പിന്നീടു തെളിയിക്കപ്പെട്ടു. ഒട്ടക്കം വേറൊരു പ്രമാണം പുറത്തിറങ്ങി. അതു് ധനമെല്ലാം ഈശ്വരൻ ധനികന്മാർക്കായിട്ടു കൊടുത്തിരിക്കയാണെന്നും, അവർ അതിലൊരംശം ദരിദ്രന്മാർക്കായി ഉപയോഗിച്ചാൽ മതിയെന്നും, തന്മൂലം കുറേപ്പേർ സമ്പന്നന്മാരും മറ്റുള്ളവർ സാധുക്കളും ആയിരിക്കുന്നതിൽ യാതൊരാക്ഷേപവുമില്ലെന്നും ഉള്ളതുതന്നെ. ഇതു അടിമത്തം അല്പാല്പം തീർന്നുതുടങ്ങിയപ്പോൾ പറഞ്ഞുവന്നതാണു്.

ഈ സമാധാനങ്ങളും ശാസ്ത്രങ്ങളുമെല്ലാം ധനികന്മാരെയും ദരിദ്രന്മാരെയും (പ്രത്യേകിച്ച് ധനികന്മാരെ) വളരെക്കാലത്തേയ്ക്ക് ഒരുവിധം തൃപ്തിപ്പെടുത്തിയിരുന്നു. എന്നാൽ ക്രമേണ തങ്ങളുടെ അവസ്ഥ മുഴുവൻ മനസ്സിലാക്കിത്തുടങ്ങിയ സാധുക്കൾക്ക് വിശേഷിച്ചും ഈ പ്രമാണങ്ങളൊന്നും തൃപ്തികരങ്ങളല്ലാതെ ആയ കാലം വന്നു. അതിനാൽ ഉടൻ പുതിയ പ്രമാണങ്ങൾ ഉണ്ടാക്കേണ്ടിവന്നു. പെട്ടെന്നതന്നെ യഥാകാലം അതെല്ലാം ഉണ്ടാക്കുകയും ചെയ്തു! ഈ പുതിയ പ്രമാണങ്ങളെല്ലാം സയൻസെന്ന പേരിലാണ് ആവിർഭവിച്ചതു്. അതായതു് രാഷ്ട്രീയധനശാസ്ത്രം (Political Economy); ഓരോരുത്തർക്കും അവരവരുടെ ജോലികളെ വീതിച്ചും, അവരുടെ വേലയുടെ ഫലങ്ങളെ എല്ലാവർക്കും യഥായോഗ്യം വിതരണംചെയ്തും ശരിപ്പെടുത്തുന്ന വിഷയത്തിൽ ആവശ്യപ്പെട്ട നിയമങ്ങളെല്ലാം ധനശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചതായി ഘോഷിക്കപ്പെടുന്നു! ധനശാസ്ത്രസംബന്ധമായ ഈ നിയമങ്ങളിൽ കാണപ്പെടുന്ന ചില വാക്കുകളാണു് ഇതാ! താഴെപ്പറയുന്നതു്—

"വേലകളുടെ വിഭജനവും (Division of Labour) തൽഫലങ്ങളുടെ അനുഭവവും മൂലധനം (Capital), വാടക അഥവാ പാട്ടം (Rent), വേലക്കൂലി (Wages), വില (Value), ആദായം (Profits), ലഭ്യതയും ആവശ്യകതയും (Supply and Demand) എന്നീ സംഗതികളെ അപേക്ഷിച്ചാണിരിക്കുന്നതു്."

അതായതു്, പൊതുവെ നോക്കിയാൽ, മനുഷ്യന്റെ സാമ്പത്തികപരിശ്രമങ്ങളെ നിയന്ത്രിക്കുന്നതു് നീക്കുപോക്കില്ലാത്ത ചില സുസ്ഥിരനിയമങ്ങളാണുപോലും!

കുറേപ്പേർ അന്യന്മാരെ അടിമകളാക്കി വെയ്ക്കുണമെന്നാണു് ഈശ്വരനിശ്ചയമെന്നുള്ള പ്രമാണം വളരെക്കാലത്തേയ്ക്ക് ജനങ്ങളെ സമാധാനപ്പെടുത്തിയിരുന്നു. എ

ന്നാൽ ഈ പ്രമാണം ക്രൂരതയെ നീതീകരിച്ചതുകൊണ്ടു പ്രതിഷേധത്തെ വർദ്ധിപ്പിക്കയും, അതിന്റെ പരമാർത്ഥതയെപ്പറ്റി ബലമായ സംശയം ജനഹൃദയങ്ങളിൽ ഉദിപ്പിക്കത്തക്കവണ്ണം ഒഷ്ടത അത്രമാത്രം കഠിനമായിത്തീരുകയും ചെയ്തു

അങ്ങനെതന്നെയാണു് ഇപ്പോഴത്തെ സമാധാനവും. "അപ്രതിരോധ്യങ്ങളായ ചില നിയമങ്ങളനുസരിച്ചു് സാമ്പത്തികപരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു, തൽഫലമായി ചില ക്ലാസ്സുകളെ സംരക്ഷിക്കയും, മറവുള്ളവർ ഈ സ്വത്തിനെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആജീവനാന്തം പണിയെടുത്തുകൊള്ളുകയും വേണം; ഇതൊടൊന്നിച്ചു് മൂലധനം, യന്ത്രസമൂഹം, ഭൂമികർം മുതലായ ധനസമ്പാദനമാർഗ്ഗങ്ങളെ പൊതുസാമുദായികസ്വത്താക്കുവാൻ ഇടവരും — അതായതു് സമ്പാദ്യത്തിനുള്ള വഴികളെയെല്ലാം സകലമാനപേരും ഒരുപോലെ പങ്കിട്ടെടുക്കത്തക്കവിധത്തിലാകും എന്നുള്ള വാദത്തെത്തെ അടിസ്ഥാനപ്പെടുത്തി ജനങ്ങൾ അതിനു തയ്യാറായിക്കൊള്ളണം." ഈവിധമുള്ള ഇപ്പോഴത്തെ പ്രമാണങ്ങൾതന്നെ ചില ജനങ്ങളെ അന്യന്മാരോടു നിഷ്ഠുരമായി പെരുമാറത്തക്കവണ്ണം കഠിനഹൃദയരാക്കുകമൂലം — പ്രത്യേകിച്ചു് പുതിയ സമ്പൽസുകൊണ്ടു മോഹിക്കപ്പെടാത്ത സാധാരണ ജനങ്ങളുടെയിടയിൽ — അവ വളരെ സംശയാധീനങ്ങളായിത്തിന്നിരിക്കുന്നു.

III

യന്ത്രപ്പണിശാല (Factory) യിലെ നടപ്പ്.

പണിക്കാരുടെ ശോച്യാവസ്ഥയ്ക്കു കാരണം ധനികന്മാർ സമ്പാദ്യമാക്കിയിട്ടുള്ള (Means of Production) കൈക്കലാക്കിവെച്ചിരിക്കുന്നു എന്നുള്ളതല്ല. ഈ ക്രൂലിവേലക്കാരെ അവരുടെ നാട്ടുമ്പുറങ്ങളിലുള്ള ഗ്രാമങ്ങളിൽനിന്നു ഓടിച്ചതു യാതൊന്നോ അതിലാണു യഥാർത്ഥ കാരണം കിടക്കുന്നതു്. ആദ്യമായി നമുക്കാലോചിക്കേണ്ട വിഷയമതാണു്. രണ്ടാമതായിട്ടു നോക്കാനുള്ളതു് ഈ പണിക്കാരെ അടിമത്തത്തിൽനിന്നു എങ്ങനെ രക്ഷപ്പെടുത്താമെന്നതന്നെ. ഈ ക്രൂട്ടർക്കു സ്വാതന്ത്ര്യം കൊടുക്കാനിടവരുമെന്നു സയൻസു് പറയുന്ന ആ വിദൂരഭാവിയിൽതന്നെ, അവർക്കു സ്വാതന്ത്ര്യത്തെക്കൊടുക്കാൻ ആക്കെക്കിലും സാധിക്കുമെങ്കിൽ അതു് ജോലിസ്സമയം കുറയ്ക്കുന്നതുകൊണ്ടോ, ശമ്പളം അല്പം കൂട്ടുന്നതുകൊണ്ടോ, ധനാഗമമാർഗ്ഗങ്ങളെല്ലാം പൊതുസ്വാമുദായികസ്വത്താക്കുന്നതുകൊണ്ടോ സാധിക്കാവുന്നതല്ല.

ഇതൊന്നും അവരുടെ കഷ്ടാവസ്ഥിതിയെ അണുവും നന്നാക്കുകയില്ല. ദീവണ്ടിപ്പാതകളിലോ പട്ടാളവേലസ്ഥലങ്ങളിലോ, പിന്നെ ഏതു യന്ത്രശാലകളിലുമോ, വർക്ക്ഷാപ്പു (പണിപ്പുര)കളിലോ എവിടെയായാലും ക്രൂലിവേലക്കാരുടെ ഈ സങ്കടാവസ്ഥ, പണിഎടുക്കുന്ന കാലം കൂട്ടുകയോ കുറയുകയോ ചെയ്യുന്നതുകൊണ്ടോ, (കൃഷിത്തൊഴിലുകാർ പലപ്പോഴും ദിവസം 18 മണിക്കൂർ വേലചെയ്യുകയും, ഇടവിടാതെ 36 മണിക്കൂർനേരം മുടങ്ങാതെ പണി എടുക്കുകയും, എന്നിട്ടും സൗഭാഗ്യവാന്മാരായിരിക്കയുചെയ്യുന്നുണ്ടു്) ശമ്പളക്കുറവുകൊണ്ടോ റയിൽപാതകളും യന്ത്രശാലകളും അവരുടെ സ്വന്തസ്വത്തല്ലെന്നുള്ള വസ്തുതകൊ

ണ്ടോ ഒന്നുമല്ല ഉണ്ടായിരിക്കുന്നതു്. പിന്നെയോ, ദ്രോഹകരവും പ്രകൃതിവിരുദ്ധവും പലപ്പോഴും ആപൽക്കരവും ജീവഹാനിഹേതുകവുമായ പരിതഃസ്ഥിതികളിൽ കിടന്നു പണിയെടുക്കുവാനും, ഉന്നതത്തെയും ഉരാകർഷണങ്ങളുംനിറഞ്ഞ പട്ടണങ്ങളിൽ വൃത്തികെട്ട കുടിലുകളിൽപ്പോയി കിടന്നു് ജീവനെ നശിപ്പിക്കാനും, അന്യന്മാരുടെ കല്പനകളനുസരിച്ചു നിർബന്ധിക്കപ്പെട്ട വേലചെയ്യാനും അവർ പ്രേരിതരാകുന്നു എന്ന ഒരു സംഗതികൊണ്ടു മാത്രമാണു്.

ഈയിടെയായി ജോലിസ്സമയം കുറയ്ക്കുകയും, വേലക്രമത്തിയുടെ നിരക്കു വർദ്ധിക്കയും ചെയ്തിട്ടുണ്ടു്; പക്ഷെ ഈ വേലസ്സമയക്കുറവും, ക്രമത്തിക്രമപ്പെടുത്തലും കൊണ്ടു് വേലക്കാർക്കു യാതൊരു സ്ഥിതിഭേദവും വന്നിട്ടില്ല. ക്രമത്തിപ്പണിക്കാരുടെ വാസ്തുകം, ചായ്പുകം, പുകയില, മദ്യങ്ങൾ, മാംസാഹാരം ഇതൊക്കെ നോക്കുന്നതുകൊണ്ടു് ഈ വാസ്തവം പ്രത്യക്ഷപ്പെടുകയില്ല. അവരുടെ യഥാർത്ഥമായ ഐശ്വര്യം—അവരുടെ ശരീരസുഖം, സാന്മാർഗ്ഗികരീതി, സർവ്വപ്രധാനമായി അവരുടെ സ്വാതന്ത്ര്യം—ഇതെല്ലാമാണു് ഇതിലേക്കു പരിശോധിക്കേണ്ടതു്.

എല്ലായിടത്തും പണിസ്സമയക്കുറവും, വേലക്രമത്തിക്രമപ്പെടുത്തലും കാണുന്നുണ്ടു്. എന്നിട്ടും വേലക്കാരുടെ ശാരീരികാരോഗ്യം നാട്ടുമ്പുറങ്ങളിലെ പണിക്കാർക്കുള്ളതിനെക്കാൾ വളരെ മോശമായും, അവരുടെ ആയുസ്സു് ശരാശരിക്കു വളരെ കുറഞ്ഞും അവരുടെ സാന്മാർഗ്ഗികസ്ഥിതികൾ തുലോം താഴ്ന്നും ഇരിക്കുന്നു. സാന്മാർഗ്ഗികഗുണങ്ങളെ പ്രദാനംചെയ്യുന്ന പരിതഃസ്ഥിതികളിൽനിന്നും അവർ വളരെയകലെയാണിരിക്കുന്നതു്. അവരുടെ ധാർമ്മികജീവിതത്തെ നന്നാക്കുന്നതരത്തിലുള്ള ഗൃഹജീവിതവും, സ്വാതന്ത്ര്യവും, സുഖപ്രദവും നാനാതരത്തിലുള്ളതും ആയ കാർഷികവൃത്തിയും അവക്കില്ല.

ചില ധനശാസ്ത്രവിദഗ്ധന്മാർ പറയുന്നതുപോലെ, ജോലിസമയം കുറയുന്നതുകൊണ്ടും, ശമ്പളം കൂട്ടുന്നതുകൊണ്ടും, യന്ത്രശാലകളിലും പണിസ്ഥലങ്ങളിലും ശരീരസൌഖ്യപ്രദങ്ങളായ സ്ഥിതിഗതികളെ വർദ്ധിപ്പിക്കുന്നതുകൊണ്ടും, ഈ ക്രൂരവേലക്കാർക്ക് അവരുടെ പഴയനിലയെ അപേക്ഷിച്ചു കൂടുതൽ ശരീരാരോഗ്യവും, ധാർമ്മികഗുണങ്ങളും ഉണ്ടാകുമായിരിക്കുമെന്നുള്ളതു് പക്ഷേ വാസ്തവമായിരിക്കാം. അടുത്തകാലത്തു ചില സ്ഥലങ്ങളിൽ യന്ത്രശാലപ്പണിക്കാരുടെ ബാഹ്യസ്ഥിതികൾ നാട്ടുപുറങ്ങളിലെ ജനങ്ങളുടെ സ്ഥിതിയെക്കാൾ കുറെ നല്ലതായി ഇരിക്കയും ചെയ്തേക്കാം. എന്നാൽ ഇതു് സയൻസിന്റെ ശാസനകളെ പൂർണ്ണമായി ബഹുമാനിച്ചു് ഗവർമ്മെൻറും ജനസമുദായവും ഒന്നുചേർന്നു നാട്ടുപുറങ്ങളിലെ ജനങ്ങളെ സങ്കടപ്പെടുത്തി ദ്രോഹിച്ചു്, സൌകര്യങ്ങളുണ്ടാക്കുന്ന യന്ത്രത്തൊഴിലാളികളുടെ സ്ഥിതി നന്നാക്കുന്നതുകൊണ്ടുമാത്രം ചിലടിക്കിൽ അങ്ങിനെയിരിക്കുന്നതാണു്.

യന്ത്രപ്പണിക്കാരുടെ ബാഹ്യാവസ്ഥയുള്ള ചില സ്ഥലങ്ങളിൽ അവരുടെ സ്ഥിതി നാട്ടുപുറങ്ങളിലെ വേലക്കാരുടെ സ്ഥിതിയെക്കാൾ അല്പം നന്നായിരിക്കുന്നുവെങ്കിൽ അതു കൊണ്ടു് ഒന്നുമാത്രമേ വരുന്നുള്ളൂ. അതായതു് — വളരെ മനോഹരമായ പരിതഃസ്ഥിതികളിൽപോലും പല കൃത്രിമനിബന്ധനകൾമൂലം ജീവിതത്തിനെ ക്ലേശഭൂയിഷ്ഠമാക്കിത്തീർക്കാൻ മനുഷ്യനു സാധിക്കുമെന്നും, എത്രമാത്രം പ്രകൃതിവിരുദ്ധവും ദുഷ്ടവും ആയാലും കുറെ തലമുറകൾ കഴിയുമ്പൊഴെയ്ക്കെങ്കിലും ജനങ്ങൾക്കു പരിചയപ്പെട്ട സഹിക്കാൻകഴിയാത്തവണ്ണം യാതൊരു സ്ഥിതിയും ഇല്ലെന്നുംമാത്രമാണു്.

യന്ത്രശാലപ്പണിക്കാർക്കു്, പ്രത്യേകിച്ചു് പട്ടണവേലക്കാർക്കു് കഷ്ടതയെ ഉണ്ടാക്കുന്നതു് ജോലിസ്സമയത്തിന്റെ

ആധിക്യമൊ, ശമ്പളത്തിന്റെ കുറവൊ അല്ല. പിന്നെയോ പ്രകൃതിയുമായി അടുത്തു്, പ്രകൃതിസിദ്ധമായ സ്ഥിതികളിൽ പാക്കാനുള്ള സൌകര്യങ്ങളും ഇല്ലാതെ, സ്വാതന്ത്ര്യം നശിച്ചു് പരേച്ഛ അനുസരിച്ചു നിർബ്ബന്ധിതരായി ഒരേവേല തന്നെ എപ്പോഴും ചെയ്യുന്നതിനു അവർ ബാധ്യസ്ഥരായി തീരുന്നതുകൊണ്ടുമാത്രമാണു്. അതിനാൽ യന്ത്രശാലപ്പണിക്കാരും പട്ടണങ്ങളിലെ വേലക്കാരും വലിയ നികൃഷ്ട സ്ഥിതി ഉണ്ടായിരിക്കുന്നതിന്റെ കാരണം എന്തെന്നും, അവരുടെ ഈ സ്ഥിതിയെ നന്നാക്കുന്നതെങ്ങിനെയെന്നും ഉള്ള ചോദ്യങ്ങൾക്കു താഴെവിവരിക്കുന്ന ഒരുത്തരമേ പറയാനുള്ളൂ. അല്ലാതെ, ധനപ്രമാണികൾ ധനസമ്പാദനമാർഗ്ഗങ്ങളെ കയ്യൂലാക്കിവെച്ചിരിക്കുന്നതോ വേലസ്സമയത്തിന്റെ കൂട്ടുതൽ, ശമ്പളത്തിന്റെ കുറവു്, ധനാഗമമാർഗ്ഗങ്ങൾ പൊതുസാമുദായികമല്ലാതിരിക്കുക എന്നുള്ള മറ്റു സംഗതികളോ ശരിയായ കാരണമല്ല. ഈ സംഗതികളെ നന്നാക്കുന്നതുകൊണ്ടുമാത്രം അവരുടെ ദുരവസ്ഥ നീങ്ങുന്നതുമല്ലാ.

പ്രകൃതിയുമായി യോജിച്ചു് പ്രകൃതി—നിയമങ്ങൾക്കനുസൃതമായി ജീവിപ്പാനുള്ള സൌകര്യങ്ങളെ ഉപേക്ഷിച്ചു്, ഈ യന്ത്രശാലാനരകങ്ങളിൽ ചെന്നുചാടുവാൻ തൊഴിലാളികൾ പ്രേരിപ്പിക്കപ്പെടുകയും, നാട്ടുമ്പുറങ്ങളിലെ സ്വതന്ത്രമായ സുഖജീവിതത്തെ ഉപേക്ഷിക്കയും, യന്ത്രശാലകളിലെ അടിമത്തത്തെ സ്വീകരിക്കയുംചെയ്യേണ്ട ആവശ്യത്തിൽനിന്നു അവരെ രക്ഷിപ്പാനുള്ള മാർഗ്ഗങ്ങളെ ചൂണ്ടിക്കാണിക്കുന്നതായിരിക്കണം ഈ ചോദ്യങ്ങളുടെ മറുപടി.

തന്മൂലം പട്ടണനിവാസികളായ വേലക്കാർ എന്തുകൊണ്ടു കഷ്ടതയിൽ നിമഗ്നരായിരിക്കുന്നു എന്ന ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങൾ ഇത്രമാത്രമാണു :—

ഒന്നാമതായിട്ടു, അവരും അവരുടെ പൂർവ്വീകന്മാരും

സുഖമായി ജീവിച്ചുവന്നതും, പക്ഷേ മേലും ജീവിച്ചു വരുമായിരുന്നതും അതായ നാട്ടുമുറകളിലെ ഗ്രാമങ്ങളിൽനിന്നും അവർ എന്തുകൊണ്ടു ഓടിക്കപ്പെട്ടു എന്നുള്ളതു്; പിന്നീടു്, റഷ്യാരാജ്യത്തിലെപ്പോലെ ഈ കൃഷ്ടർ നാട്ടുമുറകളിൽ തന്നെ താമസിക്കാതെയിരിക്കുന്നതും, അവർ അവരുടെ ഇഷ്ടത്തിനു വിപരീതമായി യന്ത്രശാലകളിലേക്കും, പണിപ്പുരകളിലേക്കും ഓടിക്കപ്പെട്ടതും, ഓടിക്കപ്പെടുന്നതും എന്തു കാരണത്താലാണെന്നുള്ളതു്.

ഇംഗ്ലണ്ടു്, ബൽജിയം, ജർമ്മനി ഈ രാജ്യങ്ങളിൽ കൃലിവേലക്കാർ വളരെ തലമുറകളായി യന്ത്രപ്പണിശാലകളിൽതന്നെ പണിഎടുത്തു പാർത്തുവരുന്നു. ഇതിന്റെ കാരണം എന്തായാലും അതു് അവരുടെ സ്വതന്ത്രമായ സ്വേച്ഛ അനുസരിച്ചല്ലെന്നുള്ളതു നിശ്ചയം. പിന്നെയോ, അവരുടെ പിതൃപിതാമഹപ്രവൃത്തികളും ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന കാഷികവൃത്തിയെവിട്ടു്, കഠിനമാണെന്നു അവർക്കുതന്നെ ബോധ്യമുണ്ടായിരുന്ന യന്ത്രശാലകളിലും നഗരങ്ങളിലും ഉള്ള പണിചെയ്യുവാൻ ചില മാർഗ്ഗങ്ങളാൽ നിർബ്ബന്ധിതരായതുകൊണ്ടു അതാണു്. കാറൽമാർക്സ്സു് (Carl Marx) പറയുന്നതു നോക്കുക:—

"ആദ്യം ഉൾനാട്ടുജനങ്ങളായ ഇവരുടെ നിലം പുരയിടങ്ങൾ അശേഷവും മറ്റു ചിലരുടെ അക്രമപ്രവൃത്തിമൂലം അന്യാധീനപ്പെട്ടുപോയി; അവർ അവിടെനിന്നും തുരത്തപ്പെട്ടിട്ടു് ഗതിയില്ലാതെ തെണ്ടിത്തിരിഞ്ഞു നടക്കേണ്ടതായി വന്നകൂടി. പിന്നീടു നിഷ്ഠുരനിയമശാസനങ്ങൾ അനുസരിച്ചു് കൊടിലുകളും, ചുട്ടുപഴുപ്പിച്ച ഇരുമ്പുകളുംമറ്റും കൊണ്ടു ബന്ധിക്കപ്പെട്ടും, മർദ്ദിക്കപ്പെട്ടും കൃലിപ്പണിക്കു പോകുന്നതിനുവിധത്തിൽ അവർ പ്രേരിക്കപ്പെട്ടു കീഴ്വഴങ്ങുകയുംചെയ്തു."

തന്മൂലം തൊഴിലാളികളെ അവരുടെ കഷ്ടനിലയിൽ നിന്നും ഉദ്ധരിക്കേണ്ടതെങ്ങിനെയാണെന്നുള്ള ചോദ്യത്തിൽ പ്രസക്തമാകുന്ന ആലോചന, ഇവരിൽ പലരെയും ഇങ്ങിനെ ഓടിച്ചതും, മറ്റുവളരെ ജനങ്ങളെ ഇങ്ങിനെ ഓടിച്ചുവരുന്നതും, ഓടിക്കപ്പെടാൻ നിർബ്ബന്ധപ്പെട്ടുത്തിവരുന്നതും, അവർ നല്ലതെന്നവിചാരിച്ചുവന്ന അവരുടെ സ്ഥിതിയിൽ നിന്നു വിട്ടുപോകണമെന്നു ചിന്തിക്കത്തക്ക വേറൊരു പതനത്തിൽ അവരെ കൊണ്ടുചെന്നു ചാടിച്ചതും എന്തുകൊണ്ടാണെന്നുള്ളതുതന്നെ.

കൃഷീവലന്മാരെ അവരുടെ നാടുകളിലും വീടുകളിലും നിന്നു ഓടിച്ചുവിടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്നു സാമ്പത്തികശാസ്ത്രം പ്രകൃത്യാനുപ്രകൃതമായി സൂചിപ്പിക്കുന്നുണ്ടെങ്കിലും, ആ കാരണങ്ങളുടെ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചു് അതു ലവലേശം പരിശോധിച്ചിട്ടില്ല. നേരേമറിച്ചു്, യന്ത്രശാലകളിലും, വർക്ക്ഷാപ്പുകളിലും ഉള്ള തൊഴിലാളികളുടെ സ്ഥിതി പരിഹരണീയമല്ലെന്നും, ആ ശാലകളിൽ ഇപ്പോൾ ഉള്ളവരുടെയും, മേലാൽ ഗ്രാമങ്ങളെയും, കാഷികവൃത്തിയെയും വിട്ടു് അവിടെ ചെല്ലുന്നവരുടെയും ഉണത്തിനായിട്ടുതന്നെ ഈ സ്ഥിതിയെ എങ്ങിനെയെങ്കിലും അതേരീതിയിൽ പാലിക്കേണ്ടതാണെന്നും സങ്കല്പിച്ചുകൊണ്ടു് അത്തരം സ്ഥലങ്ങളിൽ വേലചെയ്യുന്ന സാധുക്കളുടെ അവസ്ഥയെ നന്നാക്കുന്നതിനു ശ്രമിക്കുക മാത്രമേ ഈ ശാസ്ത്രം ചെയ്യുന്നുള്ളൂ.

എന്നു മാത്രമല്ലാ, കാർഷികപ്രവൃത്തികളിലാണു് മനുഷ്യരുടെ സൗഭാഗ്യത്തിന്റെ പരമകാഷ്ഠ ഇരിക്കുന്നതെന്നു് ലോകത്തിലെ സകല മഹാന്മാരും, കവികുഞ്ജരന്മാരും അനവരതം വിളിച്ചുപറഞ്ഞിട്ടുണ്ടെങ്കിലും—സ്വഭാവം തുമ്പില്ലാതെയാകാതുള്ള വേലക്കാർ മറ്റു സകല തൊഴിൽകളെയും അപേക്ഷിച്ചു് കൃഷിജോലിയെയാണു് അധികം ഇഷ്ടപ്പെട്ട

വന്നതും, വരുന്നതും എങ്കിലും—യന്ത്രശാലപ്പണി സദാ ആരോഗ്യഭംഗകരവും, എപ്പൊഴും ഒരുപോലെയുള്ളതാകയാൽ മുഷിച്ചിലുണ്ടാക്കുന്നതും, കൃഷിത്തൊഴിൽ നേരെമറിച്ച് ആരോഗ്യപ്രദവും, പലരീതികളിലുള്ളതും ആണെങ്കിലും—കൃഷിപ്പണിക്കാരനു യഥേഷ്ടം ശ്രമവും, വിശ്രമവും നിവ്വഹിക്കത്തക്കവിധത്തിൽ അവന്റെജോലി എല്ലായ്പ്പോഴും സ്വതന്ത്രവും തൃപ്തികരവും, വേലക്കാരുടെ സ്വന്തം യന്ത്രശാലകളിൽതന്നെയായാലും, യന്ത്രപ്പണിക്കാരന്റെ ജോലി അസ്വതന്ത്രവും യന്ത്രാശ്രിതവും ആണെങ്കിലും—കാഷ്ടികവൃത്തി മനുഷ്യരുടെ പ്രഥമാവശ്യങ്ങളെ (ഭക്ഷണംകഴിക്കുക, മുണ്ടുടുക്കുക മുതലായതു) നിവ്വഹിക്കുന്നതും, യന്ത്രശാലപ്പണികൾക്കുപോലും പ്രധാനാധാരമായതും, യന്ത്രപുരകളിലെ ജോലി നേരേമറിച്ച് അധികം പ്രധാനങ്ങളല്ലാത്ത ദ്വിതീയാവശ്യങ്ങളെ (ആഡംബരങ്ങളും, വിനോദങ്ങളുംമറും) മാത്രം തൃപ്തിപ്പെടുത്തുന്നതും ആണെങ്കിലും—ഉൽനാട്ടുകളിലെ നാട്ടുകാർ പട്ടണങ്ങളിലെ ജോലിക്കു വരുന്നതുകൊണ്ട് അവക്കു യാതൊരു ദോഷവുമില്ലെന്നും, അവർ അതിനെ ആഗ്രഹിക്കയും, അതിനായി ബദ്ധപ്പെടുകയും ചെയ്യുകയാണെന്നും ഉൽഘോഷിക്കാൻ നമ്മുടെ ധനശാസ്ത്രത്തിനു ഒരു മടിയുംഇല്ല. കൃഷീവലന്മാരെല്ലാം നഗരങ്ങളിലെ യന്ത്രശാലകളിൽ വേലയ്ക്കു വരേണ്ടതു് അതിനാൽ അത്യാവശ്യമാണെന്നു അതു പ്രഖ്യാപനംചെയ്യുന്നു.

IV

യന്ത്രശാലകളിൽ ഇപ്പോൾ ഉണ്ടാക്കപ്പെടുന്ന സാമാനങ്ങൾതന്നെയാണു് അവിടെയും വേറെ സ്ഥലങ്ങളിലും എല്ലാം ഉണ്ടാക്കേണ്ടതെന്നും, വേലയെ ഓരോരുത്തർക്കും വീതിക്കുന്നക്രമം ഇപ്പോൾ നടപ്പിലിരിക്കുന്നതുതന്നെയാണു് നല്ലതെന്നും മറ്റുമാണു് ധനാഗമമാർഗ്ഗങ്ങളെ വേലക്കാരുടെ കൈവശത്തിലും ഉടമസ്ഥതയിലും വരുത്തണമെന്നു ആവശ്യപ്പെടുന്ന സമഷ്ടിവാദികൾ അല്ലെങ്കിൽ സമുദായ ഭരണപക്ഷക്കാർ (Socialists) ഉൾപ്പടെയുള്ള ആധുനിക ധനശാസ്ത്രവിദഗ്ദ്ധന്മാർപോലും വാദിക്കുന്നതു്. എന്നാൽ ഒരു വ്യത്യാസം ഇല്ലെന്നില്ല. ഭാവികാലങ്ങളിൽ സമ്പന്നന്മാർ മാത്രമല്ലാ, വേലക്കാരുൾപ്പടെ സകല ജനങ്ങളും ഇപ്പോൾ ധനികന്മാർക്കുള്ള സുഖസൌകര്യങ്ങളെ ഒരുപോലെ ആസ്വദിക്കുമെന്നുംകൂടി ഈ യോഗ്യന്മാർ ഉൽഘോഷിക്കുന്നു. ധനാഗമമാർഗ്ഗങ്ങളായ മൂലധനം, യന്ത്രങ്ങൾ, നിലംപുരയിടങ്ങൾ മുതലായവ സമുദായത്തിന്റെ പൊതുസ്വത്തായിത്തീരുമ്പോൾ സയൻസ്വിഷയങ്ങളിൽ പഠിച്ചു പരിചയിച്ച പണ്ഡിതന്മാരും, ഭരണകർത്താക്കന്മാർപോലും ജോലി ചെയ്യേണ്ടതുണ്ടെന്നും, അവക്കപ്പോൾ പ്രത്യേകിച്ചു് മാനേജരന്മാർ, എഞ്ജൻറന്മാർ, വ്യവസായശാസ്ത്രവിദഗ്ദ്ധന്മാർ, കലാപ്രവർത്തകന്മാർ എന്നിവരുടെ ജോലികൾ നിർവ്വഹിക്കാൻ സാധിക്കുമെന്നും മറ്റും അവ്യക്തമായി, നല്ല നിശ്ചയം പോരെന്നമട്ടിൽ, ഇവർ സങ്കല്പിച്ചു കണക്കാക്കുന്നു. തലയും മുഖവും മൂടിക്കൊണ്ടു് ഈയവെള്ള എടുക്കുന്നതും, രീക്രട്ടുന്നതും, ലോഹഖനികളിൽ ചാടി വേലചെയ്യുന്നതും, ഒട്ടകഴികളും ഗട്ടറുകളും എല്ലാം വൃത്തിയാക്കുന്നതും മറ്റും അന്നേരം ആരാണെന്നും മറ്റും അവരോടു ചോദിച്ചുനോക്കാം. അവർ മിണ്ടാതിരിക്കും. അല്ലെങ്കിൽ ഈവക വേലകളെല്ലാം ചെയ്യുന്നതു വളരെ ആനന്ദപ്രദമായിരിക്കാൻതക്ക വി

ധത്തിൽ മേലാൽ കഴികളും ഖനികളും അത്ര പരിഷ്കൃതങ്ങളായിരിക്കുമെന്നു ദീർഘദർശനം ചെയ്യുകളയുന്നു! ബല്ലാമി മുതലായ യുട്ടോപ്പിയാ (വെറും മനോരാജ്യരാജ്യങ്ങൾ) കളിലും, സയൻസ് ശാസ്ത്രങ്ങൾ അനുസരിച്ചു് പണിനടത്തുന്ന യന്ത്രശാലകളിലും മേലാൽ സംഭവിക്കാൻപോകുന്നതൊന്നുമല്ലാമെന്ന മുൻക്രട്ടി നിശ്ചയിക്കയാണു് അവരുടെ പതിവു്.

അവരുടെ പ്രമാണങ്ങൾ ഏകദേശം താഴെ പറയുന്നവയാണു്. ധനവും സാമാനങ്ങളും ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങളും, സ്ഥാവരജംഗമസ്വത്തുക്കളും എല്ലാം തൊഴിലാളികൾ ഉൾപ്പെടെയുള്ള സകലരുടേയും പൊതുകൈവശത്തിലും ഉടമസ്ഥതയിലും വരണം. അതുവരെ ക്രൂലിപ്പണിക്കാർ അവരുടെ സംഘങ്ങൾക്രൂടിയും, സഭകൾ സ്ഥാപിച്ചും അന്യോന്യം യോജിപ്പും രമ്യതയും ഉണ്ടാക്കണം. ഐക്യസംഘങ്ങളും (Unions), പണിമുടക്കങ്ങളും, പ്രജാസഭാപ്രവേശനവും എല്ലാം ഇതിലേയ്ക്കുതകുന്നതാണു്. പിന്നീടു തൊഴിലാളികൾക്കു നല്ലനല്ല ഭക്ഷണസാധനങ്ങളും, ഉടുക്കുന്നതിനു വിലയേറിയ ഉത്തമവസ്ത്രങ്ങളും, ഒഴിവുദിവസങ്ങളിൽ വിനോദങ്ങളും, ആഡംബരങ്ങളും അനുഭവിച്ചു് സുഖിക്കാൻ ഇടവരും. അപ്പോൾ നാട്ടുപുറങ്ങളിലെ സുഖപ്രദങ്ങളായ ചെടികളുടെയും, മൃഗങ്ങളുടെയും ഇടയ്ക്കുള്ള ഗ്രാമജീവിതത്തെക്കാൾ, ഇഷ്ടികകൊണ്ടു കെട്ടിയ വലിയ കെട്ടിടങ്ങളിൽ പുകച്ചിമ്മിനികളുടെ ഇടയിലുള്ള നഗരജീവിതത്തെ അവർ ഇഷ്ടപ്പെടും(?); പല സമ്പ്രദായങ്ങളിൽ ആരോഗ്യപ്രദവും, ദേഹസുഖകരവും ആയ സ്വതന്ത്രമായ കൃഷിപ്പണിയേക്കാൾ മണിക്കണക്കുവച്ചു് മുടങ്ങാതെകണ്ടുള്ള വ്യവസായജോലികളെ അവർ സ്വീകരിക്കയും ചെയ്യും(?)—ഇങ്ങനെയെല്ലാമാണു് ഈ യോഗ്യന്മാരുടെ ആലോചന!

ഈ ലോകത്തിൽ ഇപ്പോൾ ചെയ്യുന്ന നികൃഷ്ടവേലകൾക്കു ഫലമായി മേലാൽ പണിക്കാൾക്കു സ്വർഗ്ഗാനുഭൂതി

ഉണ്ടാകുമെന്നു് ഈശ്വരമതപ്രാസംഗികന്മാർ മുമ്പേ വിചാരിച്ചു് പ്രസ്താവിച്ചുവന്നിരുന്നല്ലൊ. അതുപോലെതന്നെ ഇപ്പോഴുള്ളവരുടെ ഈ അനുമാനങ്ങളും എല്ലാം വളരെ അസംഭവ്യമത്രെ എങ്കിലും തൊഴിലാളികൾക്കു് അടുത്ത ജന്മത്തിൽ സ്വർഗ്ഗപ്രാപ്തിയുണ്ടാകുമെന്നു പണ്ടു വിചാരിച്ചിരുന്ന കേമന്മാരെപ്പോലെതന്നെ ഇക്കാലത്തെ പണ്ഡിതന്മാരും, യോഗ്യന്മാരും ഈ അത്ഭുതകരങ്ങളായ ശാസനകളെ വൃഥാ കണ്ണുമടച്ചു വിശ്വസിച്ചുവരുന്നു.

സമ്പന്നന്മാരായ വലിയവരും അവരുടെ അനുചരന്മാരും ഇതൊക്കെ വിശ്വസിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അവർക്കു് അങ്ങിനെ വിശ്വസിക്കയേ നിവൃത്തിയുള്ളൂ. അവർ ഒരു ധർമ്മസങ്കടത്തിൽപെട്ടു വിഷമിക്കയാണു ചെയ്യുന്നതു്. ഒന്നുകിൽ അവർ അവരുടെ ജീവിതത്തിൽ ഉപയോഗിക്കുന്നവയും, അവരുടെ സമസ്തസുഖങ്ങളും സഹോദരങ്ങളും ആയ അനവധി മനുഷ്യജീവികളുടെ പ്രാണനെ ഹനിക്കുന്ന ജോലികളുടെ ഫലങ്ങളും, ആ വേലക്കാർക്കു യാതൊരു അനുഭവവും പ്രയോജനവും ഇല്ലാത്തവയും ആയ തീവണ്ടിമുതൽ സിഗറാറും തീപ്പെട്ടിയുംവരെയുള്ള സാധനങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടു് അവർ തീരെ ബഹുമാന്യരല്ലെന്നു് അവർതന്നെ സമ്മതിക്കേണ്ടിവരും അല്ലെങ്കിൽ അപരിഹാര്യങ്ങളായ സാമ്പത്തികശാസ്ത്രനിയമങ്ങളനുസരിച്ചു് ഇപ്പോഴും നടക്കുന്നതെല്ലാം പൊതുശ്രേയസ്സിനായിട്ടു് ഉള്ളതാണെന്നു സ്ഥാപിക്കണം. ഇതാ! ഇങ്ങിനെയാണു് അവരുടെ സങ്കടാവസ്ഥ. ഇതുകൊണ്ടുതന്നെയാണു് ബുദ്ധിയും പഠിപ്പും ഉണ്ടെങ്കിലും മനഃപരിശുദ്ധം യഥാർത്ഥമായിട്ടില്ലാത്ത ഈ സയൻസു് പണ്ഡിതന്മാരുടെ ഉള്ളിൽ ഒളിച്ചുകിടക്കുന്ന ചിന്തകൾ ഇങ്ങിനെയൊക്കെപ്പുറപ്പെടുന്നതിനു് അവരെ പ്രേരിപ്പിക്കുന്നതു്. തൊഴിലാളികൾ അവരുടെ ഐശ്വര്യത്തിനും, ശ്രേയസ്സി

നമായിട്ടുതന്നെ പ്രകൃതിസിദ്ധവും, ശരീരസുഖാരോഗ്യകരവും ആയ ജീവിതത്തെ ഉപേക്ഷിച്ചു് യന്ത്രശാലകളിലും വക്ക ഷാപ്പുകളിലും കിടന്നു ദേഹത്തെയും ദേഹിയെയും നശിപ്പിക്കണമെന്നുള്ള കള്ളമെല്ലാം ധൈര്യത്തോടും, ബലമായും അവർ പ്രസ്താവിക്കുന്നതും ഈ കാരണംകൊണ്ടുതന്നെയാണു്.

V

സമഷ്ടിവാദത്തിന്റെ അല്ലെങ്കിൽ സമുദായ ഭരണതത്ത്വത്തിന്റെ (Socialism) അടിസ്ഥാന രാഹിത്യം

സ്വാതന്ത്ര്യമായി കൈവേലകൾ ചെയ്തു് ഗ്രാമങ്ങളിൽ പാർക്കുന്നതിനെക്കാൾ ജനങ്ങൾക്കു് ഗുണകരമാണു് യന്ത്രശാലകളിൽ നിർബ്ബന്ധിക്കപ്പെട്ട യന്ത്രജോലികൾ ചെയ്തു നഗരങ്ങളിൽ പാർക്കുന്നതെന്നുള്ള പ്രസ്താവം പ്രത്യക്ഷത്തിൽ തന്നെ അടിസ്ഥാനരഹിതവും, മനുഷ്യസ്വഭാവത്തിനു വിരുദ്ധവും ആണു്. എങ്കിലും, വാദത്തിനു് വേണ്ടി ഈ പ്രസ്താവത്തിനെ നമുക്കു സമ്മതിച്ചുകൊടുക്കാം. എന്നാലും, ഈ സയൻസുകാരുടെ അഭിപ്രായപ്രകാരം സാമ്പത്തികപരിണാമങ്ങളുടെ ഫലമാണെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ ആദർശത്തിൽ തന്നെ അപരിജ്ഞേയമായ ഒരു പൂർവ്വാപരവിരുദ്ധതകിടപ്പുണ്ടു്. ഇവരുടെ പ്രമാണപ്രകാരം, തൊഴിലാളികൾ ധനസമ്പാദനമാർഗ്ഗങ്ങളെ സ്വാധീനപ്പെടുത്തി യജമാനന്മാരാകുമ്പോൾ അവർക്കു് ഇപ്പോഴത്തെ സമ്പന്നന്മാരെപ്പോലെയുള്ള ആഹ്ലാദങ്ങളും വിനോദങ്ങളും ഉണ്ടായിരിക്കുമെന്നും, അവക്കൊക്കെയും നല്ല നല്ല വസ്ത്രങ്ങളും വീടുകളും, ഭക്ഷണ സാമഗ്രികളും ലഭിക്കുമെന്നും, വിദ്യുച്ഛക്തിദീപങ്ങളാൽ പ്രകാശിക്കപ്പെടുന്ന ഭംഗിയേറിയ തെരുവുകളിൽക്കൂടി അവർ നടക്കയും, ധാരാളം നാടകശാലകളിലും, സദിരുക

ളിലും പോകയും, വത്തമാനക്കടലാസ്സുകളും, പുസ്തകങ്ങളും വായിക്കുകയും, മോട്ടോർകാറുകളിൽ സവാരിചെയ്യുയും മറവും ചെയ്യുമെന്നും ഘോഷിക്കപ്പെട്ടുന്ന അപ്പോൾ ഒരു കായ്യംകൂടി തീർച്ചപ്പെട്ടുത്തേണ്ടിവരും. അതായതു്, എല്ലാ ജനങ്ങൾക്കും ഒരുപോലെ ഉണ്ടായിരിക്കത്തക്കവണ്ണം ജീവിതസാധനങ്ങളെ എങ്ങിനെ വീതിക്കുമെന്നും, വേലക്കാർ അതെല്ലാം ഉണ്ടാക്കുന്നതിനു എത്ര സമയം പണിയെടുക്കേണ്ടിവരുമെന്നും മറവും തീർച്ചചെയ്യേണ്ടിവരുന്നു

ഇതൊക്കെ എങ്ങിനെയാണു് തീർച്ചപ്പെടുത്തുക?

മൂലധനം, അന്യോന്യമത്സരം, ആവശ്യകത ഈ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ജനങ്ങൾക്കു എന്തെല്ലാമാണാവശ്യമെന്നു കാണിക്കുന്ന കണക്കുകൾ (കൃത്യമല്ലെങ്കിലും) ഏകദേശം ശരിയായിട്ടുണ്ടു്. എന്നാൽ ജനങ്ങൾ എല്ലാപേരും സ്വതന്ത്രരും, ധനാഢ്യജനമാഗ്രങ്ങൾ മുഴുവനും സമുദായത്തിന്റെ പൊതുകൈവശത്തിലും ആയിട്ടുള്ള രാജ്യങ്ങളിൽ എന്തുമാത്രം സാമാനങ്ങൾ ആവശ്യമുണ്ടാകുമെന്നും, എന്തെല്ലാം സാധനങ്ങൾ വേണ്ടിവരുമെന്നും കാണിക്കുന്ന കണക്കുകൾ ഉണ്ടാക്കാൻ നിവൃത്തിയില്ല.

ഇങ്ങിനെയുള്ള ഒരു ജനവിഭാഗത്തിന്റെ ആവശ്യങ്ങളെ വിവരിക്കാൻ സാധിക്കയില്ല; ഒരിക്കലും തൃപ്തിപ്പെടുത്താൻ പാടില്ലാത്ത വിധത്തിൽ ഈ ആവശ്യങ്ങൾ അത്ര അധികമായിരിക്കാൻ വകയുണ്ടു്. വലിയ ധനികന്മാർക്കു് ഇപ്പോഴുള്ള സുഖസൌകര്യങ്ങളെല്ലാം തനിക്കും വേണ്ടതാണെന്നു ഓരോരുത്തനും ആശിക്കുമ്പോൾ ആ ജനസംഘത്തിനു് ആവശ്യമുള്ള സാധനങ്ങളുടെ തുക കണക്കാക്കിയെടുക്കുന്നതു തീരെ പ്രയാസമാണു്.

ഇതിനും പുറമേ, ചിലർ അത്യാവശ്യമെന്നും. മറവു ചിലർ അനാവശ്യവും, ഉപദ്രവകരവും എന്നും വിചാരിക്കു

ന്ന സാമഗ്രികളെ ഉണ്ടാക്കാൻ വേണ്ട ജോലി ചെയ്യുന്നതിനു് ജനങ്ങളെ ഉത്സാഹിപ്പിക്കുന്നതിനു് എന്താണു് നിവൃത്തി?

ഇനിയും, ഈ ജനാവലിയുടെ സകല ആവശ്യങ്ങളെയും നിർവ്വഹിക്കുന്നതിനു് അവരിൽ ഓരോരുത്തനും ദിവസം 6 മണിക്കൂർവീതം വേലചെയ്യേണ്ടിവരുമെന്നു തിട്ടപ്പെടുത്തി എന്നു വിചാരിക്കാം. അപ്പോൾ പൂർണ്ണസ്വാതന്ത്ര്യചൈതന്യത്തോടുകൂടിയ ആ ജനങ്ങളെ എല്ലാവരെയും കൊണ്ടു ദിവസം ആറുമണിക്കൂർവീതം പണിയെടുപ്പിക്കാൻ നിർബ്ബന്ധിക്കാനും; അനാവശ്യവും ആപൽക്കരവും ആണെന്നു് ഒരു മനുഷ്യൻ ദൃഢമായി വിശ്വസിക്കുന്ന സാധനങ്ങളെ അയാളെക്കൊണ്ടു് ഉണ്ടാക്കിക്കുന്നതിനും, അതിലേക്കു അവന്റെ സമയത്തെ ചെലവാക്കിക്കുന്നതിനും, അവനെക്കൊണ്ടു വേലചെയ്യിക്കാനും ആർക്കുകഴിയും?

ഇപ്പോഴത്തെ സ്ഥിതിയിൽ വലിയ കുഴപ്പമൊന്നും ഇല്ല. യന്ത്രസഹായംകൊണ്ടും, പ്രത്യേകിച്ചു ജോലികളെ വീതിക്കുന്നക്രമം അത്യുത്തമായ ഒരു സമ്പ്രദായത്തിൽ എത്തിച്ചു് വളരെ മനോഹരമാക്കിയിട്ടുള്ളതിനാലും, ചുരുങ്ങിയ പരിശ്രമംകൊണ്ടു വിവിധ സാമാനങ്ങൾ ഉണ്ടാക്കപ്പെടുന്നു. ഈ സാമാനങ്ങളൊക്കെയും യന്ത്രങ്ങളുടെ ഉടമസ്ഥന്മാർക്കും, മൂലധനനാഥന്മാർക്കും വളരെ ആദായകരങ്ങളും, നമുക്കുപയോഗിപ്പാൻ നല്ല സുഖസൗകര്യങ്ങളും, സന്തോഷവും തരുന്നവയും ആണെന്നുള്ളതും ആക്ഷേപരഹിതംതന്നെ എന്നാൽ ഈ സാധനങ്ങളെല്ലാം ഇപ്പോൾ ഭംഗിയായി ഉണ്ടാക്കപ്പെടുകയും, കുറച്ചു ദേഹശക്തിയുപയോഗിച്ചു സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നുവെന്നും, അവ മൂലധനനാഥന്മാർക്കു് ആദായപ്രദവും, നമുക്കു സൌകര്യകരവും ആണെന്നുമുള്ളതുകൊണ്ടുമാത്രം, സ്വതന്ത്രരായ ജനങ്ങൾ നിർബ്ബന്ധിക്കപ്പെടാതെ ഈവക സാമാനങ്ങളെ

തന്നെത്താൻ ഉണ്ടാക്കിക്കൊള്ളുമെന്നു ഊഹിപ്പാൻ നിവൃത്തിയില്ല. ഇപ്പോഴത്തെ വേലകൾ വീതിക്കുന്ന സമ്പ്രദായം കൊണ്ടു് ക്രപ്പ് എന്ന മഹാൻ വിശേഷപ്പെട്ട തോക്കുകൾ ക്ഷണത്തിലും, ഭംഗിയായും ഉണ്ടാക്കുന്നുണ്ടെന്നുള്ളതു് സംശയരഹിതമാണു്; വേറെ രണ്ടുപേർ വളരെ വേഗത്തിലും, രസമായും പട്ടുസാമഗ്രികൾ ഉണ്ടാക്കുന്നു. മറ്റു ചില മാന്യന്മാർ വസ്ത്രോദ്ധാരണോപയുക്തങ്ങളായ സുഗന്ധദ്രവ്യങ്ങളും, മുഖത്തിടുവാനുള്ള മിനുക്കുപൊടികളും, സ്ഫടികതേജസ്സുള്ള ശീട്ടുകളും, ഇനിയും വേറൊരുത്തൻ വിശേഷസ്വാദുള്ള മദ്യങ്ങളും മറ്റും സൃഷ്ടിക്കുന്നു ഈ സാമാനങ്ങൾ ആവശ്യമുള്ളവർക്കും, അവയെ ഉണ്ടാക്കുന്ന യന്ത്രശാലകളുടെ ഉടമസ്ഥന്മാർക്കും ഇതെല്ലാം വളരെ ഫലപ്രദം തന്നെയാണു്; സംശയമില്ല. എന്നാൽ പീരങ്കിതോക്കുകൾ ചൈനായുടെ കച്ചവടത്തെ കൈവശപ്പെടുത്താനും, സുഗന്ധദ്രവ്യങ്ങൾ മുഖത്തിനെയും ദേഹത്തിനെയും അലങ്കരിക്കാനും മദ്യങ്ങൾ പാനംചെയ്യാനും മോഹിക്കുന്ന ക്രൂട്ടർക്കുമാത്രമേ അവ ആവശ്യമുള്ളൂ. ഈ സാമാനങ്ങളെ ഉണ്ടാക്കിവിടുന്നതുതന്നെ പാപമാണെന്നു വിചാരിക്കുന്നവർ ചിലർ ഉണ്ടായിരിക്കും ഇവ മാത്രമല്ലാ, പ്രദർശനങ്ങളും, മാട്ടിറച്ചിയും, ലഹരിയുള്ള പാനീയങ്ങളും, വലിയ കലാലയങ്ങളും തന്നെ ആവശ്യമില്ലെന്നുപറയുന്നക്രൂട്ടർ എല്ലാക്കാലങ്ങളിലും ചിലർ ഉണ്ടായിരിക്കും. അങ്ങിനെയുള്ളവരെക്കൊണ്ടു് ഈമാതിരി സാമാനങ്ങളുണ്ടാക്കാൻ വേലചെയ്യിക്കുന്നതെങ്ങിനെയാണു്?

ചില സാമാനങ്ങൾ ഉണ്ടാക്കുന്നതിനു് സകലരെയും സമ്മതിപ്പിക്കാനുള്ള വഴികളുണ്ടെന്നു വിചാരിക്കാൻ സാധിച്ചേക്കാം. (പക്ഷേ മട്ടനബലമല്ലാതെ അതിനു വേറെ മാർഗ്ഗമൊന്നുമില്ല; ഉണ്ടാകുന്നതുമല്ല) എന്നാലും ധാരാളം മൂലധനംമുടക്കി വേലചെയ്യിക്കുന്നതിനും, മത്സരങ്ങൾക്കും,

ആവശ്യകത, ലഭ്യത മുതലായതിനും ഇടയില്ലാതിരുന്നാൽ, ഏതു സാമാനങ്ങളാണു് മുമ്പുണ്ടാക്കേണ്ടതെന്നും, അധികം ആവശ്യമുള്ളതെന്നും ആ ജനവിഭാഗത്തിൽ ആരാണു് നിർണ്ണയിക്കാൻ? ആദ്യം ഉണ്ടാക്കേണ്ടതെന്തെല്ലാം? പിന്നീടുണ്ടാക്കേണ്ടതെന്തെല്ലാം? സൈബീരിയാ റയിൽപാതകൾ നന്നാക്കിയും, പോർട്ട് ആത്തർ എന്ന തുറമുഖത്തു് കോട്ടകൾ കെട്ടിയുറപ്പിച്ചും കഴിഞ്ഞതിനുമേൽ, നമ്മുടെ നാട്ടുപുറങ്ങളിലെ റോഡുകളിൽ മെറ്റലിട്ടു നന്നാക്കിയാൽ മതിയൊ? അതോ ഈ മെറ്റൽ ഇട്ടുക മുമ്പേ നടത്തണമോ? വൈദ്യുതദീപമൊ മുമ്പേ ഏർപ്പെട്ടുത്തേണ്ടതു്? അതോ നിലങ്ങളിൽ വെള്ളം നനയ്ക്കുകയോ? ഇതിനും പുറമേ സ്വാതന്ത്ര്യമുള്ള വേലക്കാരുടെ ഇടയിൽ ഉദിക്കുന്ന കുഴപ്പാതീതമായ വേറൊരു ചോദ്യവരും:—ആരെല്ലാം എന്തെല്ലാം ജോലികളാണു് ചെയ്യേണ്ടതു്? തുറന്നു പറയുകയാണെങ്കിൽ സകലരുംകൂടി വൈക്കോൽ ഉണക്കുന്നതിനോ, തീ കൂട്ടുന്നതിനൊ, ഗട്ടർ വൃത്തിയാക്കുന്നതിനൊ ഒന്നിച്ചു പുറപ്പെട്ടേയ്ക്കും. വേലകൾ വീതിച്ചുകൊടുക്കുന്ന കാര്യത്തിൽ ജനങ്ങളെ സമ്മതിപ്പിക്കുന്നതെങ്ങിനെയാണു്?

ഈ ചോദ്യങ്ങളുടെ ഉത്തരം കാണിക്കുന്ന കണക്കുകൾ ഉണ്ടാക്കാൻ നിവൃത്തിയില്ല. ഇതിനെല്ലാം സങ്കല്പപഥത്തിൽ മാത്രമേ ഉത്തരമുണ്ടാവാൻ തരമുള്ളൂ. ഈവക കാര്യങ്ങൾ ശരിപ്പെടുത്തുന്നതിനു കൂടിയേപ്പേക്കു അധികാരം കൊടുക്കാമെന്നു പക്ഷേ പറയുമായിരിക്കും കൂടിയേപ്പേർ ഇതെല്ലാം നിശ്ചയിക്കയും മറവുള്ളവർ അവരുടെ തീരുമാനങ്ങളെ ഒന്നുംമിണ്ടാതെ അനുസരിക്കയും ചെയ്യുമെന്നും പറയപ്പെട്ടേയ്ക്കാം!

എന്നാൽ തൊഴിലുകളെ വീതിക്കയും, സാമാനങ്ങളെ ഉണ്ടാക്കുകയും തിരഞ്ഞെടുക്കയും ചെയ്യുന്ന വിഷയത്തിലുള്ള ഈ ചോദ്യങ്ങൾക്കുപുറമേ, ധനാഗമമാർഗ്ഗങ്ങളെല്ലാം സാമൂ

ദായികനിയന്ത്രണത്തിൽ കൊണ്ടുവരുമ്പോൾ അതിപ്രധാനമായ വേറൊരു കുഴപ്പവും ഉണ്ടാകും. അതു സാമുദായികമായി ഏല്പിച്ചുകൊടുത്തപ്പെട്ട ഒരുജനവിഭാഗത്തിൽ ജോലികളെ വീതിക്കുന്നതിന്റെ രീതിയെക്കുറിച്ചുതന്നെയാണു്. ഇപ്പോൾ നടപ്പിലിരിക്കുന്ന വേലവീതിക്കുന്ന സമ്പ്രദായം വേലക്കാരുടെ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഏല്പിച്ചുകൊടുത്തിയതാണു്. മറുതരത്തിൽ കാലക്ഷേപംചെയ്യുന്നതിനു യാതൊരു ഗതിയുമില്ലാത്തതുകൊണ്ടു മാത്രമാണു് ഒരു വേലക്കാരൻ തന്റെ ജീവിതകാലംമുഴുവൻ മണ്ണിനടിയിൽപാർത്തു പണിയെടുക്കാമെന്നോ, അല്ലെങ്കിൽ ഒരു സാധനത്തിന്റെ തൂക്കിലൊരംശം എന്നതേയുള്ളും ഉണ്ടാക്കിക്കൊള്ളാമെന്നോ, അല്ലെങ്കിൽ മരണംവരെ സദാ അലറിക്കൊണ്ടിരിക്കുന്ന യന്ത്രങ്ങളുടെ മുമ്പിൽ കിടന്നു കൈകൊണ്ടു മേല്പോട്ടും കീഴ്പോട്ടും ആട്ടിക്കൊണ്ടിരുന്നുകൊള്ളാമെന്നോ സമ്മതിച്ചുപോകുന്നതു്. എന്നാൽ ധനാഗമമാർഗ്ഗങ്ങളെയൊക്കെ കൈവശപ്പെടുത്തി നിത്യവൃത്തിക്കു ബുദ്ധിമുട്ടില്ലാതെയിരിക്കുന്ന ഒരുത്തനെക്കൊണ്ടു്, ഇക്കാലത്തു ജനങ്ങൾ ചെയ്യുവരുന്നതുപോലെ, നാണവും ചൂണയുംകെടുത്തി മനുഷ്യന്റെ ജീവനെ തുലയ്ക്കുന്ന ഈമാതിരി തൊഴിലുകളിൽ വേലചെയ്യിക്കുന്നതിനു മർദ്ദനംകൊണ്ടല്ലാതെ വേറെ എങ്ങനെ നിർബന്ധിക്കാൻ കഴിയും? ജോലികൾ വീതിച്ചേടുത്തു നിഷ്കർഷിക്കുന്നതു മനുഷ്യർക്കു ആദായകരവും സഹജവുമാണു്. എന്നാൽ ജനങ്ങളെല്ലാരുയും സ്വതന്ത്രരായിരിക്കുമ്പോൾ, ഈമാതിരി വീതിക്കൽ വളരെ ചുരുങ്ങിയ ഒരതിരിനുള്ളിൽമാത്രം നില്ക്കുന്നതും ഇപ്പോഴത്തെക്കാലത്തു നമ്മുടെയിടയിൽ ആ അതിർത്തി ലംഘിക്കപ്പെട്ടിരിക്കുന്നതും ആണു്.

ഒരു കൃഷിക്കാരൻ തന്നത്താൻ ചെരുപ്പുകളുണ്ടാക്കുകയും, അവന്റെ ഭാര്യ നെയ്തു് വസ്ത്രമുണ്ടാക്കുകയും വേറൊരുത്തൻ ഉഴുകയും മൂന്നാമതൊരാൾ ഇരുമ്പുപണി ചെയ്യുകയും

ഇങ്ങനെ എല്ലാപേരും അവരവരുടെ തൊഴിലുകളിൽ സമർത്ഥരായി അവരുണ്ടാക്കുന്ന സാമാനങ്ങളെ പരസ്പരം വാങ്ങി ഉപയോഗിക്കയും ചെയ്യുയാണെങ്കിൽ, ഈവിധത്തിൽ പണികഠം വീതിക്കുന്നതു് എല്ലാവക്കും ഗുണകരവും, സ്വതന്ത്രരായ ജനങ്ങളെല്ലാം ഈ രീതിയിൽ വേലകളെ വീതിച്ചു് പ്രകൃത്യാതന്നെ പ്രവത്തിച്ചു ജീവിക്കുന്നതുമാണു്. എന്നാൽ ഒരു സാധനത്തിന്റെ നൂറിലൊരുഭാഗത്തിനെ ഒരു മനുഷ്യൻ സദാ ഉണ്ടാക്കിക്കൊണ്ടിരിക്കയോ തീക്ക്രട്ടുന്ന ഒരുത്തൻ എല്ലായ്പോഴും 140 ഡിഗ്രി ചൂടുള്ള രീയ്യിന്റെ മുമ്പിൽ കിടന്നു വേലചെയ്യുയോ, ദുഷിച്ച വായുക്കഠംനിറഞ്ഞ സ്ഥലത്തു നിന്നുകൊണ്ടു് ഒരുത്തൻ എപ്പോഴും പ്രവത്തിച്ചു എടുക്കയോ ചെയ്യുന്നതക്കവണ്ണം വേലയെ വീതിക്കുന്നതു ഇവക്കാക്കും ഗുണകരമല്ല. എന്തെന്നാൽ നിസ്സാരമായ സാമാനങ്ങളെ ഉണ്ടാക്കാൻ ഇതുപയോഗപ്പെടുമായിരിക്കുമെങ്കിലും, വിലതീരാത്തതും ബഹുപ്രധാനവുമായ മനുഷ്യജീവനെ ഇതു നശിപ്പിക്കുന്നു. അതിനാൽ ഇപ്പോഴത്തെ രീതിയിൽ വേലയെ വിഭജിക്കയാണെങ്കിൽ, ഭണ്ഡിപ്പിച്ചു നിർബന്ധിച്ചാൽ മാത്രമേ ജോലി നടക്കുകയുള്ളൂ. മനുഷ്യർ ജോലികളെ ഭാഗിച്ചെടുക്കുന്നതുകൊണ്ടു് അവരുടെ ഇടയിൽ ഐകമത്യവും രമ്യതയും ഉണ്ടാകുമെന്നു റോഡ് ബേർറസു് എന്ന പണ്ഡിതൻ പറയുന്നുണ്ടു്. ശരിതന്നെ; പക്ഷേ ജനങ്ങഠം തന്നത്താൻ ഓരോ ജോലിയും സ്വന്തമനസ്സാലെ സ്വീകരിച്ചു പ്രവത്തിക്കത്തക്കവണ്ണം ഈ വിഭജനം സ്വതന്ത്രമായിരുന്നാലേ യോജിപ്പുണ്ടാകയുള്ളൂ.

ഒരു റോഡ് വെട്ടണമെന്നു നിശ്ചയിച്ചു ജനങ്ങഠം പുറപ്പെടുകയും ഒരുത്തൻ കുഴി കുഴിക്കയും വേറൊരുത്തൻ കല്ലുകഠം കൊണ്ടുവരികയും, മൂന്നാമൻ അതെല്ലാം പൊട്ടിച്ചിടുകയും മറ്റും ചെയ്യുന്ന ആ രീതിയിൽ തൊഴിലുകളെ വീതിക്കുന്നതു ജനങ്ങളെ യോജിപ്പിക്കുന്ന ഒരേപ്പാടുതന്നെ. തക്കമില്ല.

പക്ഷേ, ജനങ്ങളുടെ ആഗ്രഹത്തെ അറിയാതെയും, അവരുടെ ഇഷ്ടത്തിനു വിപരീതമായും ഒരു കൃത്രിമത്വം ഉണ്ടാക്കുവാൻ പോലെയുള്ള ഒരു ഗോപുരമാളിക പണിയണമെന്നോ സ്ത്രീപുരുഷസംയോഗപ്രദർശനം മുതലായ അസംബന്ധങ്ങൾക്കുവേണ്ടി ഉത്സാഹിക്കണമെന്നോ ഒരാൾ നിശ്ചയിച്ച് ഒരു വേലക്കാരനെക്കൊണ്ടു ഇരുമ്പുവേല തുടങ്ങിക്കയും മറ്റൊരുത്തനെക്കൊണ്ടു കല്ലുരി മാന്തിക്കയും, വേറൊരുത്തനെക്കൊണ്ടു അച്ചു വാർപ്പിക്കയും, നാലാമതൊരുത്തനെക്കൊണ്ടു തടി വെട്ടിക്കയും, പിന്നെയൊരുത്തനെക്കൊണ്ടു മരമറപ്പിക്കയും ഇതെല്ലാം ചെയ്യുന്നതെന്തിനാണെന്നു അവക്കൊരുത്തർക്കും അറിയാൻ പാടില്ലാതിരിക്കയും ചെയ്യുമ്പോൾ, അവരെ ഈ ജോലി ചെയ്യാൻ നിർബന്ധിക്കയാണെങ്കിൽ, ഈ രീതിയിൽ തൊഴിലുകളെ വീതിക്കുന്നതുകൊണ്ടു് അവർക്കു തമ്മിൽ യാതൊരു യോജിപ്പും ഐകമത്യവും ഉണ്ടാകയില്ലെന്നു മാത്രമല്ല പിണക്കം വർദ്ധിക്കാൻ ഇടയുള്ളതുമാണു്.

അതുകൊണ്ടു്, സാമാനങ്ങളെ ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ പൊതുസമുദായത്തിന്റെ അധീനതയിൽ ഇരിക്കയും ജനങ്ങൾ സ്വതന്ത്രരായിരിക്കയും ചെയ്യുമ്പോൾ വേലക്കാർക്കു ദോഷത്തെക്കാൾ അധികം നന്മയുണ്ടാകുന്നവിധം അവർ വേലയെ വീതിച്ചെടുക്കുകയേയുള്ളൂ. ഓരോ മനുഷ്യനും സഹജമായി അവനവന്റെ പരിശ്രമങ്ങളെ വർദ്ധിപ്പിക്കയും പലതരത്തിലാക്കയും ചെയ്യുന്നതു നല്ലതാണെന്നു വിചാരിക്കുന്നതുകൊണ്ടു്, ഇപ്പോഴത്തെ ചട്ടമനുസരിച്ചു പണി വീതിക്കുന്നതു സ്വതന്ത്രജനങ്ങളുടെ ഇടയിൽ അസാദ്ധ്യമാണെന്നുള്ളതു വ്യക്തമാണു്

സാമാനങ്ങളെ ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ സമുദായത്തിന്റെ പൊതുകൈവശത്തിൽ ഇരിക്കുന്നതുകൊണ്ടു് അങ്ങനെ വരുന്ന കാലത്തു ഇപ്പോൾ നിർബന്ധിച്ചുണ്ടാക്കിച്ചു

വരുന്നതുപോലെ അത്ര ധാരാളമായി ആ സാധനങ്ങൾ ഉണ്ടാക്കാമെന്നാലോചിക്കുന്നതു്, അടിമകളെ മോചിപ്പിച്ചതിന്റെ ശേഷവും ആ അടിമകളുടെ ജോലിയെ ആശ്രയിച്ചിരിക്കുന്ന സംഗീതയന്ത്രങ്ങളും, നാടകശാലകളും, പരവതാനികളും, നാടകളും, മനോഹരമായ ആരാമങ്ങളും ഒക്കെ നാട്ടതോറും വീട്ടതോറും ഉണ്ടായിക്കൊണ്ടിരിക്കുമെന്നു വിചാരിക്കുന്നതുപോലെതന്നെയാണു്. തന്മൂലം സാമുദായിക ഭരണതത്വം (Socialism) നടപ്പിൽവരുമ്പോൾ, സകലരും സമ്പന്നരാകയും, ഇപ്പോഴത്തെ ധനികന്മാക്കുള്ളതുപോലെ, ഓരോരുത്തരും അവരവരുടെ ഇഷ്ടംപോലെ സകല ഉപകരണങ്ങളും ഉണ്ടായിരിപ്പാൻ ശ്രമിക്കയും ചെയ്യുമെന്നു പറയുന്നതു പ്രത്യക്ഷത്തിൽതന്നെ ഒരു ഭീമമായ പൂർവ്വാപരവിരുദ്ധതയത്രേ.

VI

മനസ്സംസ്കാരം (Culture) അല്ലെങ്കിൽ സ്വാതന്ത്ര്യം

സയൻസുകാരും അവരെ പിന്തുടർന്നു് ധനികജനങ്ങളും ഇപ്പോഴത്തെ സാമ്പത്തികസമ്പ്രദായത്തെ മനസ്സംസ്കാരം എന്നു വിളിച്ചുവരുന്നു. തീവണ്ടികൾ, കമ്പിത്തപാൽ, ടെലഫോൺ, ഫോട്ടോഗ്രാഫു്, റോൺജൻരശ്മികൾ, രോഗശാലകൾ, പ്രദർശനങ്ങൾ, പ്രത്യേകിച്ചു് വിനോദപ്രയോഗങ്ങൾ ഇതെല്ലാം അടങ്ങിയ ഈ മനസ്സംസ്കാര (Culture) പദ്ധതിയിൽ യാതൊന്നും ഭേദപ്പെടുത്തുകയോ അതിനെ മുഴുവനുമോ അല്ലെങ്കിൽ ഏതെങ്കിലും അംശത്തെയോ നശിപ്പിക്കയോ ചെയ്യാൻ പാടില്ലാത്തവണ്ണം അതു അത്രയ്ക്കു പൂജനീയവും ശ്ലാഘനീയവുമാണെന്നു അവർ വിചാരിക്കുന്നു. മനസ്സംസ്കാരം എന്നു സയൻസു പറയുന്ന സംഗതികളൊഴികെ മറ്റെന്തെല്ലാം ഭേദപ്പെട്ടപോ

യാലും വേണ്ടുകില്ലെന്നാണ് അതിന്റെ ശാസനകഠം. എന്നാൽ ഈ മനസ്സംസ്കാരസമ്പ്രദായത്തെ നിലനിത്തിക്കൊണ്ടുപോകണമെങ്കിൽ തൊഴിലാളികളെല്ലാം പണിയെടുത്തുകൊണ്ടിരിക്കണമെന്നുള്ളതു പ്രത്യക്ഷമാണ്. എന്നിട്ടും ഈ പദ്ധതി ഏറ്റവും ഉത്തമമായ ഒരനുഗ്രഹമാണെന്നു പറഞ്ഞുകൊണ്ടു നിയമശാസ്ത്രജ്ഞന്മാരുടെ "ലോകം നശിച്ചാലും ന്യായം നടക്കണം" എന്നുള്ള പ്രമാണത്തിനു വിപരീതമായി, "ന്യായം നശിച്ചാലും മനസ്സംസ്കാരം നടക്കണം" എന്ന മൈയ്യുമായി വിളിച്ചുപറകയാണ് ഇക്രൂട്ടർ ചെയ്യുന്നതു്. ഇവരിങ്ങനെ പറയുക മാത്രമല്ലാ, അതിൻപ്രകാരം നടത്തുകയും ചെയ്യുന്നു പ്രവൃത്തിപഥത്തിലും സങ്കല്പപഥത്തിലും മനസ്സംസ്കാരസമ്പ്രദായം (അല്ലെങ്കിൽ വക്ഷാപ്പുകളിലും യന്ത്രശാലകളിലും നടന്നുവരുന്ന ഏറ്റപ്പാടുകളും, പ്രത്യേകിച്ച് ഷാപ്പുകളിൽ വില്ക്കപ്പെടുന്ന സാധനങ്ങളും) ഒഴികെ സകലതിനെയും വേണമെങ്കിൽ മാറ്റാൻ വിരോധമില്ലപോലും!

എന്നാൽ അയൽക്കാരനോടു് സഹോദരനിലയും സ്നേഹവും വേണമെന്നുള്ള ക്രിസ്തീയനിയമത്തെ അംഗീകരിക്കുന്നതായി നടിക്കുന്ന ജ്ഞാനസമ്പന്നന്മാരായ ജനങ്ങൾ ഇതിനു നേരേമറിച്ചു് പ്രഖ്യാപിക്കേണ്ടതാണെന്നാണു ഞാൻ വിചാരിക്കുന്നതു്.

വൈദ്യുതദീപങ്ങളും ടെലഫൗൺകമ്പികളും പ്രദർശനങ്ങളും വിനോദോദ്യാനങ്ങളും സദിരുകളും നാടകാദികളും സിഗററു്, തീപ്പെട്ടി, മോട്ടോർകാർ, കാത്സ്രാ, ബട്ടൻസു് മുതലായവയും എല്ലാം വളരെ രസാവഹമാണു്. എന്നാൽ ഇവയെ ഉണ്ടാക്കുന്നതിനു നൂറുക്കു് തൊണ്ണൂറിലധികം ഭാഗം ജനങ്ങൾ അടിമത്തത്തിൽകിടന്നു്, ഈ സാമാനങ്ങളെയുണ്ടാക്കുന്ന യന്ത്രപ്പണിശാലകളിൽ ആയിരക്കണക്കിനു നശിച്ചുപോകേണ്ടിവരുന്നതിനേക്കാൾ, മേല്പറഞ്ഞ സാമാനങ്ങളും, റീവണ്ടി, യന്ത്രനിർമ്മിതങ്ങളായ തുണികഠം മുത

ലായവയും ഒന്നിച്ചു നശിച്ചുപൊയ്ക്കൊള്ളട്ടെ. ലണ്ടൻപട്ട
ണമോ പീറേറർസ്ബർഗ്ഗ് നഗരമോ വൈദൂതദീപങ്ങളാൽ
പ്രകാശിക്കപ്പെടുകയോ, പ്രദർശനശാലകൾ പണിയിക്കപ്പെ
ടുകയോ, ഭംഗിയേറിയ ചായത്തരങ്ങൾ ഉണ്ടാക്കപ്പെടുകയോ, ക്ഷ
ണത്തിലും ധാരാളമായും മനോഹരമായ തുണിത്തരങ്ങൾ
നെയ്യുകയോ ചെയ്യുന്ന കായ്വത്തിൽ, അല്പംചില മനുഷ്യജീ
വിതങ്ങളെപ്പോലും നശിപ്പിക്കയോ കഷ്ടപ്പെടുത്തുകയോ
മനുഷ്യായസ്സു കുറയ്ക്കുകയോ ചെയ്യേണ്ടിവരുമെങ്കിൽ, (പ
ക്ഷേ എത്രയെത്ര അധികം ആയുസ്സുകൾ ഇങ്ങനെ നശി
ക്കുന്നു എന്നു കണക്കുകൾകൊണ്ടു കാണാം) ലണ്ടനിലും
പീറേറഴ്സ്ബർഗ്ഗിലും ശ്വാസുകൊണ്ടോ എണ്ണകൊണ്ടോ
വിളക്കു കത്തിക്കയും, പ്രദർശനങ്ങളും ചായസാമഗ്രികളും
യാതൊന്നും ഇല്ലാതിരിക്കയും ചെയ്തുകൊള്ളട്ടെ. അല്ലാതെ
അതിൽനിന്നുത്ഭവിക്കുന്ന അടിമത്തങ്ങളും മനുഷ്യജീവിത
സംഹാരവും ഇല്ലാതെയാകുന്നതെങ്ങനെ? യഥാർത്ഥ വിദ്യാ
കുശലന്മാരായ ജനങ്ങൾ കുതിരപ്പുറത്തോ വണ്ടികളിലോ
സഞ്ചരിക്കയും കൃഷിചെയ്യുന്നതിനു കന്പുകളോ കൈകളോ
ഉപയോഗിക്കയുംപോലും ചെയ്തുകൊള്ളും; അല്ലാതെ, ജന
ങ്ങളെ നശിപ്പിക്കുന്ന തീവണ്ടിപ്പാതകൾ ഉണ്ടാക്കാതിരിക്കു
ന്നതിനെക്കാൾ ആ റയിൽപാതകൾമൂലം നശിച്ചുപോകു
ന്നവരുടെ കുടുംബങ്ങൾക്കു കുറച്ചു പണം കൊടുക്കുന്നതാണു
അധികം നല്ലതെന്നും, അധികം ആദായകരമെന്നും തീവ
ണ്ടിഉടമസ്ഥന്മാർ വിചാരിക്കുന്നതുകൊണ്ടുമാത്രം, ചിക്കാ
ഗോനഗരത്തിൽ എന്നും നടന്നുകൊണ്ടിരിക്കുന്നതുപോലെ,
പ്രതിവർഷം അസംഖ്യം ജനങ്ങളെ ഹനിക്കുന്ന തീവണ്ടിക
ളിൽ സഞ്ചരിക്കാൻ അവർ പോകയില്ല. യഥാർത്ഥ വി
ദ്യാഭ്യാസമുള്ളവരുടെ പ്രമാണം "ന്യായം നശിച്ചാലും മന
സ്സംസ്കാരം നടക്കണം" എന്നായിരിക്കയില്ല; പിന്നെയോ
"മനസ്സംസ്കാരപദ്ധതി നശിച്ചാലും ന്യായം നടക്കണം"
എന്നായിരിക്കും.

ഇതുകൊണ്ടും വാസ്തവത്തിൽ ഉപയോഗപ്രദമായ മനസ്സംസ്കാരമൊന്നും നശിച്ചുപോകയില്ല. ജനങ്ങൾ കമ്പു കൊണ്ടു് കൃഷിചെയ്യുയൊ, തീവട്ടിയും പന്തവും പിടിച്ചു് വെളിച്ചംകാണുകയോ ചെയ്യേണ്ട ആവശ്യം തീർച്ചയായും വരികയില്ല. മനുഷ്യസമുദായം അടിമത്തത്തിൽ ഇതേവരെ ഈ സാങ്കേതികശാസ്ത്രങ്ങൾ ബുദ്ധിമുട്ടി പഠിച്ചതു കേവലം വെറുതെയാകയില്ല. നമ്മുടെ വിനോദത്തിനായിട്ടു് നമ്മുടെ സഹോദരന്മാരായ മനുഷ്യജീവികളെ ബലികഴിക്കേണ്ട കാര്യമില്ലെന്നു നാം മനസ്സിലാക്കിയാൽ, മനുഷ്യജീവിതങ്ങളെ നശിപ്പിക്കാതെ ഈ സാങ്കേതികപരിഷ്കാരങ്ങളെ ഉപയോഗിക്കാൻ നിവൃത്തിയുണ്ടാകും. അതുപോലെതന്നെ, ഇതുവരെ കണ്ടുപിടിച്ച പ്രകൃതിനിയന്ത്രണമാർഗ്ഗങ്ങളെയെല്ലാം യഥായോഗ്യം ഉപയോഗിച്ചു് നമ്മുടെ ജീവിതരീതിയെ ശരിപ്പെടുത്തുന്നതിനും, എന്നാലും നമ്മുടെ മനുഷ്യസഹോദരങ്ങളെ അടിമത്തത്തിൽ ഇടാതിരിക്കുന്നതിനും നമുക്കു സാധിക്കും.

VII

നമ്മുടെയിടയിൽ അടിമത്തം ഉണ്ടു്

നമ്മുടെനാട്ടിന്റെ ചരിത്രവും നിയമങ്ങളും ലവലേശം അറിയാതെ, ഈ രാജ്യങ്ങളിൽനിന്നു ഏറ്റവും ഭിന്നമായ ഒരു രാജ്യത്തിൽ പാർക്കുന്ന ഒരുത്തനെ വിളിച്ചുകൊണ്ടുവന്നു് നമ്മുടെ ജനങ്ങളുടെ ജീവിതപദ്ധതിയുടെ നാനാഭാഗങ്ങളെയും അവനെ കാണിച്ചു മനസ്സിലാക്കി അവനോടു് ഈ രാജ്യങ്ങളിലെ മനുഷ്യരുടെയിടയിൽ കാണുന്ന പ്രധാന വ്യത്യാസമെന്തെന്നു ചോദിക്കുന്നു എന്നു വിചാരിക്കാം. ഈ നാട്ടിന്റെ പ്രത്യേകത എന്താണെന്നു അവൻ പറയുമെന്നു നിങ്ങൾ ഊഹിക്കുന്നോ? അങ്ങിനെയുള്ള ഒരുവൻ

ഇവിടെക്കാണുന്ന വിശേഷം ഒന്നുമാത്രമായിരിക്കും. അതായതു് — വൃത്തിയും ശുദ്ധിയും ഉള്ള മിനുസപ്പെട്ട വെളുത്ത കൈകളോടുകൂടി സുഖമായ ഭക്ഷണം, വസ്ത്രധാരണം, കെട്ടിടം മുതലായവകൊണ്ടു് രസിക്കുന്നവരും, ഒട്ടും ജോലിചെയ്യാതെയൊ, അല്ലെങ്കിൽ അല്പം ചില ലഘുവായ വേലകൾചെയ്തൊ സദാ ആനന്ദിച്ചഹങ്കരിച്ചും, വേറെ അനവധി ജനങ്ങൾ കഷ്ടപ്പെട്ടും സങ്കടപ്പെട്ടും അസംഖ്യം ദിവസങ്ങളിൽ ചെയ്യുന്ന വേലയുടെ ഫലങ്ങളായ പലതരം വിനോദങ്ങൾക്കായി തുമ്പില്ലാതെ പണം ചിലവഴിച്ചും കാലം കഴിക്കുന്നവരും ആയ കുറച്ചു ചില യോഗ്യന്മാരും, സദാ വൃത്തികെട്ടു് നഗ്നതമറയ്ക്കാനും, ഭക്ഷണംകഴിക്കാനും, കിടന്നുറങ്ങാനും നിവൃത്തിയും സ്ഥലവുമില്ലാതെ ബീഭത്സമായി, തഴമ്പിച്ച കൈകൾകൊണ്ടു് സൂര്യോദയംമുതൽ അസ്തമനംവരെ ഇടവിടാതെയും, പലപ്പോഴും രാത്രിമുഴുവൻപോലും വേലചെയ്തും, അശേഷം പണിയെടുക്കാതെ ആനന്ദത്തിലും ആഹ്ലാദത്തിലും കാലംകഴിക്കുന്നവർക്കുവേണ്ടി തങ്ങളുടെ ജീവനെ പണയംവച്ചു കഷ്ടപ്പെട്ടും വരുന്ന അനേകം ജനങ്ങളും ഒന്നിച്ചുകിടക്കുന്ന ഒരു കാഴ്ച ആയിരിക്കും.

പണ്ടത്തെ കാലങ്ങളിലെ അടിമകളേയും, യജമാനന്മാരെയും തിരിച്ചറിയാമായിരുന്നതുപോലെ അത്ര എളുപ്പത്തിൽ വ്യക്തമായി ഇപ്പോഴത്തെ അടിമകളെയും, യജമാനന്മാരെയും വേർതിരിക്കാൻ പാടില്ലെങ്കിലും — ഇപ്പോഴത്തെ അടിമകളിൽ ചിലർ അല്പകാലത്തേയ്ക്കുമാത്രം അടിമകളായിരിക്കുന്നവരും, പിന്നിട്ടു് യജമാനന്മാരായേക്കാവുന്നവരും, അല്ലെങ്കിൽ ഒരേസമയത്തുതന്നെ ഇവരിൽ ചിലർ അടിമകളും യജമാനന്മാരും ആയിരിക്കുന്നവരും ആണെങ്കിലും എന്തായാലും നമ്മുടെ കാലത്തിലെ ജനങ്ങൾ അടിമകളും യജമാനന്മാരും ആയി പ്രത്യേകം ജീവിക്കുന്ന സംഗതിയെ മറയ്ക്കാൻ നിവൃത്തിയില്ല. ദിവസത്തിന്റെ

24 മണിക്കൂർ സമയത്തെ രാത്രിയും പകലും ആയി പ്രത്യേകം ഭാഗിക്കാവുന്നതുപോലെ - (രാത്രിക്കും പകലിനും മദ്ധ്യേ ഇരുട്ടും വെളിച്ചവും ഇടകലർന്ന കുറച്ചു സമയം ഉണ്ടെങ്കിലും)—അടിമകളെയും യജമാനന്മാരെയും പ്രത്യേകം എടുപ്പാൻ പ്രയാസമില്ല. ചിലപ്പോൾ ഈ രണ്ടുകൂട്ടരും ഒന്നിച്ചു ചേരുമെന്നുള്ളതുകൊണ്ടു് സാരമില്ല.

ആധുനികകാലത്തിലെ യജമാനന്റെ ഒടുക്കഴികളിൽ ചാടി വീഴുവാൻ തയ്യാറുള്ള ഒരു പ്രത്യേക അടിമ അയാൾക്കു സ്വന്തമായിട്ടില്ലെങ്കിലും, അയാളുടെ നാലഞ്ചു കാശിനെമോഹിച്ചു് അതിനു തയ്യാറുള്ളവർ ഇപ്പോൾ അഞ്ഞൂറുപേരുണ്ടു്. അതിനാൽ ഈ അടിമകളുടെ ആവശ്യത്തിന്റേയും ദാരിദ്ര്യത്തിന്റേയും ശക്തികൊണ്ടു് ഈ അഞ്ഞൂറുപേരിൽ ആരെയെങ്കിലും വിളിച്ചു് പ്രത്യേകം ഭയകാണിച്ചു് മറ്റൊരുത്തനെക്കാൾ മുമ്പേ ഒടുക്കഴിയിൽ ചാടിക്കുവാൻ അവനു തരപ്പെട്ടും.

യന്ത്രശാലകളിലും വർക്ഷോപ്പുകളിലും പണിയെടുത്തു് അവയുടെയും ലോഹപ്പണിശാലകളുടെയും ഉടമസ്ഥന്മാർക്കുവേണ്ടി തങ്ങളുടെ ജീവനെ സംഹരിക്കുന്ന കൂട്ടർമാത്രമല്ലാ നമ്മുടെ കാലത്തെ അടിമകൾ; പിന്നെയോ, അന്യന്മാരുടെ നിലങ്ങളിൽ കൃഷിചെയ്തു് ഇടവിടാതെ അദ്ധ്വാനിച്ചുണ്ടാക്കുന്ന നെല്ലും വൈക്കോലും എല്ലാം സംഭരിച്ചു് ആ അന്യന്മാരുടെ അറകളിൽ കൊണ്ടുചെന്നു വെറുതെ കൊട്ടുത്തുംവെച്ചു് പോരുന്നവരും അടിമകൾതന്നെ. അങ്ങിനെതന്നെ കടംവാങ്ങിയതിന്റെ പലിശ ബാങ്കുകളിൽ എടുപ്പിക്കുന്നതിനായി സ്വന്തം നിലങ്ങൾ കൃഷിചെയ്യുന്നവരും ഒരുമാതിരി അടിമകളെത്തന്നെ, സംഖ്യയില്ലാതെയുള്ള വാലിയക്കാരും കുശിനിക്കാരും, വാലിയക്കാരത്തികളും, കുമട്ടുകാരും, വണ്ടിക്കാരും, മറ്റുതരത്തിലുള്ള

വരും ആയി, മനുഷ്യജീവികൾക്ക് ഏറ്റവും പ്രകൃതിവിരുദ്ധമായും, അവക്കുതന്നെ അശേഷം തൃപ്തിയില്ലാതെയും വേലചെയ്യ് കാലക്ഷേപം ചെയ്യുന്ന സകലരും ഒരുതരം അടിമകൾതന്നെയാണു്.

അടിമത്തം അതിന്റെ മൂർദ്ധന്യത്തിൽ ഇപ്പോഴും ഇരിക്കുന്നുണ്ടു്; നമ്മൾ അതു കാണുന്നില്ലെന്നുമാത്രമേയുള്ളു. 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ യൂറോപ്പിൽ ഉണ്ടായിരുന്ന അടിമത്തത്തെ അക്കാലത്തു ആരെങ്കിലും കണ്ടിരുന്നോ? അതുപോലെതന്നെ ഇപ്പോഴത്തെ അടിമത്തത്തെ നമ്മളും കാണുന്നില്ല. അത്രമാത്രമേ ഉള്ളു.

പ്രഭുക്കന്മാർക്കും ജന്മിമാർക്കുംവേണ്ടി കൃഷിചെയ്യുകയും അവരുടെ വരുതിപ്രകാരം നടക്കുകയും ചെയ്യണമെന്നുള്ളതു പ്രകൃതിസിദ്ധവും അത്യാവശ്യവും ആയ സാമ്പത്തികവ്യവസ്ഥയായി കരുതിയിരുന്നതിനാൽ അടിമകളുടെ സ്ഥിതിയെ പണ്ടുള്ളവർ അടിമത്തമാണെന്നു പറഞ്ഞിരുന്നില്ല. ഇങ്ങനെയാണു നമ്മുടെ ഇടയിലും. ഇക്കാലത്തെ തൊഴിലാളികളുടെ സ്ഥിതി പ്രകൃതിസിദ്ധവും, അത്യാവശ്യവും ആയ ഒരു സാമ്പത്തികവ്യവസ്ഥയാണെന്നു നമ്മുടെ കാലത്തെ ജനങ്ങളും ഉറപ്പിച്ചുവരുകയാണു ചെയ്യുന്നതു്. പ്രഭുക്കന്മാരുടെയും ജന്മിമാരുടെയും അധികാരത്തിൻകീഴിൽ കൃഷിക്കാർക്കുണ്ടായിരുന്ന—പ്രകൃതിസിദ്ധവും അത്യാവശ്യവും ആണെന്നു തോന്നിയിരുന്ന ആ സാമ്പത്തികവ്യവസ്ഥ മഹാപാപവും, അന്യായവും, അധാർമ്മികവും ആയിരുന്നു എന്നു 18-ാംശതാബ്ദത്തിന്റെ അവസാനത്തിൽ യൂറോപ്പിലെ ജനങ്ങൾക്കു അല്പാല്പം മനസ്സിലായിത്തുടങ്ങി ആ സ്ഥിതിയെ നീക്കാൻ അവർ ആവശ്യപ്പെട്ടതെങ്ങിനെയോ, അതുപോലെതന്നെ, കൂലിവേലക്കാരുടെയും, പൊതുവേ തൊഴിലാളികളുടെ ഒക്കെയും സ്ഥിതി ഇതേവരെ ശരിയായതും, പ്രകൃതിസിദ്ധവും ആണെന്നു വിചാരിച്ചുവന്നതു് അബ

ദ്ധമായിരുന്നു എന്നും, അതിനെ ഭേദപ്പെട്ടതെങ്കിലുമാണെന്നും ഇപ്പോഴത്തെ ജനങ്ങളും അല്പസ്വല്പം മനസ്സിലാക്കിവരുന്നുണ്ട്.

18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പടിഞ്ഞാറൻ യൂറോപ്പിലും, 19-ാം നൂറ്റാണ്ടിന്റെ മധ്യകാലംവരെ നമ്മുടെ റഷ്യാരാജ്യത്തിലും അമേരിക്കയിലും ഉണ്ടായിരുന്ന അടിമത്തത്തിന്റെ സ്ഥിതിപോലെതന്നെയാണു നമ്മുടെ കാലത്തെ അടിമത്തത്തിന്റെ അവസ്ഥയും. നമ്മുടെ സമുദായത്തിലെ ഉല്പതിഷ്ണുക്കൾ വേലക്കാരുടെ അടിമത്തത്തെ കണ്ടറിഞ്ഞു സമ്മതിച്ചു തുടങ്ങിയിട്ടേ ഉള്ളൂ. എന്നിട്ടും ഭൂരിപക്ഷം ജനങ്ങൾക്കും നമ്മുടെ ഇടയിൽ അടിമത്തമേ ഇല്ലെന്നാണു് ധാരണ.

ഈ വിഷയത്തിൽ ജനങ്ങളെ കുഴയ്ക്കുന്നതു മറ്റൊന്നുമല്ല. റഷ്യായിലും അമേരിക്കായിലും "നാം ഇയ്യിടെയല്ലയോ അടിമത്തത്തെ ഇല്ലായ്മചെയ്തതു്" എന്നു് അവർ വിചാരിച്ചുപോകുന്നു. എന്നാൽ വാസ്തവം നോക്കിയാൽ, മുമ്പേതന്നെ നിന്നുപോന്നിരുന്ന ചില അടിമത്തസമ്പ്രദായങ്ങളെ അനാവശ്യമെന്നുകണ്ടു് അവയെ ആണു് നാം നീക്കിയതായിപ്പറയുന്നതു്. അതിനുപകരം അധികം ബലവത്തായി വളരെ ക്രൂരതൽ ജനങ്ങളെ ബാധിക്കുന്നവേറൊരുതരം അടിമത്തം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ക്രിമിയാരാജ്യത്തു ടാർട്ടർ ജാതിക്കാർ അവരുടെ ജയിൽപ്പുള്ളികളോടു പെരുമാറിയതുപോലെയാണു് നാം അടിമത്തത്തെയും ഭൃത്യവ്യവസ്ഥയെയും ഇല്ലായ്മചെയ്തതു്. ക്രിമിയായിലെ തടവുകാരുടെ ചങ്ങലകളും കല്ലുകളും നീക്കി അവരെ വിട്ടയയ്ക്കുന്നതിനുമുമ്പേ ആ സാധുക്കളുടെ ഉള്ളുകാലുകളെ കത്തിക്കീറി ആ മുറിവുകളും മുള്ളും, ആണിയും അടിച്ചുകയറ്റി ശരിപ്പെടുത്തിയിരിക്കുമായിരുന്നു. അതുപോലെ റഷ്യായിലും അമേരിക്കായിലും പണ്ടിരുന്ന അടിമത്തത്തെ നീക്കിയപ്പോൾ ആ അടിമത്തത്തിൽ സത്തായി

ട്ടുള്ളതൊന്നും കളഞ്ഞിരുന്നില്ല. അടിമകളുടെ കാലുകളിലെ മുറിവുകളിൽ ആണിയടിച്ചുകയറ്റി, ചങ്ങലകളും വിലങ്ങുകളും ഇല്ലെങ്കിൽതന്നെ, അവർ ഓടിക്കളയുകയില്ലെന്നും, വേലചെയ്തു കിടന്നുകൊള്ളുമെന്നും തീച്ചയായപ്പോൾ മാത്രമെ അവരെ സ്വതന്ത്രരാക്കിയുള്ളൂ. വടക്കെ അമേരിക്കായിൽ അടിമത്തത്തെ ഇല്ലായ്മചെയ്യാൻ ധൈര്യപ്പെട്ടതു് അവരുടെ ഇടയ്ക്കു പുതിയ ഒരുവിധത്തിൽ പണം പ്രയോഗിച്ചുള്ള ഒരടിമത്തം ജനങ്ങളെയെല്ലാം ബന്ധിക്കാൻതക്കവണ്ണം മുമ്പേതന്നെ നടപ്പിലായി എന്നു കണ്ടതുകൊണ്ടായിരുന്നു. തെക്കെ അമേരിക്കായിൽ ഈ പുതിയ അടിമത്തമാർഗ്ഗം ഇതുവരെ തെളിവായിക്കാണാഞ്ഞതുകൊണ്ടു് അവിടെ പഴയ അടിമത്തം നശിച്ചിട്ടുമില്ല

റഷ്യായിലാകട്ടെ പഴയ ഭൃത്യരീതിയിലുള്ള അടിമത്തം നീക്കിയതു ആ സാധുക്കളായ അടിമകളുടെ ഭ്രമി മുഴുവൻ തട്ടിപ്പറിച്ചതിനുശേഷമാണു്. കൃഷിക്കാർക്കു നിലംപൂരയിടങ്ങൾ കൊടുത്തതുതന്നെ, ഭ്രമിസംബന്ധമായി മുമ്പിരുന്ന അടിമത്തത്തിനുപകരം. കൃഷിചെയ്യുന്നവർ വസ്തു ഉടമസ്ഥന്മാർക്കു വലിയ വലിയ സംഖ്യകൾ കൊടുക്കണമെന്നുള്ള നിബന്ധനകൾ ഏർപ്പെടുത്തിയതിനുശേഷമാണു് സാധുക്കളായ കൃഷീവലന്മാർ അവരുടെ വസ്തുക്കളെല്ലാം നഷ്ടപ്പെട്ടു്, കൃഷിപ്രവൃത്തിയെ ഉപേക്ഷിച്ചു്. പട്ടണങ്ങളിൽ പാർക്കുന്നതിനു തൃപ്തിയുള്ളവരായി മുതലാളികളുടെ വലയിൽ ചെന്നു കുടുങ്ങിക്കഴിഞ്ഞതിനുശേഷമാണു് യുറോപ്പിൽ ജനങ്ങളെ ബന്ധനത്തിലിട്ടു ഞെരുക്കിയിരുന്ന കരങ്ങളെ രട്ടു ചെയ്തതു്. അങ്ങിനെതന്നെ ജർമ്മനി മുതലായ രാജ്യങ്ങളിൽ വേലക്കാരുടെ തലയിൽനിന്നു നികുതിഭാരത്തെ എടുത്തു ധനികന്മാരുടെ തലയിൽ സ്ഥാപിക്കാൻ ഇപ്പോൾ ആരംഭിക്കുന്നതേ ഉള്ളൂ. ഇതും മറെറാന്നുകൊണ്ടുമല്ല; ജനങ്ങളിൽ അധികംപേരും ഈ ധനികന്മാരുടെ അധികാ

രത്തിൽ വന്നതുകൊണ്ടുമാത്രമാണു്. ഒരുതരത്തിലുള്ള അടിമത്തത്തെ അസ്ഥിരപ്പെടുത്തുന്നതു വേറൊരു രൂപത്തിലുള്ള അടിമത്തം ഉറപ്പിക്കുന്നതിനുശേഷമത്രെ. ഇങ്ങിനെ പല സന്ദർഭങ്ങളിൽ അടിമത്തം ഉണ്ടായിട്ടുണ്ടു്. ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധം! ചിലപ്പോൾ പലതരത്തിലുള്ളവ ഒന്നിച്ചും!! ഇങ്ങനെ ജനങ്ങളെ അടിമത്തത്തിൽ അധീനപ്പെടുത്തുകയും, ഭൂരിപക്ഷം ജനങ്ങളുടെ ജീവിതത്തെയും വേലകളെയും ചുരുക്കം ചിലരുടെ പിടിയിലും, സ്വാധീനതയിലും അടക്കി വയ്ക്കുകയും ചെയ്യുകയാണു പതിവു്. ഇങ്ങിനെ കുറച്ചുപേർ ബാക്കി സകല ജനങ്ങളെയും അടിമത്തത്തിൽ അടക്കിവെക്കുന്നതുതന്നെയാണു ജനങ്ങളുടെ ഈ സങ്കടകരമായ നിലയ്ക്കു പ്രധാനപ്പെട്ട കാരണം. അതിനാൽ ക്ലേശവേലക്കാരുടെ സങ്കടനിവാരണത്തിനു നാം ചെയ്യേണ്ടതു് ഇതാ! ഈ മൂന്നുസംഗതികളാണു്:—

ഒന്നാമതു്: — അലങ്കാരഭാഷയാലോ, വെറും സങ്കല്പപ്രകടനത്തിലോ അല്ലാതെ, യഥാർത്ഥമായി വ്യക്തമായ ഭാഷയിൽ പറയത്തക്ക അടിമത്തം നമ്മുടെ ഇടയിൽ ഉണ്ടെന്നു നാം സമ്മതിക്കണം; ചുരുക്കം കുറേപ്പേരുടെ വരുതിയിലും അധികാരത്തിലും വളരെ ജനങ്ങളും കിടന്നു ബുദ്ധിമുട്ടുന്നുണ്ടെന്നു നാം സമ്മതിക്കണം;

രണ്ടാമതു്: — ഇങ്ങിനെ സമ്മതിച്ചുകൊണ്ടു് ഈ വിധം അല്പം ചിലർ ശേഷമുള്ളവരെയെല്ലാം അടിമത്തത്തിൽവെച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണങ്ങളെ കണ്ടുപിടിക്കണം;

മൂന്നാമതു്—ഈ കാരണങ്ങളെ കണ്ടുപിടിച്ചതിനുശേഷം അവയെ ഇല്ലായ്മചെയ്യണം.

VIII

അടിമത്തം എന്നാൽ എന്തു്?

നമ്മുടെ കാലത്തിലെ അടിമത്തം ഏതുതരത്തിലാണിരിക്കുന്നതു്? ആളുകളെ അന്യന്മാരുടെ അടിമകളാക്കിത്തീർക്കുന്ന ശക്തികളാണു് ഏതെല്ലാമാണു്? റഷ്യാ, അമേരിക്കാ, യൂറോപ്പു് ഈ രാജ്യങ്ങളിലെ യന്ത്രശാലകളിലും, പട്ടണങ്ങളിലും, ഗ്രാമങ്ങളിലും ക്രൂരവേലചെയ്യും മറ്റും വരുന്ന പല പ്രകാരത്തിലുള്ള വേലക്കാരോടു് അവർ ആ സ്ഥിതിയിൽ വന്നുചേരാൻ കാരണമെന്താണെന്നു ചോദിച്ചാൽ, തങ്ങളെ ആ സ്ഥിതിയിൽ കൊണ്ടുവന്നുവിട്ടതാണെന്നു് അവരെല്ലാവരും പൊതുവേ പറയുന്നതുകേൾക്കാം. ഒന്നുകിൽ അവരുടെ ഇഷ്ടവും നിവൃത്തിയുംപോലെ താമസിപ്പാനും വേലചെയ്യാനും ആവശ്യമുള്ള വസ്തുവകകളാണു് അവക്കില്ലാത്തതുകൊണ്ടു് ആയിരിക്കും അവർ ഈ സ്ഥിതിയിൽ വന്നുചേർന്നതു്. റഷ്യായിലും യൂറോപ്പിലെ മറ്റു രാജ്യങ്ങളിലും ഉള്ള വേലക്കാരുടെ മുപ്പടി ഇതായിരിക്കും. അല്ലെങ്കിൽ നേരിട്ടും, അല്ലാതെയും വലിയ നികുതിഭാരങ്ങളെ അവരുടെമേൽ ചുമത്തുന്നതുകൊണ്ടും, ആ നികുതികളെ കൊടുപ്പാൻ തങ്ങളുടെ വേലയെ വിറ്റിട്ടല്ലാതെ അവക്കു നിവൃത്തിയില്ലാഞ്ഞതുകൊണ്ടും ആയിരിക്കും അവർ ഈ നിലയിലായതു്. ഇതുമല്ലെങ്കിൽ, ആഡംബരജീവിതത്തിൽ ഭ്രമിച്ചു് തങ്ങളുടെ വേലയും സ്വാതന്ത്ര്യവും ബലികഴിച്ചു് അവർ യന്ത്രശാലകളിൽ സ്വമേധയാ പാർക്കുകയായിരിക്കാം.

വസ്തുക്കളില്ലായ്മ, അതികഠിനമായ നികുതിഭാരം എന്നീ അന്യത്തെ കാരണങ്ങൾകൊണ്ടു നിർബ്ബന്ധിതരായി യന്ത്രവേലകളിൽപെടുകയും, മൂന്നാമത്തെ കാരണംകൊണ്ടു

വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനു അവർ മതിമറന്നു് ആ വേലകളിൽ തന്നെ എന്നും ഇരുന്നുപോകയും ആണു് ചെയ്യുന്നതു്.

വസ്തു ഉടമസ്ഥന്മാരുടെയും ജന്മിമാരുടെയും അവകാശങ്ങളിൽനിന്നു നിലംപൂയിടങ്ങൾ വീണ്ടെടുക്കാനും, ആ വഴിക്കു ജനങ്ങളെ അടിമത്തത്തിലേക്കു പായിക്കുന്ന വസ്തുവില്ലായ്മ എന്ന കാരണത്തെ നീക്കാനും ഹെൻറി ജോർജ്ജു് എന്ന മഹാൻ വിവരിക്കുന്ന പ്ലാൻ പയ്യാപ്പമായിരിക്കുമെന്നു നമുക്കു ഗ്രഹിക്കാം. ഏകനികുതി (Single Tax) യേപ്പറ്റി മറുള്ള കരംമുഴവൻ ഇല്ലായ്മചെയ്യുകയോ, അല്ലെങ്കിൽ അവയെ ദരിദ്രന്മാരുടെ തലയിൽനിന്നു ധനികന്മാരുടെമേൽ ആക്കാൻ സാധിക്കയോ ചെയ്യുമെന്നും നമുക്കു സങ്കല്പിക്കാം എന്നാലും ഇപ്പോഴത്തെ സാമ്പത്തികഘടനാരീതിയിൽ ധനികന്മാർ അധികമധികം ആഡംബരപ്രധാനങ്ങളും ദ്രോഹകരങ്ങളും ആയ ജീവിതസരണികളെ സ്വീകരിക്കുകയില്ലെന്നോ, ഈ സമ്പന്നന്മാരോടു് ഇടപാടും ചേർച്ചയും ഉള്ള ജനങ്ങൾ ഈ നടപടികളെ അല്പാല്പമായിട്ടെങ്കിലും പകർത്തുകയില്ലെന്നോ നമുക്കു ഗ്രഹിപ്പാൻപോലും നിവൃത്തിയില്ല. വെള്ളം ഉണങ്ങിയ നിലത്തിലേക്കു താനേ താഴ്ന്നുപോകുന്നതുപോലെ കണിശമായി ഈ അനുകരണംനടക്കുകയും അതിലേക്കു തങ്ങളുടെ സ്വാതന്ത്ര്യത്തെ ബലികഴിക്കാൻ തക്കവണ്ണം വേലക്കാർക്കു് അവരുടെ ആവശ്യങ്ങൾ വർദ്ധിക്കയുംചെയ്യുമെന്നു തീർച്ചയായും വിചാരിക്കേണ്ടതാണു്.

അതുകൊണ്ടു് ഈ മൂന്നാമത്തെക്കാരണം കേവലം വേലക്കാരുടെ ഒരു സ്വയംകൃതാനർത്ഥമാണെങ്കിലും — ജനങ്ങൾ സ്വയം ഈ വ്യാമോഹത്തിലും മയക്കത്തിലുംനിന്നു പിന്മാറേണ്ടതാണെന്നു നമുക്കു വിചാരിക്കാമെങ്കിലും — ഇതുകൊണ്ടാണു് വേലക്കാരുടെ സങ്കടകരമായ നിലവന്നിരിക്കുന്നതെന്നു സയൻസ് ഒരിക്കലും സമ്മതിക്കയില്ലെങ്കിലും —

ഇതുതന്നെയാണു് ഏറ്റവും ശക്തിമത്തും അപരിഹാര്യവും ആയ അടിമത്തഹേതു.

സമ്പന്നന്മാരുടെ സമീപപ്രദേശങ്ങളിൽ പാർക്കുന്ന സാധുക്കൾക്കും ആഡംബരാവശ്യങ്ങളുടെ ബാധ പകരുമെന്നും, അവർക്കു ഈ ആവശ്യങ്ങളെ സാധിക്കണമെങ്കിൽ അതികഠിനമായി വേലചെയ്യേണ്ടിവരുമെന്നും ഉള്ളതു് പ്രത്യക്ഷമാണു്. അതുമൂലമാണു് അമ്മേരിക്കായിലും ഇംഗ്ലണ്ടിലും കാലക്ഷേപത്തിനാവശ്യമുള്ളതിൽ പത്തിരട്ടി സമ്പാദിക്കുന്ന തൊഴിലാളികൾപോലും മുമ്പിരുന്നതുപോലെ ഇപ്പോഴും അടിമത്തത്തിൽകിടന്നു കഴങ്ങുന്നതു്.

IX

നികുതി, സ്ഥാവരജംഗമവസ്തുക്കൾ മുതലായവയെസംബന്ധിച്ച നിയമങ്ങൾ

തൊഴിലാളികളെ മുതലാളികളുടെ ചവിട്ടടിയിൽ ഇട്ടു കഷ്ടപ്പെടുത്തുന്നതിനു നിദാനഭൂതമായ നിയമസമൂഹത്തിനെ ജർമ്മനിയിലെ സമഷ്ടിവാദികൾ (Socialists) "ക്രൂരിയുടെ കാളായസനിയമങ്ങൾ" (Iron Laws of Wages) എന്നു വിളിച്ചുവരുന്നു. ഈ നിയമങ്ങൾ ഇരുമ്പുപോലെ അത്ര ഉറച്ചിരിക്കുന്നവയാണെന്നാണു് അവർ വിചാരിച്ചുവരുന്നതു്. എന്നാൽ ഈ ഉപാധികളിൽ അഭേദ്യമായി യാതൊന്നുമില്ലെന്നു ക്ഷണം മനസ്സിലാക്കാം. ഇതെല്ലാം നികുതി, വസ്തുവകകൾ, ജീവിതാവശ്യസാമാനങ്ങൾ ഇവയെസംബന്ധിച്ചു മനുഷ്യർ സൃഷ്ടിച്ചിട്ടുള്ള നിയമങ്ങളുടെ ഫലംമാത്രമാണു്. നിയമങ്ങൾ ഏർപ്പെടുത്തുന്നതും അസ്ഥിരപ്പെടുത്തുന്നതും എല്ലാം മനുഷ്യർതന്നെയാണു്. അതിനാൽ സാമുദായികമായ ചില "കാളായസനിയമങ്ങ"ളുള്ളപോ, സാധാരണമനുഷ്യർ ഉണ്ടാക്കുന്ന നിയമങ്ങളാണു്

അടിമത്തത്തെ പുലർത്തുന്നതു്. പ്രകൃതവിഷയത്തിൽ നമ്മുടെകാലങ്ങളിലെ അടിമത്തത്തിന്റെ മേന്മ പ്രകൃതിസിദ്ധാങ്ങളായ ചില "കാളായസനിയമങ്ങ"ളല്ലാ; മനുഷ്യർ സൃഷ്ടിക്കുന്ന നിയമങ്ങൾതന്നെയാണെന്നുള്ളതു തെളിവായും ദൃഢമായും കാണാവുന്നതാണു്. നിലംപുരയിടങ്ങൾ, ജീവിതസാമഗ്രികൾ മുതലായവയെക്കുറിച്ചുള്ളവയാണു് ഈ നിയമങ്ങൾ. എത്രവളരെ സ്ഥാവരവസ്തുക്കളും ചുരുക്കം ചില ക്രട്ടുക്കു സമ്പാദിക്കാമെന്നും, അവരിൽനിന്നു പിന്തുടച്ചാവകാശവഴിക്കോ, വില്പത്രങ്ങൾ, വിലപ്പത്രങ്ങൾ മുതലായ ആധാരങ്ങൾമൂലമോ അന്യന്മാക്കു ഈ വസ്തുക്കളെല്ലാം ചെല്ലുമെന്നും മറ്റും ഒരുവകനിയമങ്ങൾ അങ്ങിനെ; ഗവർമ്മെൻറുകൾ ചോദിക്കുന്നിടത്തോളം നികുതി സകലജനങ്ങളും യാതൊരു തർക്കവുംപറയാതെ കൊടുത്തുകൊള്ളണമെന്നുംമറ്റും ഉള്ള വേറൊരുവക ചട്ടങ്ങൾ അങ്ങിനെ; ഏതുതരത്തിൽ ഉണ്ടാക്കിയവയായാലും വസ്ത്രങ്ങൾ, ഭക്ഷണസാധനങ്ങൾ മുതലായ എത്ര ജീവിതസാമാനങ്ങളും കൈവശത്തിൽ വച്ചുകൊണ്ടിരിക്കുന്നവരുടെ സ്വന്തവകകളാണു് ആ സാധനങ്ങൾ എന്നു പ്രസ്താവിക്കുന്ന മൂന്നാമതൊരുതരം നിയമങ്ങൾ അങ്ങിനെ. ഇതാ! ഈ മൂന്നുവിധം നിയമങ്ങളുടെ ഫലമായിട്ടാണു് അടിമത്തം നിലനിന്നുപോരുന്നതു്.

പണ്ടുള്ള കാലങ്ങളിൽ അടിമത്തവും, (Serfdom) പരിചരണങ്ങളും എത്രമാത്രം പ്രകൃതിസിദ്ധവും അത്യാവശ്യവും ആണെന്നു അന്നുള്ളവർ വിചാരിച്ചുവന്നിരുന്നുവോ, അത്രമാത്രം ഈ നിയമങ്ങളും ന്യായവും, പ്രകൃതിസിദ്ധവും, അത്യാവശ്യവുമാണെന്നു സങ്കല്പിച്ചുപോകത്തക്കവിധം നമുക്കവ അത്രയ്ക്കു പരിചയപ്പെട്ടുപോയി. അവയുടെ ആവശ്യകതയെയോ, ന്യായാന്യായതയെയോകുറിച്ചു് അശേഷം സംശയമോ, അവയിൽ എന്തെങ്കിലും അപകടമുണ്ടെന്നുള്ള വിചാരമോ, നമുക്കില്ലാതെയായി. എന്നാൽ അടിമത്തത്തിന്റെയും, ഭൃത്യസ്ഥിതിയുടെയും നാശഫലങ്ങൾ കണ്ട

പ്പോഠം ആ ഏർപ്പാടുകൾ നിലനിറ്ത്തിക്കൊണ്ടുവന്ന നിയമങ്ങൾ അന്യായവും അനാവശ്യവും ആണെന്നു ജനങ്ങൾ കണ്ടെത്തുകയിയ കാലം മുമ്പു വന്നതുപോലെതന്നെ, ആധുനികസാമ്പത്തികനിയമങ്ങളുടെ ദ്രോഹഫലങ്ങൾ വ്യക്തപ്പെട്ടുവരുന്ന ഇപ്പോഴും സ്ഥാവരജംഗമസമ്പത്തുക്കൾ, നികുതിമുതലായവയെ സംബന്ധിച്ച കഷ്ടതകൾ ഉണ്ടാക്കുന്ന ഇപ്പോഴത്തെ നിയമങ്ങളുടെ ന്യായാന്യായതയെയും അത്യാവശ്യകതയെയും കുറിച്ചു ഇക്കാലത്തെ ജനങ്ങൾക്കും അല്പാല്പം ചിലതക്കങ്ങൾ വന്നുതുടങ്ങിയിരിക്കുന്നു.

"ചില ആളുകൾ അന്യന്മാരുടെ അടിമകളായും സ്വന്തമായി യാതൊന്നും ഇല്ലാതെയും, തങ്ങൾചെയ്യുന്ന വേലകളുടെ സകല ഫലങ്ങളും തങ്ങളുടെ യജമാനന്മാരായ ആ അന്യന്മാക്ക് കൊടുത്തുകൊണ്ടും ഇരിക്കുന്നതു യോഗ്യമാണോ?" എന്നു ജനങ്ങൾ പണ്ടു ചോദിപ്പാൻ തുടങ്ങിയതുപോലെ, നമുക്കു നമ്മോടുതന്നെ ഒരു ചോദ്യം ചോദിപ്പാനുണ്ട്. അന്യജനങ്ങളുടെ വകയാണെന്നു ഗണിക്കപ്പെട്ടിരിക്കുന്ന വസ്തുക്കളിൽ ആരും വേലചെയ്യുകൂടെന്നു പറയുന്നതു ശരിയാണോ? തങ്ങളുടെ വേലയുടെ ആദായത്തിൽ എന്തെങ്കിലും ഒരംശം നികുതികൊടുക്കണമെന്നു അന്യന്മാർ ചോദിച്ചാൽ ഉടനെ കണ്ണുമടച്ചുകൊണ്ടു ജനങ്ങൾ അതു കൊടുക്കണമെന്നുപറയുന്നതു നീതിതന്നെയോ? അന്യന്മാരുടെവകയാണെന്നു വിചാരിക്കപ്പെട്ടുവരുന്ന ജംഗമസാധനങ്ങളെ ജനങ്ങൾ ഉപയോഗിച്ചുകൂടെന്നു വിധിക്കുന്നതു ന്യായമാണോ?

* * * * *

കൃഷിചെയ്യാതെ നിലംപൂരയിടങ്ങൾ തരിശായി ഇട്ടുവരുന്ന ചില യോഗ്യന്മാരുടെ വകയാണു ഭൂമിയെന്നുവിചാരിച്ചു മറ്റു ജനങ്ങൾക്കു അതുപയോഗിപ്പാൻ പാടില്ലെന്നു പറയുന്ന നിയമം ശരിതന്നെയോ?

"കൃഷി അഭിവൃദ്ധിപ്പെട്ടുവരണമെങ്കിൽ വസ്തുക്കളിൽ ആരെങ്കിലും ഉടമസ്ഥാവകാശം ഉണ്ടായിരിക്കേണ്ടതത്യാവശ്യമാണു്. ഈവിധം ഉടമസ്ഥാവകാശം ഇല്ലാതിരിക്കയോ അതു ഉടമസ്ഥന്മാരുടെ പിൽക്കാലക്കാർക്കു അവകാശവഴി കിട്ടാതിരിക്കയോ ചെയ്താൽ തന്മൂലം വലിയ കലാപങ്ങളും ഉണ്ടാകാനും ജനങ്ങൾ തമ്മിൽതമ്മിൽ അടിച്ചു ഒടിച്ചുകളയാനും ഇടയുണ്ടെന്നും അവരവർ ഇരിക്കുന്ന ഭ്രമികൾ മാത്രം വേലചെയ്തു നന്നാക്കുകയും മറ്റു വസ്തുക്കളെല്ലാം വെറുതേ കിടന്നുപോകുകയും ചെയ്യുമെന്നും വിചാരിക്കണം. ഇതുകൊണ്ടാണു ഈ നിയമം ഏർപ്പെടുത്തിയിരിക്കുന്നതു്." ഇങ്ങനെയാണു സാധാരണ പറഞ്ഞുവരുന്നതു് ഇതു വാസ്തവമാണോ? ഈ ചോദ്യത്തിന്റെ ഉത്തരം ചരിത്രത്തിലും ഇപ്പോഴത്തെ സ്ഥിതികളിലുംനിന്നു കാണാവുന്നതാണു്. കൃഷിചെയ്യുന്നവരുടെ അവകാശത്തെ ഉറപ്പിക്കണമെന്നുള്ള ആഗ്രഹംകൊണ്ടല്ല, രാജ്യം പിടിച്ചടക്കിയപ്പോൾ പൊതുവിൽക്കിടന്ന വസ്തുക്കളെ കൈവശപ്പെടുത്തിയ നായകന്മാർ അവരുടെ ഭൃത്യന്മാർക്കു് അതുകൾ സമ്മാനിച്ചതുകൊണ്ടാണു ഈ വസ്തുക്കൾക്കു ഉടമസ്ഥാവകാശം വന്നുകൂടിയതെന്നു ചരിത്രങ്ങളിൽനിന്നു കാണുന്നു. അതുകൊണ്ടു കൃഷിക്കാരെ നന്നാക്കി രക്ഷിക്ക നായിട്ടല്ല വസ്തുക്കൾക്കു ഉടമസ്ഥാവകാശം വന്നുചേർന്നതെന്നുള്ളതു സ്പഷ്ടമാണു്. വസ്തുക്കൾക്കു ഉടമസ്ഥന്മാർ ഉണ്ടായിരിക്കുന്നതു കൃഷിക്കാർ വേലചെയ്യുന്ന വസ്തുക്കൾ അവരുടെ കൈവശത്തിൽനിന്നു പോകാതെയിരിക്കുമെന്നുള്ള ഉറപ്പിനുവേണ്ടിയാണെന്നുള്ള പ്രസ്താവനയും പരമാബദ്ധമാണെന്നു ഇപ്പോഴത്തെ വസ്തുകൾകൊണ്ടും കാണാം. എന്തെന്നാൽ വാസ്തവത്തിൽ ഇതിനു നേരേ വിപരീതമായ ട്ടാണു സംഭവിച്ചിട്ടുള്ളതും, ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നതും. വലിയ ജന്മിമാർക്കു ധാരാളം ആദായകരമായിരുന്നതും ഇപ്പോഴും അങ്ങനെയിരിക്കുന്നതുമായ ഈ വസ്തുടമസ്ഥാവകാശംമൂലം ഉണ്ടായ ഫലം എ

ന്താണു്? അതു മറെറാന്നുമല്ല; കൃഷിക്കാരന്മാർ എല്ലാവരും—അല്ലെങ്കിൽ അവരിൽ വലിയ ഭൂരിപക്ഷം ജനങ്ങളും—അന്യന്മാരുടെ വസ്തുക്കളിൽ വേലചെയ്യുന്നവരും അതു വസ്തുക്കളിൽനിന്നു വേലചെയ്യാത്ത ആളുകളുടെ തോന്നിയവാസംനിമിത്തം അടിച്ചോടിക്കപ്പെടത്തക്കവരും ആയിത്തീർന്നിരിക്കുന്നു. തൻമൂലം ഇപ്പോഴത്തെ വസ്തുടമസ്ഥാവകാശക്രമം കൃഷിക്കാരന്മാർ വേലചെയ്യുന്ന ഭൂമിയിൽ നിന്നുണ്ടാകുന്ന ആദായം അതു വേലക്കാർക്കുതന്നെ കിട്ടണമെന്നുള്ള അവരുടെ അവകാശത്തിനെ ബലപ്പെടുത്തുന്നില്ലാ; പിന്നെയോ, നേരേമറിച്ചു് വസ്തുക്കളിൽ കൃഷിചെയ്യുന്നവരെ അവയിൽനിന്നു ഓടിച്ചു് വേലചെയ്യാത്തവർക്കു ആ ആദായവും അനുഭവവും എടുക്കാൻ തരപ്പെടുത്തുകയാണു ചെയ്യുന്നതു്. അതിനാൽ കൃഷിയുടെ അഭിവൃദ്ധിക്കല്ലാ അധഃപതനത്തിനാണു ഈ മാർഗ്ഗം രീത്യായും ഉപയോഗപ്പെടുന്നതു്.

... ...

കരം ഏർപ്പെടുത്തുന്നതു സകല പൌരന്മാരുടെയും—മൌനാനുവാദമെങ്കിലും—സമ്മതപ്രകാരവും പൊതുജനനന്മയ്ക്കായിട്ടും, സകലരുടെയും പൊതുപ്രവർത്തനത്തിനായിട്ടു ചെലവുചെയ്യുന്നതിനും ആകയാൽ എല്ലാവരും അതു കരം കൊടുക്കേണ്ടതാണെന്നു പറയപ്പെടുന്നു. ഇതു വാസ്തവംതന്നെയാണോ?

ഈ ചോദ്യത്തിന്റെ ഉത്തരവും ചരിത്രത്തിനാലും ഇപ്പോഴത്തെ സ്ഥിതികളിൽനിന്നും വ്യക്തമായി കാണാവുന്നതാണു്. നികുതി ഏർപ്പെടുത്തുന്നതു് എപ്പോഴെങ്കിലും സകല പ്രജകളുടെയും സമ്മതപ്രകാരമാണെന്നു ചരിത്രത്തിൽ കാണുന്നില്ല. പിന്നെയോ ഇതിനു നേരേ വിപരീതമായി രാജ്യം പിടിച്ചടക്കിയോ മറ്റുവിധത്തിലോ അന്യന്മാരെ പാട്ടിലാക്കിയ ചുരുക്കംചിലർ അവരുടെ സ്വന്തം ചെലവിലേയ്ക്കായി (അല്ലാതെ പൊതുക്കാര്യങ്ങൾക്കായി

ട്ടില്ല.) ജനങ്ങളുടെ മേൽ കരം ഏർപ്പെടുത്തിവന്നതാണു്. ഇതുതന്നെയാണു ഇപ്പോഴും നടക്കുന്നതും. കരം പിരിക്കുവാൻ ശക്തിയുള്ളവർ മാത്രമേ അതിനെ സംഭരിക്കുന്നുള്ളു. ഇക്കാലങ്ങളിൽ കരം, ചുങ്കം, തീരുവ മുതലായവ ഏർപ്പെടുത്തി ഈ ജനങ്ങളിൽനിന്നു ഈടാക്കുന്ന സംഖ്യയിൽ ഏതാനും കുറച്ചുമാത്രം പൊതുക്കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ തന്നെ അതു മുക്കാലും അധികജനങ്ങൾക്കു ഉപകരിക്കത്തക്കവിധത്തിലല്ല, അവരെ ഉപദ്രവിക്കത്തക്കവണ്ണമാണു ചെലവുചെയ്യുവരുന്നതു്.

ഒന്നോരണ്ടോ ദൃഷ്ടാന്തങ്ങൾ എടുക്കാം. റഷ്യയിൽ കൃഷിക്കാരുടെ സകല ആദായത്തിന്റെയും മൂന്നിലൊന്നു കരമായി പിരിച്ചുവരുന്നുണ്ടു്. എന്നിട്ടും ഗവമ്മെൻറിന്റെ മുതലെടുപ്പിൽ അമ്പതിൽ ഒരംശംമാത്രമാണു് ജനങ്ങൾക്കു ഏറ്റവും അത്യാവശ്യമായ വിദ്യാഭ്യാസവിഷയത്തിൽ ചെലവാക്കുന്നതു്. ഈ തുകതന്നെയും ആ ജനങ്ങൾക്കുപകാരപ്പെടാതെ അവരെ മൂഢന്മാരാക്കി ഉപദ്രവിക്കുന്ന ഒരുതരം വിദ്യാഭ്യാസത്തിനാണു ചെലവുചെയ്യുന്നതും. കേവലം അനാവശ്യവും ജനങ്ങളെ ദ്രോഹിക്കുന്നതുമായ പട്ടാളത്തിനെ ഒരുക്കുക, കൃത്രിമ റയിൽപാതകൾ പണിയുക, കോട്ടകൾ, കൊത്തളങ്ങൾ, ജലികൾ മുതലായവ ഉണ്ടാക്കുക, പട്ടക്കാരെയും കോടതികളെയും പോറ്റുക, സിവിൽ പട്ടാളഉദ്യോഗസ്ഥന്മാർക്കു ശമ്പളംകൊടുക്കുക—അതായതു് ജനങ്ങളിൽനിന്നു ഈ കരം പിരിച്ചീടാക്കുവാൻ സഹായിക്കുന്ന ജനങ്ങൾക്കു ശമ്പളം കൊടുക്കുക—ഇക്കാര്യങ്ങൾക്കായിട്ടാണു ശേഷം അമ്പതിൽ നാല്പത്തൊമ്പതുഭാഗവും ചെലവാക്കുന്നതു്.

ഇങ്ങനെതന്നെയാണു് പേഷ്യ, തുർക്കി, ഇൻഡ്യ എന്നീ രാജ്യങ്ങളിലും, സകല ക്രിസ്തീയരാജ്യങ്ങളിലും, ജനാധിപത്യഭരണരാജ്യങ്ങളിലും എല്ലാം നടക്കുന്നതു്. ഒട്ടുമുക്കാലും

ജനങ്ങളിൽനിന്നു പണം പിരിച്ചുവരുന്നുണ്ടു്. അതവരുടെ സമ്മതമോ വിസമ്മതമോ നോക്കിയിട്ടല്ല; ഈടാക്കുന്ന പണത്തിന്റെ ആവശ്യം നോക്കിയിട്ടുമല്ല; കിട്ടാവുന്നിടത്തോളമാണു പിരിച്ചുവരുന്നതു്. പാർലമെണ്ടും നിയമസഭയും പ്രജാസഭകളും എല്ലാം എങ്ങിനെ ഉണ്ടാകുന്നുവെന്നും അവമൂലം പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ എങ്ങനെ പ്രതിബിംബിക്കപ്പെടുന്നു എന്നും മറ്റും നമുക്കറിഞ്ഞുകൂടെയോ? ഈ പണമെല്ലാം പൊതുജനനന്മയ്ക്കായിട്ടല്ല, ഭരണാധികാരികൾ അവക്കാവശ്യമെന്നു തോന്നുന്ന സംഗതികൾക്കായിട്ടാണു ചെലവുചെയ്യുന്നതു്. കൃഷ്ണായിലോ ഫിലിപ്പൈൻ ദ്വീപുകളിലോ യുദ്ധം നടത്തുന്നതിനോ ട്രാൻസ്വാളിലെ ധനമെല്ലാം കൈവശപ്പെടുത്തി സൂക്ഷിക്കുന്നതിനോ അല്ലെങ്കിൽ മറ്റേവിധ കാര്യങ്ങൾക്കോ ആണു് പണത്തിന്റെ ചെലവെല്ലാം. അതിനാൽ നികുതി ഏർപ്പെടുത്തുന്നതു പൊതുജനസമ്മതപ്രകാരം പൊതുജനശ്രേയസ്സിനു വേണ്ടിയാണെന്നു പറയപ്പെടുന്നതു്, കൃഷിക്കാരുടെനന്മയ്ക്കു വസ്തുക്കളിന്മേൽ ഉടമസ്ഥാവകാശം ആർക്കെങ്കിലും ഉണ്ടായിരിക്കണമെന്നു പറയുന്നതുപോലെതന്നെ, രീതിയും വ്യാജവും അന്യായവുമാണു്.

... ...

ജനങ്ങൾക്കു തങ്ങളുടെ കാലക്ഷേപത്തിനു പല സാമാനങ്ങളും ആവശ്യമായിരിക്കുമ്പോൾ, ആ സാമാനങ്ങൾ അന്യന്മാരുടെ വകയായതുകൊണ്ടു് അവക്കു് അവയെ ഉപയോഗിച്ചുകൂടെന്നു പറയുന്നതു നല്ലതാണോ?

വേലചെയ്യുന്നവർക്കു തങ്ങളുടെ വേലയുടെ ഫലം അനുഭവിക്കാമെന്നു ഉറപ്പുകൊടുക്കുന്നതിനുവേണ്ടിയാണു് അവർ സമ്പാദിക്കുന്ന സാമാനങ്ങളിൽ ഉടമസ്ഥാവകാശം ഏർപ്പെടുത്തിയിരിക്കുന്നതെന്നു പറയപ്പെടുന്നു. ഇതു വാസ്തവമാണോ?

നമ്മുടെ ലോകത്തിൽ ഇപ്പോൾ നടന്നുവരുന്ന ഏ
റ്റുട്ടുകളെ ഒന്നു നോക്കിയാൽ മാത്രം മതി. എന്നാൽ
സാമാനങ്ങളുടെ ഉടമസ്ഥാവകാശം ബലമായി ഏറ്റെടു
ത്തപ്പെട്ടിട്ടുണ്ടെങ്കിലും അതിന്റെ ഫലം മേല്പറഞ്ഞ പ്ര
സ്താവത്തിനു നേരെ പ്രതിക്രൂലമായിട്ടിരിക്കുന്നുവെന്നു നമുക്കു
ബോദ്ധ്യപ്പെടും. ഉണ്ടാക്കപ്പെടുന്ന സാമാനങ്ങളുടെമേൽ
ഉടമസ്ഥാവകാശം ഇരിക്കുന്നതിന്റെ ഫലമായി, ആ അവ
കാശം യാതൊന്നിനെ രക്ഷിക്കാനായി ഏറ്റെടുത്തപ്പെട്ടിരി
ക്കുന്നോ അതിനെ ഇല്ലായ്മചെയ്കയാണു നമ്മുടെ സമുദാ
യത്തിൽ കണ്ടുവരുന്നതു്. അതായതു് തൊഴിലാളികൾ ഉ
ണ്ടാക്കിക്കൊടുത്തവയും സദാ ഉണ്ടാക്കുന്നവയുമായ സാധന
ങ്ങളെ—അതെല്ലാം ഉണ്ടാക്കുന്ന സമയംതന്നെ—അവയെ
വേലചെയ്യുണ്ടാക്കാത്ത അന്യരാളുകൾ കൈവശപ്പെടുത്തി
വരികയാണു ചെയ്യുന്നതു്.

അതിനാൽ വേലക്കാർക്കു അവരുടെ വേലയുടെ ഫലം
അനുഭവിപ്പാൻ സൗകര്യപ്പെടുത്തുന്നതിനാണു സാമാനങ്ങ
ളിൽ ഉടമസ്ഥാവകാശം ഏറ്റെടുത്തപ്പെട്ടിരിക്കുന്നതെന്നു
പറയുന്നതു്, സ്ഥാവരവസ്തുക്കളുടെ ഉടമസ്ഥത ഏറ്റെടുത്തുപതി
നെക്കാൾ പ്രത്യക്ഷതരമായ ഒരു വലിയ അസംബന്ധമാണു്.
ഇതു രണ്ടും അസംബന്ധമായ ഒരേ പ്രമാണത്തിന്മേൽ
സ്ഥാപിക്കപ്പെട്ടതാണു്. ഒന്നാമതായി വേലക്കാരുടെ വേ
ലയുടെ ഫലത്തിനെ അന്യായമായും, അക്രമമായും ബലം
പ്രയോഗിച്ചും അവരുടെ കയ്യിൽനിന്നു തട്ടിപ്പറിക്കുന്നു.
പിന്നീടു് ഈ തൊഴിലാളികളുടെ കയ്യിൽനിന്നു അവരുടെ
വേലയുടെ ഫലത്തിനെ അക്രമമായി, അന്യായമായി കൊ
ള്ളചെയ്യുന്ന വേലചെയ്യാത്തവരുടെ വകയാണു് സാമാന
ങ്ങളും എന്നു നിയമം വന്നു പ്രഖ്യാപിക്കയും ചെയ്യുന്നു.

വേലചെയ്യുന്നവരെ കബളിപ്പിച്ചു വഞ്ചിച്ചു സമ്പാദി
ക്കപ്പെട്ടുന്ന യന്ത്രശാല മുതലായ സാധനങ്ങളെ വേലയുടെ

ഫലമായി വിചാരിക്കുന്നു. അവയെ വളരെ ബഹുമാനമായി കേട്ടുക്രടാതെ സൂക്ഷിക്കുന്നുമുണ്ടു്. എന്നാൽ ഈ യന്ത്രശാലകളിൽ വേലചെയ്യുന്ന ബലികഴിക്കപ്പെടുന്നവരുടെ—തൊഴിലാളികളുടെ—ജീവിതവും, അവരുടെ വേലയും ഒന്നും അവരുടെ സ്വന്തസമ്പാദ്യമായിട്ടല്ലാ, യന്ത്രശാലകളുടെ ഉടമസ്ഥന്മാരുടെ വകയായിട്ടാണു ഗണിക്കപ്പെട്ടുന്നതു്. വേലക്കാരുടെ ബുദ്ധിമുട്ടുകളെയും, ആവശ്യങ്ങളെയും കണ്ടറിഞ്ഞു പ്രവൃത്തിയിൽ നിയമപ്രകാരമായ ഒരു രീതിയിൽ അവരെ മുതലാളികൾ ബന്ധിക്കയും ചെയ്യുന്നു. കൃഷിക്കാരെ ഭയപ്പെടുത്തിയും, കൊള്ളചെയ്തും സംഭരിക്കുന്ന അനേകായിരം ചാക്കു ധാന്യങ്ങൾ കച്ചവടക്കാരുടെ വകയാണെങ്കിലും എള്ളപ്പത്തിൽ സ്ഥാപിക്കുന്നു അതുപോലെ വിളഞ്ഞുകിടക്കുന്ന ധാന്യങ്ങൾ വേലചെയ്തവരുടെ വകയായിട്ടല്ല, ജനങ്ങളുടെ കയ്യിൽനിന്നു നിലംപുരയിടങ്ങൾ തട്ടിപ്പറിച്ചെടുത്ത ഒരു പൂവീകന്റെ പിൻഗാമിയായ വേറൊരുത്തന്റെ വകയായിട്ടാണു ഘോഷിക്കപ്പെടുന്നതു്. യന്ത്രശാലാനാഥന്മാരുടെയും, മുതലാളിമാരുടെയും, വസ്തുവകമസ്ഥന്മാരുടെയും, അവകാശങ്ങളെപ്പോലെ, യന്ത്രശാലകളിലും നാട്ടിൻപുറങ്ങളിലും വേലചെയ്യുന്ന സാധുക്കളുടെ സ്വത്തുക്കളെയും നിയമം ഒരുപോലെ സംരക്ഷിക്കുന്നു എന്നാണു് പറയപ്പെടുന്നതു് ഒരുത്തന്റെ കാലുകൾ ക്രട്ടിക്കെട്ടിയും, മറെറാരുത്തന്റെ കൈകളിൽ സകല ആയുധങ്ങളും കൊട്ടത്തുവെച്ചു് ആ രണ്ടാളുകളെയും അന്യോന്യം യുദ്ധംചെയ്യിക്കുമ്പോൾ, അവരുടെ നേർക്കു പക്ഷഭേദംക്രടാതെ കണിശമായി നിയമം പ്രയോഗിക്കുമ്പോൾ, ഈ വഴക്കാളികൾ തമ്മിൽ എന്തു സാമ്യമാണോ ഉള്ളതു് അതേ സാമ്യമാണു് ഒരു മുതലാളിയും തൊഴിലാളിയും തമ്മിൽ ഉള്ളതു്.

പണ്ടു അടിമത്തത്തിന്റെ ആവശ്യകതയെയും, ന്യായത്തെയും പറഞ്ഞുവന്ന വ്യാഖ്യാനങ്ങൾ എത്രമാത്രം

കൃത്രിമവും വ്യാജവുമായിരുന്നോ, അത്രമാത്രംതന്നെ കൃത്രിമവും വ്യാജവുമാണ് ഇപ്പോൾ അടിമത്തത്തെ ഉണ്ടാക്കുന്ന ഈ മൂന്നുതരം നിയമങ്ങളുടെ ആവശ്യത്തെയും, ന്യായത്തെയുംപറ്റി പറയപ്പെടുന്ന വ്യാഖ്യാനങ്ങളും. പഴയരീതിയിലുണ്ടായിരുന്ന അടിമത്തത്തെ നീക്കി പുതിയരീതിയിൽ അടിമത്തം സ്ഥാപിച്ചു എന്നുള്ളതുമാത്രമാണ് ഈ നിയമങ്ങളുടെ ഫലം. ചിലർക്ക് മറ്റുചിലരെ വിലയ്ക്കുവാങ്ങുകയും, വില്ക്കുകയും, കൈവശം വെച്ചുകൊണ്ടിരിക്കയും, വേല ചെയ്യിക്കയും ആകാമെന്നു നിയമങ്ങൾ അന്നു അനുവദിച്ചതുകൊണ്ടു അടിമത്തം ഉണ്ടായതുപോലെ, മനുഷ്യർ അന്യന്മാരുടേതെന്നു വെച്ചിരിക്കുന്ന ഭൂമികളെ ഉപയോഗിക്കരുതെന്നും, ചോദിക്കുന്ന കരങ്ങളെല്ലാം ഒന്നുംമിണ്ടാതെ കൊടുത്തുകൊള്ളണമെന്നും, അന്യന്മാരുടെ വകയെന്നു കരുതപ്പെടുന്ന സാധനങ്ങൾ ഉപയോഗിച്ചുകൂടെന്നും നിയമങ്ങൾ ഇരിക്കുന്നതുകൊണ്ടു നമ്മുടെ കാലത്തെ അടിമത്തം ഉണ്ടായിരിക്കുന്നതാണ്.

X

നിയമങ്ങൾ അടിമത്തത്തിന്റെ ഹേതുവെന്നു്

നമ്മുടെ കാലങ്ങളിലെ അടിമത്തം മൂന്നു നിയമപരമ്പരകളാൽ ഉണ്ടാക്കുന്നതാണ്. അതായതു് സ്ഥാവരവസ്തുവകകളുടെ ഉടമസ്ഥതയെ സംബന്ധിച്ചും, നികുതിസംബന്ധമായും, സാമാനങ്ങളുടെ ഉടമസ്ഥതയെപ്പറ്റിയും ഉള്ള നിയമങ്ങൾതന്നെ. അതിനാൽ വേലക്കാരുടെ സ്ഥിതിയെ നന്നാക്കണമെന്നുദ്ദേശിക്കുന്നവരുടെ ശ്രമങ്ങളെല്ലാം നിശ്ചയമായും (അവരറിയാതെയെങ്കിലും) ഈ മൂന്നു നിയമസമൂഹങ്ങളുടെനേരെ പ്രയോഗിക്കപ്പെടുന്നു.

വേലക്കാരുടെമേൽ ചുമത്തപ്പെട്ടിരിക്കുന്ന നികുതിഭാരങ്ങളെല്ലാം ചിലക്രൂട്ടർ അവരിൽനിന്നു ധനപ്രഭുക്കന്മാരുടെ പേരിലേയ്ക്കു മാറുന്നു; മറുചിലർ വസ്തുക്കളിലുള്ള ഉടമസ്ഥാവകാശം ഇല്ലായ്മചെയ്യാൻ ശ്രമിക്കുന്നു. അമേരിക്കായിൽ ഒരു ഭാഗത്തും ന്യൂസീലണ്ടിലും ഇതു രണ്ടും നടപ്പിൽവരുത്താൻ ഉത്സാഹങ്ങൾ കാണുന്നു. അയർലണ്ടിൽ വസ്തുവുടമസ്ഥന്മാരുടെ അവകാശങ്ങളെ പരിമിതമാക്കാനുള്ള ശ്രമം കാണുന്നതും ഇതുകൊണ്ടുതന്നെ. മൂന്നാമതൊരു ക്രൂട്ടരാകട്ടെ — അതായതു സമഷ്ടിവാദികൾ — ധനസമ്പാദനമാർഗ്ഗങ്ങളെല്ലാം സമുദായത്തിന്റെ പൊതുകൈവശമാക്കാനും, മുതലെടുപ്പിനും, അവകാശവഴി ലഭിക്കുന്ന വസ്തുക്കൾക്കും കരംചുമത്താനും, മുതലാളികളുടെ അവകാശങ്ങളെ ചുരുക്കുവാനും ഏർപ്പാടുകൾചെയ്യുവരുന്നു. ഇതുകൊണ്ടു അടിമത്തത്തെ പുലർത്തുന്ന നിയമങ്ങളൊക്കെ റദ്ദുചെയ്യപ്പെട്ടുമെന്നും, തദ്വാരാ അടിമത്തമേ ഇല്ലാതെയാകുമെന്നും തോന്നാനിടയുണ്ടു്. എന്നാൽ ഈ നിയമങ്ങളെ റദ്ദുചെയ്യാനുപയോഗിക്കുന്ന മാർഗ്ഗങ്ങളെയും, ഉപായങ്ങളെയും അല്പം അടുത്തു സൂക്ഷിച്ചു പരിശോധിച്ചാൽ ഈ വിദ്യകളും പ്രയത്നങ്ങളുമെല്ലാം തൊഴിലാളികളുടെ അവസ്ഥയെ നന്നാക്കുകയല്ല, പഴയരീതിയിലുള്ള അടിമത്തത്തെ നീക്കി പുതിയരീതിയിലുള്ള അടിമത്തം സ്ഥാപിക്കയാണു് ചെയ്യുന്നതെന്നു കാണപ്പെടും. ഉദാഹരണമെടുക്കാം. നേരിട്ടുള്ള നികുതിഭാരങ്ങളെ റദ്ദുചെയ്യ് കരം, തീരുവ മുതലായതു സാധുക്കളുടെ തലയിൽനിന്നു ധനികന്മാരുടെ തലയിലേയ്ക്കു മാറുന്നവക്ക്, ഈ കരവും ചുങ്കവും എല്ലാം യാതൊന്നിനോ ബാധിക്കുന്നതാണോ ആ ധനസമ്പാദനമാർഗ്ഗങ്ങളെയും, ഉടമസ്ഥാവകാശത്തെയും, വസ്തുവുടമസ്ഥതയെയും ഉറപ്പിക്കാതിരിക്കാൻ നിവൃത്തിയില്ല. അതിനാൽ നികുതിഭാരത്തിൽനിന്നു വേലക്കാരെ ഒഴിക്കാമെങ്കിലും വസ്തുക്കളെയും, വകകളെയും കുറിച്ചുള്ള നിയമങ്ങൾകാരണം ഈ വേലക്കാരെ

വസ്തുവുടമസ്ഥന്മാരുടെയും, മുതലാളന്മാരുടെയും അടിമകളാക്കിവെക്കുന്നു. ഹെൻറി ജോജ്ജിനെയും അദ്ദേഹത്തിന്റെ കക്ഷികളെയും പോലെ, വസ്തുവുടമസ്ഥാവകാശം ഇല്ലായ്മചെയ്യാൻ ഉത്സാഹിക്കുന്നവർ വസ്തുക്കളിന്മേൽ നിർബ്ബന്ധിതമായി പുതിയ കരങ്ങളെ സ്ഥാപിപ്പാൻ നിയമങ്ങൾ ഉണ്ടാക്കണമെന്നു വിചാരിക്കുന്നു. ഈ നിർബ്ബന്ധിതമായ കരമേർപ്പെടുത്തൽ നിശ്ചയമായും ഒരു പുതിയമാതിരി അടിമത്തത്തെ സൃഷ്ടിക്കും. എന്തെന്നാൽ കരം കൊടുപ്പാൻ നിർബ്ബന്ധിക്കപ്പെടുന്ന ഒരുത്തനു് ഒരിക്കൽ വിളവുനാശമോ, കഷ്ടതയോ വരുമ്പോൾ അവനു കടംവാങ്ങേണ്ടതായും തന്മൂലം അടിമയാകേണ്ടതായും വരുന്നു. സമഷ്ടിവാദികളെപ്പോലെ, വസ്തുവുടമസ്ഥാവകാശം നീക്കി ധനാഗമമാർഗ്ഗങ്ങളെ ജനസമുദായത്തിന്റെ പൊതുകൈവശത്തിലാക്കുന്നതിനു ശ്രമിക്കുന്നവർ, നികുതിനിയമങ്ങളെ യഥാസ്ഥിതിയിൽ ഇട്ടുകയും, നിർബ്ബന്ധിച്ചു വേലചെയ്യിക്കുന്നതുമായ നിയമങ്ങളെ സൃഷ്ടിക്കയും ചെയ്യേണ്ടതായിവരുന്നു. അതായതു് പണ്ടത്തെരീതിയിൽ വീണ്ടും അടിമത്തം ഉണ്ടാക്കുകതന്നെ.

ഇങ്ങിനെ ഏതുവഴിക്കുപോയാലും, ഒരു സമ്പ്രദായത്തിലുള്ള അടിമത്തത്തെ പുലർത്തുന്ന ചില നിയമങ്ങൾ റദ്ദുചെയ്യപ്പെടുമ്പോൾ വേറൊരു സമ്പ്രദായത്തിലുള്ള അടിമത്തത്തെ പുറപ്പെടുവിക്കുന്ന ചില പുതിയ നിയമങ്ങൾ ഉണ്ടാകയാണു് ഇതേവരെ—എന്നല്ലാ എല്ലായ്പോഴും—നടന്നുവരുന്നതു്.

ഒരു തടവുപുള്ളിയുടെ ചങ്ങലകൾ കഴുത്തിൽനിന്നു കൈകളിലേക്കും, കൈകളിൽനിന്നു കാലുകളിലേക്കും മാറുകയോ, അല്പാത്മപക്ഷം ചങ്ങലകൾ നീക്കിയും വെച്ചു അവനെ ഏകാന്തമുറിയിൽ ബന്ധോബസ്തുചെയ്തു അടയ്ക്കുകയോചെയ്യുന്ന ഒരു ജയിലരുടെ പ്രവൃത്തികൾപോലെയാണു ഈ പ്രവൃത്തികളെല്ലാം. തൊഴിലാളികളുടെ സ്ഥിതി നന്നാ

ക്കാൻ വിചാരിച്ചുചെയ്യുന്ന പ്രയത്നങ്ങളൊക്കെ ഈവിധത്തിലാണു് കലാശിക്കുന്നതു്.

യജമാനന്മാക്കു് തങ്ങളുടെ അടിമകളെ മട്ടിച്ചു വേല ചെയ്യിക്കാമെന്നുള്ള നിയമങ്ങളെ മാറ്റിയും വച്ചു യജമാനന്മാക്കു് സകല ഭൂമിയുടെയും ഉടമസ്ഥന്മാരാകാമെന്നുള്ള വിധം നിയമമുണ്ടാക്കാം. നിലാപുരയിടങ്ങളൊക്കെ യജമാനന്മാരുടെ സ്വന്തമാക്കാമെന്നുള്ള നിയമങ്ങളും അസ്ഥിരപ്പെടുത്തിയും വെച്ചു ഈ യജമാനന്മാരുടെ കൈകാര്യഭരണത്തിൽ നികുതിനിയമങ്ങളെ ഉണ്ടാക്കിക്കൊടുക്കാം ഇനി പക്ഷേ നികുതികളെ അശേഷം ഇല്ലായ്മചെയ്തിട്ടു ഉണ്ടാകുന്ന സാധനങ്ങളുടെയും, ധനാഗമമാർഗ്ഗങ്ങളുടെയും ഉടമസ്ഥാവകാശംമുഴുവൻ ചിലക്രൂട്ടുകാർ വഹിക്കാമെന്നുള്ള നിയമവും പാസ്സാക്കാമായിരിക്കാം. വസ്തുക്കളുടെയും, ജീവിതോപകരണങ്ങളുടെയും ധനാഗമമാർഗ്ഗങ്ങളുടെയും ഉടമസ്ഥാവകാശം നിശ്ശേഷം നശിപ്പിച്ചിട്ടു്, ഇപ്പോൾ ആലോചന നടക്കുന്നതുപോലെ, പക്ഷേ നിർബ്ബന്ധിച്ചു്, പ്രേരിപ്പിച്ചു് വേലചെയ്യിക്കത്തക്ക നിയമങ്ങളെ ഏർപ്പെടുത്തിയെന്നും വരാം.

അതിനാൽ നികുതിഭാരമാകട്ടെ, ഉടമസ്ഥാവകാശമാകട്ടെ, അല്ലെങ്കിൽ ജീവിതസാധനങ്ങളുടെയും, ധനസമ്പാദനമാർഗ്ഗങ്ങളുടെയും അവകാശമാകട്ടെ—ഇന്നുമുതൽക്കാലത്തുള്ള അടിമത്തത്തെ നിലനിർത്തിക്കൊണ്ടുവരുന്ന ഒരു നിയമത്തെ മാറുന്നതുകൊണ്ടു അടിമത്തം നശിക്കുന്നില്ലെന്നും അനേകമേറിച്ചു ഒന്നിനുപകരം ഉടനെ വേറൊരു സ്വരൂപത്തിലുള്ള അടിമത്തംവരുകയാണു് ചെയ്യുന്നതെന്നും ഉള്ളതു് സുവ്യക്തമാണു്. ഈവിധത്തിലാണു് പഴയ അടിമത്തങ്ങളെയും, നികുതിനിയമങ്ങളെയും അസ്ഥിരപ്പെടുത്തിയതു്. ഈ മൂന്നു നിയമസമൂഹങ്ങളെയും ഒന്നാകെ റദ്ദുചെയ്താൽ തന്നെയും അടിമത്തം നശിച്ചുപോകയില്ലാ. പിന്നെയോ, മുമ്പറിഞ്ഞിട്ടില്ലാത്തതും, പരീക്ഷിക്കപ്പെടാത്തതും ആയ ഒരു

വിശേഷസ്വരൂപത്തിലുള്ള അടിമത്തം ഉടനെ ആവിർഭവിക്കും. വേലസ്സമയം, വേലക്കാരുടെ വയസ്സും ആരോഗ്യവും, വേലക്കാർ നിർബ്ബന്ധമായി, പള്ളിക്കൂടങ്ങളിൽ ഹാജരാകണമെന്നുള്ള ഏർപ്പാടുകളും, വയസ്സുകാലങ്ങളിലോ അപകടകാലങ്ങളിലോ അവക്ക് കൊടുപ്പാനായി ഇപ്പോൾ അവരുടെ ശമ്പളത്തിൽ ഓഹരികളും പിടിച്ചുവെക്കുക, യന്ത്രശാലാതൊഴിൽ പരിശോധന മുതലായവയേപ്പറ്റി വേലക്കാരുടെ സ്വാതന്ത്ര്യത്തെ ഭഞ്ജിക്കുന്ന നീണ്ടനിലക്കാത്ത പല നിയമങ്ങളിൽനിന്നെയും ഇതിന്റെ ലക്ഷ്യം വേണ്ടുവോളം കണ്ടുതുടങ്ങിയിട്ടുമുണ്ട്.

തന്മൂലം അടിമത്തത്തിന്റെ അസ്ഥിഭാരം ഇരിക്കുന്നതു് ഈ മൂന്നു നിയമമാലകളിലോ, ഇതുപോലെയുള്ള മറവു നിയമപരമ്പരകളിലോ ഒന്നുമല്ല. പിന്നെയോ നിയമനിർമ്മാണാധികാരസ്ഥാപനത്തിൽതന്നെയാണു്. അതായതു സ്വേച്ഛാപ്രഭുത്വപരമായി സ്വാർത്ഥലാഭത്തിനുവേണ്ടി നിയമങ്ങളെ നിർമ്മിക്കാൻ ത്രാണിയുള്ളവർ ഉണ്ടായിരിക്കുന്നതിലാണു്. ഈ ജനങ്ങൾക്കു ഈ ത്രാണി ഉണ്ടായിരിക്കുന്നിടത്തോളംകാലം അടിമത്തം നിലനില്ക്കുന്നതുമാണു്.

ആദ്യം ജംഗമസാമാനങ്ങളുടെ നിലയിലുള്ള അടിമകൾ ഉണ്ടായിരുന്നതിൽ ജനങ്ങൾക്കു വലിയ ലാഭമുണ്ടായിരുന്നു; അതിനാൽ തത്സംബന്ധമായ ചട്ടങ്ങൾ നിർമ്മിക്കപ്പെട്ടു. പിന്നീടു വസ്തുക്കളെ കൈവശപ്പെടുത്തിവെയ്ക്കുന്നതിലും, കരങ്ങൾ ഏർപ്പെടുത്തുന്നതിലും, സമ്പാദിക്കുന്ന ജീവിതോപകരണങ്ങളെ സൂക്ഷിക്കുന്നതിലും വലിയ ആടാടയങ്ങൾ ഉണ്ടായിവന്നു. അപ്പോഴപ്പോൾ യഥാവിധി നിയമങ്ങളും ഉണ്ടാക്കിവന്നു. ഇപ്പോഴാകട്ടെ വേലകളെ വിഭജിക്കുന്നതിലും, നടത്തിക്കുന്നതിലും ഉള്ള ലാഭങ്ങളെ നിലനിർത്തുന്നതിൽ ചില ജനങ്ങൾക്കു ആഗ്രഹം ഉണ്ടാകയും,

തന്മൂലം ഇപ്പോഴത്തെ തൊഴിൽവിഭജനത്തെ സംബന്ധിച്ചു മറവുള്ളവരെ നിർബ്ബന്ധിക്കാൻ ചട്ടങ്ങളുണ്ടാക്കിവരുകയും ചെയ്യുന്നു. അതിനാൽ അടിമത്തത്തിന്റെ "നാരായവേരു" നിയമനിർമ്മാണാധികാരം—അതായതു നിയമങ്ങളെ നിർമ്മിക്കാൻ കഴിവുള്ള ചില ക്രൂട്ടർ ഉണ്ടെന്നുള്ള സംഗതി—മാത്രമാണു".

നിയമനിർമ്മാണമെന്നുപറഞ്ഞാൽ എന്താണു"? നിയമങ്ങളുടം ഉണ്ടാക്കാനുള്ള അധികാരം ചില ആളുകൾക്കു കൊടുക്കുന്നതു എന്തൊന്നാണു"?

XI

നിയമനിർമ്മാണാധികാരത്തിന്റെ അടിസ്ഥാനം സുസംവിദ്ധമായ (Well-Organised) അക്രമബലമാണു".

നിയമനിർമ്മാണാധികാരം എന്നാൽ എന്തു"? എന്താണു" ജനങ്ങളെ നിയമനിർമ്മാണത്തിനു അധികാരമുള്ളവരാക്കിത്തീർക്കുന്നതു"?

ഈ വിഷയത്തെസംബന്ധിച്ചു രാഷ്ട്രീയധനശാസ്ത്രത്തെക്കാൾ പുരാതനവും, വ്യാജപ്രധാനവും, കഴമ്പുമേറിയതും ആയ ഒരു ശാസ്ത്രസിദ്ധാന്തപടലവും, തല്പക്ഷപാതികം അനേകവർഷശതങ്ങളിലായി എഴുതിക്കൂട്ടിയ പരസ്പരവിരുദ്ധങ്ങളായ ലക്ഷോപലക്ഷം ഗ്രന്ഥങ്ങളും ഉണ്ടു". എന്നാൽ രാഷ്ട്രീയസാമ്പത്തികശാസ്ത്രമെന്നതുപോലെ, ഇപ്പോഴുള്ള സ്ഥിതികളെ പരിശോധിച്ചു ശരിയായിട്ടിരിക്കേണ്ട മാർഗ്ഗങ്ങളെ വൃണ്ടിക്കാണിക്കുന്നതിനുപകരം ഇപ്പോൾ നടപ്പിലിരിക്കുന്ന ഏർപ്പാടുകളാണു" അത്യുത്തമ

മെന്ന തെളിയിക്കണമെന്നാണു് ഈ ശാസ്ത്രപട്ടുക്കളുടെയും ഉദ്ദേശം അതിനാൽ അവകാശങ്ങൾ, അവകാശനാഥന്മാർ, അവകാശവിഷയങ്ങൾ, രാഷ്ട്രീയതത്വങ്ങൾ മുതലായ സംഗതികളെക്കുറിച്ചു്—ഉപാദ്ധ്യായന്മാക്കും ശിഷ്യന്മാക്കും ഒരുപോലെ ദുർഗ്രഹങ്ങളായ പ്രമാണങ്ങളെ വിമർശിക്കുകയാണു് ഈ നിയമശാസ്ത്രത്തിലും ചെയ്യപ്പെട്ടിരിക്കുന്നതു്. നിയമനിർമ്മാണാധികാരമെന്നാൽ എന്തെന്നുള്ള ചോദ്യത്തിനു കൃത്യവും, വ്യക്തവുമായ ഒരു മറുപടിയും അവിടെ കാണുന്നില്ല.

ഈ ശാസ്ത്രപ്രകാരം നിയമനിർമ്മാണമെന്നതു ഒരു രാജ്യത്തിലെ പ്രജകളുടെ പൊതുവായ ഇഷ്ടത്തെ പ്രഖ്യാപനംചെയ്യുകയാണു്. എന്നാൽ നിയമങ്ങളെ ലംഘിക്കയോ, ലംഘിക്കാനാഗ്രഹിക്കുന്നുണ്ടെങ്കിലും ശിക്ഷയെക്കുറിച്ചുള്ള ഭയംനിമിത്തം അങ്ങിനെ ലംഘിക്കാതിരിക്കയോ ചെയ്യുന്നവർ, നിയമത്തെ പാലിക്കാനാഗ്രഹിക്കുന്നവരെക്കാൾ എല്ലായ്പോഴും തുലോം അധികമായിരിക്കും. തന്മൂലം നിയമനിർമ്മാണമെന്നതു പൗരജനങ്ങളുടെ എല്ലാവരുടേയും ഇഷ്ടത്തിനെ പ്രഖ്യാപിക്കയാണെന്നു പറയുന്നതു് അബദ്ധമാണെന്നു തെളിയുന്നു.

കുറെ ദൃഷ്ടാന്തങ്ങൾ എടുത്തു പരിശോധിക്കാം. കമ്പിത്തുണികളെ നാശപ്പെടുത്തരുതു്; ചില പ്രത്യേകജനങ്ങളെ ബഹുമാനിക്കണം; ഓരോരുത്തരും പട്ടാളത്തിൽചേർന്നു പണിഎടുക്കണം; നീതിന്യായപരിപാലനത്തിൽ സകലരും സഹായിക്കണം; ചില സാമാനങ്ങൾ ചില അതിരുകൾക്കപ്പുറത്തുകൊണ്ടുപോയ്ക്കൂടാ; മറെറാരാളുടേതെന്നു വിചാരിക്കപ്പെട്ടുവരുന്ന ഭൂമിയെ അനുമതിയുപയോഗിക്കരുതു്; കള്ളനാണയങ്ങൾ ഉണ്ടാക്കാൻപാടില്ല; മറവുള്ളവരുടെയാണെന്നു ഗണിക്കപ്പെടുന്ന സാധനങ്ങൾ തൊട്ടുകൂടാ — എന്നിങ്ങനെ വളരെക്കായ്യങ്ങളെപ്പറ്റി നിയമങ്ങൾ ഉണ്ടു്.

ഈ നിയമശാസനങ്ങളും മറ്റുള്ളവയും എല്ലാം വളരെ വളരെ കുഴപ്പമുള്ളവയും, നാനാവിധങ്ങളിലുള്ള ഉദ്ദേശങ്ങളെ പുരസ്കരിച്ചു പാസ്സാക്കപ്പെട്ടവയും ആണു്. ഇവയിൽ ഒന്നാംതന്നെ ജനങ്ങളുടെ ഒക്കെയും ഇഷ്ടത്തിനനുസരിച്ചാണെന്നു പറയാൻ നിവൃത്തിയില്ല. എങ്കിലും ഇവയെല്ലാം പൊതുവായി ഒരു ലക്ഷണം മാത്രമുണ്ടു്. അതായതു് ആരെങ്കിലും അവയെ ലംഘിച്ചാൽ ഉടനെ ഈ നിയമങ്ങൾ ഏർപ്പെടുത്തിയവർ സായുധന്മാരായ ആളുകളെ പറഞ്ഞയയ്ക്കയും, ഈ ക്രൂരൻചെന്നു നിയമത്തെ ലംഘിച്ചവനെ ബന്ധോബസ്തിലാക്കുകയോ, തല്ലിക്കൊല്ലുകപോലുമോ ചെയ്യുകയും ഉണ്ടാകുമെന്നുള്ളതാണു്.

ഒരുവൻ വേലചെയ്യണ്ടാക്കുന്ന സമ്പാദ്യത്തിന്റെ ഒരുപങ്കു് കരമായിട്ടു കൊടുക്കണമെന്നു നിയമാധികൃതന്മാരാവശ്യപ്പെട്ടാൽ അവൻ അതു് ഉടനെ കൊടുത്തുകൊള്ളണം. ഇല്ലെങ്കിലോ? ചെട്ടെന്നു ആയുധപാണികളായ തടിയന്മാർ വന്നു അതിനെ ബലമായിട്ടെടുത്തുകൊണ്ടു പോകയും, അവൻ അതിനെ തടയുകയാണെങ്കിൽ അവനെ അവർ തല്ലിപിടിച്ചു വിലങ്ങുംവെച്ചു തടവിലിടുകയും, ചിലപ്പോൾ വേണ്ടിവന്നാൽ അവനെ കൊല്ലുകയുംപോലും ചെയ്യും. മറ്റൊരുത്തന്റെ വകയെന്നു ഗണിക്കപ്പെടുന്ന ഭൂമി ഉപയോഗിക്കുന്നവനും ഗതി ഇതുതന്നെ. വേറൊരാളിന്റെ വകയാക്കി വെച്ചിരിക്കുന്ന ഒരു സാധനത്തെ തന്റെ ആവശ്യത്തിനോ, തന്റെ ജോലിക്കുവേണ്ടിയോ ഉപയോഗിക്കുന്നവനും ഗതി വേറൊന്നുമല്ല. ആയുധങ്ങളും എടുത്തു് ചില മനുഷ്യർവന്നു അവന്റെ വീട്ടിൽക്കയറി അവന്റെ പക്കൽനിന്നും ആ സാധനങ്ങളെ ബലാൽക്കാരമായി പിടിച്ചു പറിക്കയോ, അവനതിനെ നിരോധിക്കുന്നപക്ഷം അവർ അവനെ തല്ലിപിടിച്ചു ബന്ധിക്കയോ, കൊല്ലുകപോലുമോ ചെയ്യുന്നു. ജനങ്ങൾ മാനിക്കണമെന്നു നിയമങ്ങൾ പ്രഖ്യാ

പിച്ചിട്ടുള്ള ആളുകളെ ബഹുമാനിക്കാതിരിക്കയോ, പട്ടാളത്തിൽ ചേരണമെന്നാവശ്യപ്പെട്ടപ്പോൾ അതിനെ നിരസിക്കയോ, കള്ളനാണയങ്ങൾ അടിക്കയോ ചെയ്യുന്നവനും ഫലം ഇതുതന്നെയാണു്.

പാസ്സാക്കപ്പെട്ടുന്ന നിയമങ്ങളെ ബഹുമാനിക്കാതിരിക്കുന്നതിന്റെ ഫലം എല്ലായ്പോഴും ശിക്ഷയാണു്. നിയമകർത്താക്കന്മാർ കുറക്കാരനെ അടിക്കയും, ബന്ധിക്കയും, കൊല്ലുകയും എല്ലാം ചെയ്യും.

നിയമനിർമ്മാണമെല്ലാം ജനങ്ങളുടെ ഏകകണ്ഠമായ ഇഷ്ടമനുസരിച്ചാണെന്നു അവരെ വിശ്വസിപ്പിപ്പാൻ ഇംഗ്ലണ്ടിലും അമേരിക്കായിലും ഉള്ള ഭരണരീതികൾ തുടങ്ങി, ജപ്പാനിലും തുർക്കിയിലും ഉള്ള ഭരണപദ്ധതികൾവരെ,പലേ സ്വതന്ത്രപങ്ങളിലുള്ള അനേക ഭരണഘടനാരീതികൾ (Constitutions) ഉണ്ടായിട്ടുണ്ടു്. എന്നാൽ സ്വേച്ഛാപ്രഭുത്വഭരണം നടക്കുന്ന രാജ്യങ്ങളിൽ മാത്രമല്ലാ, ഇംഗ്ലണ്ടു്, ഫ്രാൻസു്, അമേരിക്കാ മുതലായി സ്വതന്ത്രഭരണം നടക്കുന്നതായി ഊഹിക്കപ്പെട്ടുവരുന്ന രാജ്യങ്ങളിൽപോലും, നിയമങ്ങളെ പാസ്സാക്കുന്നതു സകല ജനങ്ങളുടെയും അനുമതിപ്രകാരമല്ലെന്നും, നേരെമറിച്ചു് അധികാരസ്ഥന്മാരുടെ അന്തസ്സുങ്ങൾ അനുസരിച്ചുമാത്രമാണെന്നും, തന്മൂലം നിയമങ്ങൾ എല്ലായിടങ്ങളിലും എല്ലായ്പോഴും ഈ അധികാരിവർഗ്ഗത്തിനു—അവർ കുറച്ചായാലും ശരി; വളരെ പേരായാലും ശരി; ഏകനായാലും ശരി—ആദായകരങ്ങളാണെന്നും സകലമനുഷ്യർക്കും നല്ലവണ്ണം അറിയാം. എല്ലാ സ്ഥലങ്ങളിലും എല്ലാകാലങ്ങളിലും ഈ നിയമങ്ങളെ ജനങ്ങളെക്കൊണ്ടു അനുസരിപ്പിച്ചതു"—അന്യന്മാരുടെ ഇഷ്ടവും വാഞ്ഛിയും അനുസരിച്ചു് നടപ്പാൻ ജനങ്ങളെ പ്രേരിപ്പിച്ചതു്—ഒരേ വഴിക്കുതന്നെയായിരുന്നു. മേലാലും ഇതിലേയ്ക്കു ആ ഒരു വഴിതന്നെ ആയിരിക്കുന്നതും ആകുന്നു. അതു തല്ലും, ബന്ധ

നവും, കൊലപാതകവും മറ്റും ചേന്ന മട്ടനമാർഗ്ഗമാതന്നെ. അല്ലാതെ വേറെ യാതൊരുപായവും ഉണ്ടാകാൻ നിവൃത്തിയില്ല.

ഇങ്ങിനെയല്ലാതെ വരാൻ തരവുമില്ല. എന്തെന്നാൽ ചില സ്ഥിതികളെ നടപ്പിൽ വരുത്തണമെന്നും കുറച്ചു ചില അന്യന്മാർ ആജ്ഞാപിക്കുന്ന ഏടുപ്പാടുകളെ അനുസരിച്ചു നടപ്പാൻ പൊതുജനങ്ങളെ നിർബ്ബന്ധിക്കണമെന്നും ആണ് നിയമങ്ങളുടെ ലക്ഷ്യം. ഇതിനു മട്ടനവും, ബന്ധനവും കൊലപാതകവും മാത്രമേ മാർഗ്ഗമുള്ളൂ. നിയമങ്ങളുണ്ടാക്കുന്നതു് ജനങ്ങളെക്കൊണ്ടു് ആ നിയമശാസനങ്ങളെ അനുസരിപ്പിപ്പാൻതക്കബലം നിയമകർത്താക്കൾക്കുള്ളതുകൊണ്ടാണു്. പരമാത്മാവിന്റെ ഇച്ഛയെ ബഹുമാനിച്ചു പ്രവർത്തിപ്പാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിനു ഒരു ശക്തിയേ ഉള്ളൂ അതു ഹിംസാബലമാണു്. കോപം വരുമ്പോൾ ജനങ്ങൾ തമ്മിൽ ചിലപ്പോൾ പ്രയോഗിക്കാറുള്ള ഹിംസാബലമല്ല. പിന്നെയോ, ശക്തിയും അധികാരവും ഉള്ളവർ അവരുടെ ഇഷ്ടത്തെ പ്രധാനമാക്കി പാസ്സാക്കുന്ന നിയമങ്ങളെ അനുസരിപ്പിപ്പാൻ ജനങ്ങളെ നിർബ്ബന്ധിക്കുന്നതിനു അവർ തയ്യാറാക്കി സംവിധാനംചെയ്തു നിയന്ത്രണംചെയ്തു സംഗ്രഹിച്ചുവെച്ചിരിക്കുന്ന അക്രമശക്തിയാണു്.

അതിനാൽ നിയമനിർമ്മാണാധികാരത്തിന്റെ മർമ്മം, അവകാശം, അവകാശി, അവകാശവിഷയം, ജനങ്ങളുടെ ഏകകണ്ഠമായ ഇഷ്ടത്തിന്റെ വാഴ്ച ഇതൊന്നിലുമല്ല അടങ്ങിയിരിക്കുന്നതു്. വേറെ ഇതുപോലെ അവ്യക്തവും, ദുർഗ്രഹവും ആയ മറ്റു ഭൂമ്പില്ലായ്മകളിലും അല്ല; പിന്നെയോ, തയ്യാർചെയ്തു് സംഭരിച്ചുവെച്ചിട്ടുള്ള സംവിധാനബലമുള്ളവർക്കു തങ്ങളുടെ ഇഷ്ടംപോലെ മറ്റുള്ളവരെക്കൊണ്ടു് പ്രവർത്തിപ്പിക്കാമെന്നുള്ള ഒരേ ഒരു തത്വത്തിലാണു് അതു് അടങ്ങിയിരിക്കുന്നതു്.

അതിനാൽ "നിയമനിർമ്മാണാധികാര"ത്തിന്റെ സകല ജനങ്ങൾക്കും തെളിവായി ഗ്രഹിക്കാവുന്നതും, കൃത്യവും, ഖണ്ഡിക്കപ്പെടുവാൻ പാടില്ലാത്തതും ആയ വിവരണം ഇതാ! ഇങ്ങിനെയാണു":—

"വഴിപോലെ സംവിധാനമായ അക്രമബലത്തെപ്രയോഗിച്ചുകൊണ്ടു് ഭരണംനടത്തുന്ന ജനങ്ങൾ ഉണ്ടാക്കുന്ന ചില ഏർപ്പാടുകളാണു് നിയമങ്ങൾ. ഈ നിയമങ്ങളെ അതിലംഘിക്കുന്നവർക്കുള്ള ശിക്ഷ മർദ്ദനം, ബന്ധനം, കൊലപാതകം ഇതുകളും ആണു്."

നിയമനിർമ്മാണത്തിനുള്ള അധികാരം എന്താണെന്നുള്ള ചോദ്യത്തിന്റെ ഉത്തരം ഈ വിവരണത്തിൽ കിടക്കുന്നു. ചട്ടങ്ങളെ നിർമ്മിക്കാൻ അധികൃതന്മാരെ അധികാരപ്പെടുത്തുന്നതും, അവയെ ജനങ്ങളെക്കൊണ്ടു് അനുസരിപ്പിക്കുന്നതും എല്ലാം ഈ സുസംവിധാനമായ അക്രമബലപ്രയോഗംതന്നെയാണു്.

XII

ഭരണയന്ത്രം—അല്ലെങ്കിൽ ഗവർമ്മെണ്ടു്—എന്നാൽ എന്തു? ഗവർമ്മെണ്ടില്ലാതെ കഴിക്കാൻ പാടില്ലയൊ?

തൊഴിലാളികളുടെ സങ്കടാവസ്ഥയുടെ കാരണം അടിമത്തമാണു്; അടിമത്തത്തിന്റെ ഹേതു നിയമനിർമ്മാണം അത്രെ; നിയമനിർമ്മാണമോ സംവിധാനമായ അക്രമബലത്തിന്മേൽ സ്ഥാപിതവുമായിരിക്കുന്നു.

തന്മൂലം ജനങ്ങളുടെ സങ്കടങ്ങളെ പരിഹരിക്കുന്നതിനു് ഈ സംവിധാനമായ അക്രമശക്തിയെ ഇല്ലായ്മചെയ്യേണ്ടതാണെന്നുവരുന്നു.

"എന്നാൽ സുസംവിധാനമായ അക്രമബലം എന്നു ഈ പറയുന്നതു ഗവമ്മെണ്ടിനെക്കുറിച്ചാണല്ലൊ. ഗവമ്മെണ്ടില്ലാതെ നമുക്കെങ്ങിനെ ജീവിക്കാം? ഗവമ്മെണ്ടില്ലാതെയായാൽ അരാജകത്വവും, ബഹളവും, ശണ്ഠയും ഉണ്ടാകയില്ലെ? ജനങ്ങൾ അപ്പോൾ അവരുടെ പുരാതന കാട്ടുജീവിതത്തിലേയ്ക്കു തിരിച്ചു പോകേണ്ടിവരുമല്ലൊ."

നടപ്പിലിരിക്കുന്ന വ്യവസ്ഥകൾ ആക്കെല്ലാം ആദായകരമായിരിക്കുന്നവരോ, ആ ക്രൂരർ മാത്രമല്ലാ, അവ പ്രത്യക്ഷമായി തങ്ങൾക്കു നാശകരമണെന്നു വിശ്വസിക്കുന്നെങ്കിലും, വളരെക്കാലത്തെ പരിചയംകൊണ്ടു് ഗവമ്മെണ്ടുകാരുടെ ബലപ്രയോഗം ഭീതിക്രൂടാതെ ജീവിപ്പാൻ സാധിക്കയില്ലെന്നു വിചാരിച്ചുപോകുന്നവരായ മറ്റു പലരും പോലും, നടപ്പിലിരിക്കുന്ന ആ വ്യവസ്ഥകളെ തൊട്ടുപോകരുതെന്നു മുറവിളിക്കൂട്ടിവരുന്നതു സാധാരണ പതിവാണു്. ഗവമ്മെണ്ടിനെ നശിപ്പിക്കുന്നതോടുകൂടി അടിപിടികളും, അക്രമങ്ങളും മോഷണങ്ങളും, കൊലപാതകങ്ങളും, മറ്റാപത്തുകളും ഒക്കെ ഉണ്ടാകുമെന്നും, ദുഷ്ടന്മാർ വീണ്ടും അധികാരികളായിത്തീർന്നു നല്ലവരെല്ലാം അടിമകളായിപ്പോകുമെന്നും ഈ ജനങ്ങൾ പറഞ്ഞുവരുന്നു. എന്നാൽ അടിപിടി, മോഷണം, കൊലപാതകം മുതലായവയും, ദുഷ്ടഭരണവും, ശിഷ്ടന്മാരുടെ അടിമത്തവും ഒക്കെത്തന്നെയാണു് ഇതേവരെ സംഭവിച്ചിട്ടുള്ളതും, ഇപ്പോഴും നടന്നുവരുന്നതും എന്നുള്ള കാര്യം ആലോചിച്ചുനോക്കിയാൽ, ഇപ്പോഴത്തെ വ്യവസ്ഥകളെ മാറുന്നതുകൊണ്ടു് അക്രമങ്ങളും ലഹളകളും വർദ്ധിക്കുമെന്നും ഉണ്ടാകുമെന്നുമുള്ള ഭയം അടിസ്ഥാനരഹിതമാണെന്നു ബോധപ്പെട്ടും.

"ഇപ്പോഴത്തെ വ്യവസ്ഥകളെ തൊട്ടുപോയാൽമതി;
അത്യാപത്തുകൾ ഉടൻ സംഭവിക്കും" (!)

വളരെ പൊക്കത്തിൽ തൊട്ടുതൊട്ട് അനേകായിരം കല്ലുകൾ അടുക്കി അടുക്കിവെച്ചിരിക്കുന്നതിൽ ഒരു കല്ല് തൊട്ടുപോയാൽ എല്ലാംക്രമേ ഉരുണ്ടുവീണു തകർന്നുപോകും. എന്നാൽ ഒരു കല്ലിളക്കുന്നതുകൊണ്ടോ, ഒരു തള്ളുകൊടുക്കുന്നതുകൊണ്ടോ, ഈ പടുത്തകല്ലുകളെല്ലാംക്രമേ താഴെവീണു പൊടിഞ്ഞുപോകുമെന്നുള്ളതുകൊണ്ടുമാത്രം, ഈ കല്ലുകളെ ഇങ്ങിനെ പ്രകൃതിവിരുദ്ധവും അപകടകരവും അയ സ്ഥാനത്തുവെച്ചിരിക്കുന്നതു ബുദ്ധിയാകുമെന്നു തീർച്ചയായും തെളിയുന്നില്ല. നേരേമറിച്ചു കല്ലുകളെ അങ്ങിനെ അടുക്കിവെക്കരുതെന്നും, എന്നാൽ അതൊക്കെ ഉറപ്പായിരിക്കയും, പൊടിഞ്ഞുപോകാതെ നമുക്കു സൌകര്യമായി ഉപയോഗിക്കയും ചെയ്യാവുന്നവിധത്തിലേ അവയെ വെയ്ക്കാവൂ എന്നും പ്രത്യക്ഷമാണു. ഇതുപോലെയാണു ഇപ്പോഴത്തെ രാജ്യഭരണയന്ത്രങ്ങളുടെ സ്ഥിതിയും. രാജ്യഭരണസ്ഥാപനം ഏറ്റവും പ്രകൃതിവിരുദ്ധവും, കൃത്രിമവും, അസ്ഥിരവും അണു. ചുരുക്കത്തിൽ ഒരു തള്ളുകൊണ്ടു അതിനെ നശിപ്പിക്കാമെന്നുള്ളതുകൊണ്ടുതന്നെ അതു അത്യാവശ്യമല്ലെന്നു ബോദ്ധ്യപ്പെടുമെന്നുമാത്രമല്ല, ഒരുകാലത്തു അത്യാവശ്യമായിരുന്നെങ്കിൽതന്നെയും ഇപ്പോൾതീരെ അനാവശ്യവും, ഉപദ്രവകരവും, അപകടകരവും അണെന്നും വ്യക്തമാകും.

ഈ സ്ഥാപനത്തിന്റെ വ്യാപാരങ്ങളും, ഫലങ്ങളും ജനസമുദായത്തിന്റെ തിന്മകളെ കുറയ്ക്കയോ, ശരിപ്പെടുത്തുകയോ ചെയ്യുന്നതല്ല; നേരേമറിച്ചു അതു തിന്മകളെ ഉറപ്പിച്ചു ബലപ്പെടുത്തുന്നതാണു. അതാണു ഈ സ്ഥാപനം അപകടകരവും, നാശോന്മുഖവും അണെന്നു പറയുന്നതു. തിന്മകളെ സ്ഥിരപ്പെടുത്തി നിലനിർത്തുന്നതു ഒന്നു

കിൽ ആ തിന്മകൾ ന്യായമാണെന്ന സ്ഥാപിക്കയോ, അ ല്ലെങ്കിൽ അവയ്ക്ക് ആകർഷണീയമായ സ്വരൂപത്തെ കൊടുക്കയോ, അവയെ മറച്ചുവെക്കയോ ചെയ്യുന്നതുകൊ ണ്ടുതന്നെ.

അക്രമബലപ്രയോഗംകൊണ്ടു ഭരിക്കപ്പെടുകയും, വള രെ ഭംഗിയായി ഭരിക്കപ്പെടുന്ന എന്നു ഗണിക്കപ്പെടുകയും ചെയ്യുന്ന രാജ്യങ്ങളിൽ ഉള്ള ജനങ്ങൾക്കു ശ്രേയസ്സും, ഐ ശ്വര്യവും ഉണ്ടെന്നു പറയുന്നതു് ഒരുവക തോന്നൽ — കേവലം ഒരു വ്യാജപ്രസ്താവം—മാത്രമാണു്. വളരെ സുഖപ്രദമാണെന്നു പുറമേ തോന്നിപ്പിക്കുന്ന നടപടികളെ നിഷേധിക്കയും, ഖണ്ഡിക്കയും ചെയ്യുന്നതിനു് പട്ടിണികി ടക്കുന്നവരുടെ വിശപ്പു്, രോഗബാഹുല്യം, ദൈഷ്ട്യപ്രകട നം മുതലായതൊക്കെയും ഉണ്ടെങ്കിലും, ഇവയെ പലതര ത്തിൽ ഒളിക്കയും, മറയ്ക്കയും ആണു് ചെയ്യുവരുന്നതു്. നമ്മുടെ ഇതൊന്നും കാണുന്നില്ലെന്നുപറയുന്നതുകൊണ്ടു് അതില്ലെന്നുവരുന്നില്ല; വരികയുമില്ല. നേരേമറിച്ചു്, അവ യെ മറയ്ക്കാൻ ശ്രമിക്കുന്നിടത്തോളം, അവ വർദ്ധിച്ചുവരി കയും, അതുകളുടെ കാരണക്കാർ അധികം ക്രൂരന്മാരായി തീരുകയും ചെയ്യുന്നു. നൂനസംവിധാനമായ അക്രമപ്രയോഗം ചെയ്യുന്ന ഗവൺമെണ്ടിന്റെ നടപടികളെ തടയുകയോ, നിർത്തുകയോ ചെയ്യുമ്പോൾ, നമ്മുടെ ജീവിതത്തിൽ ഐ ശ്വര്യമുണ്ടെന്നുള്ള മിഥ്യാബോധവും, ഭാവവും നീങ്ങിപ്പോ കുമെന്നുള്ളതു വാസ്തവംതന്നെ; എന്നാൽ ഈ തടയലും നിർത്തലും ഒന്നും കലാപങ്ങളെ ഉണ്ടാക്കുകയല്ല ചെയ്യുന്ന തു്—ആ കലാപങ്ങളെ വെളിയിൽ പ്രദർശിപ്പിക്കയും, അവ യെ ഇല്ലായ്മചെയ്യുന്നതിനു തരപ്പെടുത്തുകയും ആണു ചെയ്യുന്നതു്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനമായ ഇപ്പോഴത്തെവരെയും ഗവൺമെൻറു് എന്ന സ്ഥാപനത്തെ ക്രൂരതെ ജനങ്ങൾക്കു കഴിച്ചുകൂട്ടാൻ നിവൃത്തിയില്ലെന്നു്

എല്ലാവരും വിചാരിച്ചും, വിശ്വസിച്ചുംവന്നു. എന്നാൽ ജീവിതഗതി മുമ്പോട്ട പായുകയും, പരിതഃസ്ഥിതികളും ജനങ്ങളുടെ അഭിപ്രായവീഥികളും സദാ മാറിക്കൊണ്ടിരിക്കയുംചെയ്യുന്നു. ദ്രോഹം ഏല്പിക്കപ്പെട്ട ഒരു മനുഷ്യനു് ആവലാതിപറവാൻ ആരെങ്കിലും ഉണ്ടായിരിക്കണമെന്നു വിചാരിക്കത്തക്കവിധത്തിൽ ജനങ്ങളെ എപ്പോഴും ശൈശവാവസ്ഥയിൽ വെച്ചുകൊണ്ടിരിപ്പാൻ ഗവമ്മെൻറുകളും പ്രയത്നിച്ചുവരുന്നുണ്ടെങ്കിലും, മനുഷ്യലോകം— പ്രത്യേകിച്ചു് റഷ്യായിലും, യൂറോപ്പിലും ഉള്ള തൊഴിലാളികളും—ഈ ശൈശവസ്ഥിതിയിൽനിന്നു നല്ലവണ്ണം ഉണരുകയും, അവരുടെ യഥാർത്ഥജീവിതസ്ഥിതികളെ മനസ്സിലാക്കിത്തുടങ്ങുകയുംചെയ്യുന്നുണ്ടു്. ആധുനികന്മാർ പറയുന്നതു് ഇപ്രകാരമെയാണു്:—

"നിങ്ങൾ (ഗവമ്മെൻറുകൾ) ഇല്ലാതിരുന്നുവെങ്കിൽ അടുത്ത രാജ്യക്കാരായ ചൈനാക്കാർ ജപ്പാൻകാർ മുതലായവർ വന്നു ഞങ്ങളെ അടിമപ്പെടുത്തുമായിരുന്നു എന്നു നിങ്ങൾ പറയുന്നു; എങ്കിലും വാസ്തവം അങ്ങനെയല്ല. ഞങ്ങൾ വർത്തമാനക്കടലാസ്സുകൾ വായിക്കുന്നുണ്ടു്; ആരും ഞങ്ങളെ ആക്രമിക്കാൻ വരുന്നില്ലെന്നും, ഞങ്ങളെ ഭരിക്കുന്ന നിങ്ങൾതന്നെയാണു് ഞങ്ങൾക്കു മനസ്സിലാകാത്ത ചില ദുരുദ്ദേശ്യങ്ങളോടുകൂടി മറ്റു രാജ്യക്കാരെ ദ്വേഷ്യപ്പെടുത്തുകയും, അങ്ങനെ നിങ്ങളുടെ സ്വന്തംജനങ്ങളെ രക്ഷിക്കാനാണെന്നു പറഞ്ഞുകൊണ്ടു്, കപ്പൽസൈന്യങ്ങളെയും, പട്ടാളങ്ങളെയും പോറ്റുന്നതിനും, കൃത്രിമറയിൽപാതകം നിർമ്മിക്കുന്നതിനും മറ്റുമായിട്ടു ഞങ്ങളെ ഞെക്കിപ്പിഴിഞ്ഞു് കരവും മറ്റും പിരിച്ചുവരികയുംചെയ്യുന്നതെന്നും ഞങ്ങൾക്കറിയാം. ഇതെല്ലാം നിങ്ങളുടെ ദുരാഗ്രഹത്തെയും, ദുരഭിമാനത്തെയും പാലിക്കുന്നതിനുമാത്രമാണു്. തദനന്തരം നിങ്ങൾ ഇപ്പോൾ സാധാനപ്രിയന്മാരായ ചൈനാക്കാരുടെനേരെ പ്രവർത്തിച്ചതുപോലെ,

യുദ്ധങ്ങൾ ഉണ്ടാക്കിവരുന്നു. ഞങ്ങളുടെ ഗുണത്തിനായിട്ട് വസ്തുവ്യവസ്ഥാവകാശത്തെ രക്ഷിക്കുന്നു എന്നു നിങ്ങൾ പറയുന്നു. എന്നാൽ നിങ്ങളുടെ ഈ സംരക്ഷണംകൊണ്ട് ഒരു ഫലമേ കാണുന്നുള്ളൂ. അതു് വസ്തുക്കളെല്ലാം ലവലേശം വേലചെയ്യാത്ത ബാങ്കുകമ്പനിക്കാരുടെയും ധനികളുടെയും കൈവശത്തിൽ അയിക്കഴിഞ്ഞും, അയിക്കൊണ്ടും ഇരിക്കുന്നു എന്നുള്ളതാണു്. ജനങ്ങളിൽ ഭൂരിപക്ഷക്കാരായ ഞങ്ങളോ വേലചെയ്യുവാൻ സ്ഥലമില്ലാതെയാതൊരു പണിയുമെടുക്കാത്ത കൂട്ടരുടെ അധികാരത്തിൽ അകപ്പെട്ട ബുദ്ധിമുട്ടുന്നു. വസ്തുവ്യവസ്ഥയെസംബന്ധിച്ചു നിയമങ്ങൾകൊണ്ടു നിങ്ങൾ വസ്തുവ്യവസ്ഥാവകാശം പാലിക്കയല്ല, വേലചെയ്യുന്ന ഞങ്ങളുടെ കയ്യിൽനിന്നു വസ്തുക്കളെ എടുക്കുകയാണു ചെയ്യുന്നതു്. ഒരോരുത്തനും ചെയ്യുന്ന വേലയുടെ അനുഭവത്തിനെ അവനുതന്നെ ഉറപ്പിച്ചുകൊടുക്കുന്നു എന്നു നിങ്ങൾ പറയുന്നു; പക്ഷേ പ്രാവർത്തിക്കുന്നതു നേരേമറിച്ചാണു്. നിങ്ങളുടെ സംരക്ഷണസാന്നിദ്ധ്യംകൊണ്ടു്, വിലയുള്ള സാമാനങ്ങളെ ഉണ്ടാക്കുന്നവർക്കു് അവരുടെ വേലയുടെ ഫലം കിട്ടുന്നില്ലെന്നുമാത്രമല്ല, അവർ അവരുടെ ജീവിതകാലംമുഴുവൻ വേലചെയ്യാത്തയോഗ്യന്മാരുടെ കീഴിൽ അടിമത്തത്തിൽകിടന്നു കഴങ്ങേണ്ടിവരികയുംചെയ്യുന്നു."

ജനങ്ങൾ കായ്ങ്ങൾ നല്ലവണ്ണം ഗ്രഹിച്ചു് ഇതാണു് ഇങ്ങനെയാണു സംസാരിക്കുന്നതു് അവരെ അന്ധകാരത്തിലും അജ്ഞാനത്തിലും വെച്ചുകൊണ്ടിരിക്കാൻ ഗവർമ്മെൻറു് വേണ്ടതു ചെയ്യുന്നുണ്ടെങ്കിലും, ഈ അന്ധതയിൽ നിന്നു് അവർ ഉണർന്നുവരുന്നതു പെട്ടെന്നാണു്. കഴിഞ്ഞ അഞ്ചാറുകൊല്ലങ്ങളായി പട്ടണങ്ങളിൽ മാത്രമല്ല, നാട്ടുരാജ്യങ്ങളിലെ ഗ്രാമങ്ങളിൽ ഉള്ള സാമാന്യജനങ്ങളുടെ ഇടയിൽ പോലും—യൂറോപ്പിൽ മാത്രമല്ല, റഷ്യയിൽ പോലും—ഉണ്ടായിവരുന്ന അഭിപ്രായപരിവർത്തനങ്ങൾ ആശ്ചര്യകര

ങ്ങളാണു്. ഗവമ്മെൻറുകളില്ലാതെയിരുന്നാൽ, സകല പ്രജകൾക്കും ഉതകുന്ന വിദ്യാഭ്യാസവും, വിജ്ഞാനവുംകൊടുക്കുന്ന പാഠശാലാസ്ഥാപനങ്ങൾ ഇല്ലാതെപോകുമല്ലോ എന്നു ചിലർ പറയുന്നു.

എന്നാൽ നാം ഇങ്ങനെ ഊഹിക്കുന്നതെന്തിനാണു്. ഗവമ്മെൻറധികൃതന്മാർ തങ്ങൾക്കുവേണ്ടിയല്ലാതെ മറ്റുള്ളവർക്കുവേണ്ടി പ്രജകളുടെ ജീവിതപദ്ധതിയെ നിയന്ത്രിക്കുന്നതുപോലെ അത്ര ഭംഗിയായി പൊതുജനങ്ങൾ അവരുടെ സ്വന്തജീവിതത്തെ നിയന്ത്രിക്കയില്ലെന്നു നാം ആലോചിക്കുന്നതെന്തിനാണു്? നേരേമറിച്ചു് നമ്മുടെ കാലത്തിലെ ജനാവലികൾ നാനാവിഷയങ്ങളിൽ അവരുടെ ഭരണകർത്താക്കന്മാർ അവർക്കുചെയ്തുകൊടുക്കുന്നേ ഏറ്റപ്പാടുകളെക്കാൾ, തങ്ങളുടെ സ്വന്തം ചട്ടങ്ങളെ അംഗീകരിച്ചു വളരെയധികം നല്ലവണ്ണം ജീവിതംനയിച്ചുപോരുന്നതായി നാം കാണുന്നു. ഗവമ്മെൻറിൽ നിന്നും യാതൊരു സഹായവുംകൂടാതെയും, പലപ്പോഴും ഗവമ്മെൻറിന്റെ ഉപദ്രവങ്ങളെ തടഞ്ഞുകൊണ്ടും ജനങ്ങൾ നാനാസാമുദായികപ്രസ്ഥാനങ്ങളെ നയിച്ചുകൊണ്ടുപോകുന്നു. കൂലിവേലക്കാരുടെ യോഗങ്ങൾ, പരസ്പരധനസഹായസംഘങ്ങൾ, തീവണ്ടിക്കമ്പനികൾ, സിൻഡിക്കേറുകൾ മുതലായതെല്ലാം നോക്കുക! പൊതുക്കായ്യങ്ങൾക്കായി പണം സംഭരിക്കണമെന്നുണ്ടെങ്കിൽ—ഈ കായ്യങ്ങൾ പൊതുവേ എല്ലാവരെയും സംബന്ധിക്കുന്നവയാണെങ്കിൽ—ബലംപ്രയോഗിച്ചു നികുതിപിരിച്ചു ഗവമ്മെൻറു് അതെല്ലാം ചെയ്യുന്നതിനെക്കാൾ, ജനങ്ങൾ ഒത്തൊരുമിച്ചു സ്വമേധയാ ബലവും അക്രമവും പ്രയോഗിക്കാതെ വേണ്ട പണം പിരിച്ചെടുത്തു കായ്യങ്ങൾ നടത്തുകയല്ലെന്നു നാം എന്തിനു സങ്കല്പിക്കുന്നു? അക്രമബലത്തിന്റെ സഹായംകൂടാതെ നീതിന്യായക്കോടതികൾ ശരിയായി നടക്കുകയില്ലെന്നു് എന്തിനു നാം ഭയപ്പെടുന്നു? ബലപ്രയോഗംകൂ

ടാതെ കക്ഷികൾക്ക് പൂർണ്ണവിശ്വാസമുള്ള ജനങ്ങൾ കേസുകൾ വിചാരണചെയ്ത് ന്യായം നടത്തുന്നതു്, എന്നും നടന്നുവന്നതും, മേലും നടക്കുന്നതും ആയ ഒരേർപ്പാടാണു്. അക്രമപ്രയോഗംകൂടാതെ ഭരണം നടക്കുന്നതല്ലെന്നു വിചാരിച്ചുപോകാൻ തക്കവണ്ണം നാം അടിമത്തത്തിന്റെ പിടിയിൽ അത്രമാത്രം പരിചയപ്പെട്ടു ദഷിക്കപ്പെട്ടുപോയിരിക്കുന്നു. എങ്കിലും ഇതെല്ലാം ശരിയല്ല റഷ്യയിലെ ഗ്രാമീണജനങ്ങൾ ഗ്രാമസ്ഥലങ്ങളിൽ ഗവമ്മെൻറിന്റെ ദഷ്പ്രയോഗങ്ങൾ ഏത്തായ്ക്കകളിൽ പോയി. കരപ്പിരിവു്, ഭരണം, നീതിന്യായപരിപാലനം, പോലീസ്അന്വേഷണം മുതലായതെല്ലാം സ്വയം നിർവ്വഹിച്ചുവരികയും, ഗവമ്മെൻറിന്റെ അക്രമബലപ്രയോഗം അവരെ ബാധിക്കുന്നതുവരെ അവർ വളരെ ശ്രേയസ്സിലും അഭിവൃദ്ധിയിലും ജീവിക്കയുംചെയ്യുന്നുണ്ടു്. ഇതുപോലെതന്നെ ജനങ്ങൾ യോജിച്ചു വസ്തുക്കളെ കൃഷിചെയ്യാൻ തന്നാൻ വീതിച്ചെടുത്തു കാര്യം ഭംഗിയായി നടത്തിക്കൊണ്ടുപോകയില്ലെന്നു വിചാരിക്കാനും യാതൊരു കാരണവും ഇല്ല.

ഒറാൽ എന്ന സ്ഥലത്തെ കോസ്സാക്കു് എന്ന ജനങ്ങളെപ്പോലെ, വസ്തുക്കളിൽ ഉടമസ്ഥാവകാശത്തെ സ്ഥാപിക്കാതെ കൃഷിചെയ്തു് സുഖമായി ജീവിച്ചു വന്ന ചില വർഗ്ഗക്കാരെ എനിക്കറിവുണ്ടു്. വസ്തുവുടമസ്ഥാവകാശത്തെ ബലപ്രയോഗംകൊണ്ടു് സംരക്ഷിക്കുന്ന രാജ്യങ്ങളിലെ ജനങ്ങളെക്കാൾ ഈ കൂട്ടർക്കു് പൊതുവെ ഏറ്റവും അധികം സുഖവും, ഐശ്വര്യവും, യോജിപ്പും ഉണ്ടായിരുന്നു പ്രത്യേകവസ്തുക്കളിന്മേൽ യാതൊരവകാശവും സ്ഥാപിക്കാതെ ഓരോമനുഷ്യനും കൃഷിചെയ്തു കാലക്ഷേപം ചെയ്യുന്ന ചില ജനവിഭാഗങ്ങളെ എനിക്കിപ്പോൾ അറിവാൻ ഇടയായിരിക്കുന്നു റഷ്യായിലെ കൃഷിവിലസമുദായം വസ്തുവുടമസ്ഥാവകാശത്തെ സ്വീകരിച്ചിട്ടില്ലെന്നാണു് എന്റെ ഓർമ്മ. വസ്തു

ക്കളുടെ ഉടമസ്ഥാവകാശത്തെ ഗവമ്മെണ്ടു ബലപ്രയോഗം കൊണ്ടു് പരിപാലിക്കുന്ന സമയം, വസ്തുക്കളെക്കുറിച്ചുള്ള മത്സരവും, വഴക്കും നിന്നുപോകുന്നില്ലെന്നു മാത്രമല്ലാ, നേരെമറിച്ചു് ഈ വഴക്കുകൾ വർദ്ധിച്ചുവരികയും, അവ പുത്തനായി ഉല്പാദിക്കയും ആണു് ചെയ്യുന്നതു്.

ഈ ഉടമസ്ഥാവകാശത്തെ സംരക്ഷിച്ചു് തന്മൂലം വിലക്കുട്ടൽ ഉണ്ടാകാതിരുന്നുവെങ്കിൽ, ജനങ്ങൾ ഇപ്പോഴത്തെപ്പോലെ, തിങ്ങിക്കൂടി കഷ്ടപ്പെട്ടു ഇത്ര അടുത്തടുത്തു് പാർക്കാതെ, ഈ ലോകത്തിൽ ധാരാളമുള്ള വസ്തുക്കളിൽ അകലെയകലെപ്പോയി പാർപ്പുമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ, ഭ്രൂസ്വത്തുക്കളെപ്പറ്റി വലിയ ഒരു മത്സരവും, പിടിച്ചുവലിയും എപ്പോഴും നടന്നുകൊണ്ടിരിക്കുന്നു ഈ മത്സരങ്ങളും, കലാപങ്ങളും ഗവമ്മെണ്ടുകൾ അവരുടെ നിയമങ്ങളെക്കൊണ്ടു് ഉണ്ടാക്കുന്നവയാണു്. ഈ മത്സരങ്ങളിലൊക്കെ ഭ്രമിയിൽ വേലചെയ്യുന്നവരല്ലാ, ഗവമ്മെണ്ടിന്റെ ബലപ്രയോഗത്തിൽ പങ്കുകൊള്ളുന്നവരാണു് ജയിക്കുന്നതു്.

വേലചെയ്യണ്ടാക്കേണ്ട മറ്റുസാധനങ്ങളെക്കുറിച്ചും ഇങ്ങിനെതന്നെയാണു് പറയാനുള്ളതു്. ഒരു മനുഷ്യൻ വാസ്തവത്തിൽ പ്രയത്നിച്ചുണ്ടാക്കുന്നവയും, അവനു് ആവശ്യമുള്ളവയും ആയ സകലതിനെയും എല്ലാക്കാലത്തും മാമൂൽ, പൊതുജനാഭിപ്രായം, ധർമ്മന്യായചിന്തകൾ, പരസ്പരബഹുമാനം മുതലായ ശക്തികൾ സംരക്ഷിച്ചാണു് വന്നതു്. അവയ്ക്കു് അക്രമപ്രയോഗംകൊണ്ടുള്ള സംരക്ഷണം ആവശ്യമേ ഇല്ല.

സമീപത്തു അനേകായിരം ജനങ്ങൾ വിറകില്ലാതെ കഷ്ടണിക്കുമ്പോൾ, ഒരൊറ്റ ഒരുത്തന്റെ വകയായി അസംഖ്യം ഏക്കർ വനം ഉണ്ടായിരിക്കേണമെങ്കിൽ, ഇതിനു അഹിംസാബലപ്രയോഗംകൊണ്ടുള്ള സംരക്ഷണം ആവ

ശ്യംതന്നെ. അതുപോലെതന്നെ അനവധി തലമുറകളി
ലൂള്ള വേലക്കാരെ വഞ്ചിച്ചും, ഇപ്പോഴും വഞ്ചിച്ചുകൊണ്ടും
ഇരിക്കുന്ന യന്ത്രശാലകളെയും, വക്കുഷാപ്പുകളെയും പരി
പാലിക്കുന്നതിനും ഈ ബലപ്രയോഗം വേണ്ടിവരും.
എന്നാൽ ക്ഷാമകാലത്തു മൂന്നിരട്ടി വിലകിട്ടുമെന്നു ഉദ്ദേശി
ച്ചു പുറത്തെടുക്കാതെ സൂക്ഷിച്ചിരിക്കുന്ന അനേകലക്ഷം
ചാക്കു ധാന്യങ്ങളെ ഒറ്റയൊരുത്തന്റെ വകയായിട്ടു വെച്ചു
കൊള്ളുന്നതിനു ഇതിലും അധികം ബലപ്രയോഗം ആവശ്യ
മാണു്. എന്നാൽ നാട്ടുപുറങ്ങളിൽ ഒരു കൃഷിക്കാരൻ
വേലചെയ്തുണ്ടാക്കിയ ധാന്യങ്ങളെ ബലമായി അപഹരിക്കു
ന്നതിനോ, അവൻ അവന്റെ കുട്ടികൾക്കു പാൽകൊടു
പ്പാൻ നിത്തിയിരിക്കുന്ന പശുവിനെ തട്ടിയെടുക്കുന്നതിനോ
അവൻ ഉണ്ടാക്കി ഉപയോഗിച്ചുവരുന്ന വെട്ടുകത്തിയും,
തൂമ്പാകളും കടന്നെടുക്കുന്നതിനോ ഗവമ്മെണ്ടുദ്യോഗസ്ഥ
ന്മാക്കോ അല്ലെങ്കിൽ സമ്പന്നന്മാക്കോ അല്പാതെ വേറൊ
രുത്തനും—അവൻ എത്ര ദുഷ്ടനായിരുന്നാലും—ധൈര്യമു
ണ്ടാകയില്ല. പക്ഷേ വേറൊരുത്തൻ ഇപ്രകാരം അന്യൻ
ഉണ്ടാക്കി ഉപയോഗിച്ചുപോരുന്ന സാധനങ്ങളെ എടുത്താ
ൽതന്നെ അതു് അവനു് ആദായകരമായിരിക്കയില്ല.
എന്തെന്നാൽ സകല ജനങ്ങൾക്കും അവനോടു അത്യുഗ്ര
വിരോധവും, നിന്ദയും തോന്നിപ്പോകും. അഥവാ ഈ നില
യിൽ അങ്ങിനെ ചെയ്യാൻ തക്കവണ്ണം അധമ്മിഷ്ഠനായ
ഒരുത്തൻ ഉണ്ടെങ്കിൽ അവൻ ആ സാധനങ്ങൾ അക്രമ
ബലത്താൽ സംരക്ഷിക്കപ്പെട്ടിരുന്നാലും അവയെ തട്ടിയെടു
ക്കാൻ മടിക്കുന്നതല്ല. എന്നിട്ടും സാധാരണമായി പറയ
പ്പെടുന്നതു് ഇതാ! ഇങ്ങിനെയാണു്: -

"വസ്തുവുടമസ്ഥാവകാശമോ, ജീവിതോപകരണങ്ങളു
ടെ ഉടമസ്ഥാവകാശമോ പൊയ്പോയാൽ യാതൊരുത്തനും
വേലയൊന്നും ചെയ്യുന്നതല്ല. കാരണം അവനു് അവന്റെ

വേലയുടെ ഫലം അനുഭവിക്കാൻ കിട്ടുമെന്നുറപ്പുണ്ടാകയില്ല."

നാം പറയേണ്ടതു് ഇതിനു നേരെമറിച്ചാണു്. ഇപ്പോൾ നടപ്പിലിരിക്കുന്നമട്ടിൽ അന്യായമായി സാമാനങ്ങളെ സമ്പാദിച്ചു കൈവശത്തിൽ വെയ്ക്കുന്ന ഏർപ്പാടു്, ഈ സാമാനങ്ങളുടെ ഉപയോഗത്തെപ്പറ്റി ജനങ്ങൾക്കുള്ള ന്യായാന്യായബോധത്തിനെ തീരെ നശിപ്പിച്ചില്ലെങ്കിൽ അതിനെ വളരെ ക്ഷിണിപ്പിച്ചിട്ടുണ്ടു് എന്നു നിശ്ചയമാണു്. അതായതു് ആ സാമാനങ്ങളുടെമേൽ പ്രകൃതിസിദ്ധമായിട്ടുള്ള അവകാശത്തെ — മനുഷ്യക്കു് ഒഴിച്ചുവെക്കാൻ പാടില്ലാത്തതു്, ഇതുവരെയും ഉണ്ടായിരുന്നതും ഇപ്പോഴും ഉള്ളതുമായ അവകാശത്തെ — ഈ ഏർപ്പാടു തീരെ ഭഞ്ജിച്ചിരിക്കുന്നു.

തന്മൂലം സംവിധാനമായ അക്രമബലപ്രയോഗം ക്രൂരതെ ജനങ്ങൾക്കു സുഖമായും, സൈരമായും ജീവസന്ധാരണം ചെയ്യാൻ പാടില്ലെന്നു് ആലോചിപ്പാൻ യാതൊരു കാരണവുമില്ല.

കാളകളെയും കുതിരകളെയും നടത്തുന്നതിനു വിശേഷബുദ്ധിയുള്ള മനുഷ്യരുടെ ഹിംസാപ്രയോഗശക്തി ആവശ്യമാണെന്നു നിസ്സംശയം പറയപ്പെടുന്നു. എന്നാൽ മനുഷ്യരെ നയിക്കുന്നതിനു് അവരിൽനിന്നും ഉയർന്ന ഒരു ശക്തിയെ ആശ്രയിക്കയല്ലാതെ, ചില മനുഷ്യർ അന്യമനുഷ്യരുടെമേൽ ബലം പ്രയോഗിക്കുന്നതെന്തിനാണു്? ഏതെങ്കിലും ഒരു സമയത്തു യദൃഛയാ അധികാരം സിദ്ധിക്കുന്ന കുറെ ആളുകളുടെ അക്രമബലപ്രയോഗത്തിനു് മറ്റുള്ളവർ കീഴ്പ്പെട്ടിരിക്കുന്നതെന്തിനു? ആ അക്രമബലപ്രയോക്താക്കൾ അവരുടെ കീഴിൽ കിടക്കുന്നവരെക്കാൾ യോഗ്യന്മാരാണെന്നുള്ളതിനു തെളിവെന്താണു്? മനുഷ്യരുടെ നേരെ ഹിംസാപ്രയോഗം ചെയ്യാൻ സന്നദ്ധരാണെന്നുള്ള ഒരു കാരണംകൊണ്ടുതന്നെ അവർ അവരുടെ കീഴിലുള്ളവരെക്കാൾ

ബുദ്ധിഹീനന്മാരും മൂഢന്മാരും ആണെന്നു പ്രത്യക്ഷപ്പെട്ടു. ചൈനായിലെ മണ്ഡാരിൻ (Mandarin) എന്ന ഉദ്യോഗത്തിനുള്ള പരീക്ഷയുടെ ഉദ്ദേശം അത്യുത്തമന്മാർ മാത്രമേ ആ ഉദ്യോഗത്തിന്റെ അധികാരത്തെ പ്രാപിക്കാവൂ എന്നുള്ളതാണെന്നു നാം അറിയുന്നു. പിൻവാഴ്ചാവകാശംകൊണ്ടോ, ഉദ്യോഗക്കയറ്റംകൊണ്ടോ, തിരഞ്ഞെടുപ്പുകൊണ്ടോ, അധികാരത്തിൽ വരുന്നവർ തീച്ചയായും അത്യുത്തമന്മാരായിരിക്കയില്ല. നേരേമറിച്ചു് മനസ്സാക്ഷിയെയും, ധർമ്മതത്ത്വങ്ങളെയും തീരെ വകവെയ്ക്കാത്ത ആളുകളാണു് എല്ലായ്പോഴും അധികാരസ്ഥന്മാരാകുന്നതു്.

"ജനങ്ങൾക്കു ഗവർമ്മെണ്ടില്ലാതെ—അതായതു് സുസംവിധാനമായ ഹിംസാബലപ്രയോഗം കൂടാതെ—എങ്ങിനെ കഴിച്ചുകൂട്ടാം?" എന്നു പലരും മുറവിളികൂട്ടുന്നു. എന്നാൽ "വിശേഷബുദ്ധിയുള്ള മനുഷ്യർ ബുദ്ധിപൂർവ്വമായ സമ്മതംകൊണ്ടല്ലാതെ, തങ്ങളുടെ സമുദായനടപടികളെ സംബന്ധിക്കുന്ന അക്രമബലപ്രയോഗത്തിനു കീഴ്പ്പെട്ടിരിക്കുന്നതെങ്ങിനെയാണു"?" എന്നാണു വാസ്തവത്തിൽ ചോദിപ്പാനുള്ളതു്.

ഒന്നുകിൽ മനുഷ്യജീവികളിൽ വിശേഷബുദ്ധിയുള്ളവരാണു്; അല്ലെങ്കിൽ അവർ വിശേഷബുദ്ധിയില്ലാത്തവരാണു്. ഇങ്ങനെ രണ്ടു സ്ഥിതികളേ വരാൻ നിവൃത്തിയുള്ളു. അവർ വിശേഷബുദ്ധിയില്ലാത്തവരാണെങ്കിൽ, അവരെല്ലാവരും വിശേഷബുദ്ധിയില്ലാത്തവരും, അവരുടെ കാര്യങ്ങളെല്ലാം ഹിംസാബലംകൊണ്ടു സാധിക്കേണ്ടതും, തന്മൂലം ചിലർക്കു മാത്രം ബലപ്രയോഗം ആകാമെന്നും, മറ്റുള്ളവർക്കു പാടില്ലെന്നും വെയ്ക്കുന്നതു് അസംബന്ധവും അത്രെ. അങ്ങിനെയാണെങ്കിൽ ഭരണകർത്താക്കന്മാരുടെ ബലപ്രയോഗത്തിനെ നീതീകരിക്കാൻ നിവൃത്തിയില്ല. ഇനി അങ്ങിനെയല്ല; മനുഷ്യർ വിശേഷബുദ്ധിയുള്ളവരാണു് എന്നുവരു

കിൽ, അവർ തമ്മിലുള്ള വ്യാപാരങ്ങൾ വിവേകബുദ്ധി പ്രയോഗംകൊണ്ടുതന്നെ നടക്കണം. അല്ലാതെ അധികാരത്തിൽ പ്രവേശിക്കുന്നവരുടെ അക്രമത്തിനു കീഴ്പ്പെട്ട് ഇരിക്കരുതു്. ഇതു ശരിയാണെങ്കിൽ വീണ്ടും ഗവമ്മെണ്ടിന്റെ അക്രമബലപ്രയോഗം അനീതിയാണെന്നു വരും.

XIII

ഗവമ്മെണ്ടുകളെ എങ്ങനെ ഇല്ലായ്മചെയ്യാം?

അടിമത്തം നിയമങ്ങളിൽനിന്നുണ്ടാകുന്നു; നിയമങ്ങൾ ഗവമ്മെണ്ടുകൾ മുഖാന്തിരം സംഭവിക്കുന്നു. അതിനാൽ അടിമത്തത്തിൽനിന്നു ജനങ്ങൾക്കു മോചനം കിട്ടണമെങ്കിൽ ഗവമ്മെണ്ടുകളെ നശിപ്പിക്കണം.

എന്നാൽ ഗവമ്മെണ്ടുകളെ എങ്ങനെ ഇല്ലായ്മചെയ്യാം? ബലം പ്രയോഗിച്ചു ഗവമ്മെണ്ടുകളെ നശിപ്പിക്കാനുള്ള സകല ഉദ്യമങ്ങളും—ഇതേവരെ, ഏതുകാലത്തും, എവിടെയും ഉണ്ടായിട്ടുള്ള ഉത്സാഹങ്ങളെല്ലാം—ഒരേതരത്തിൽ കലാശിച്ചിരിക്കുന്നു. അതായതു് നശിപ്പിക്കപ്പെട്ട ഗവമ്മെണ്ടിന്റെ സ്ഥാനത്തു്—അതിനു പകരം—കൂടെക്കൂടി ക്രൂരവും അക്രമപ്രധാനവും ആയ വേറൊരു ഗവമ്മെണ്ടു സ്ഥാപിക്കപ്പെട്ടു; ഇതാണുണ്ടായതു.

ബലപ്രയോഗംകൊണ്ടു ഗവമ്മെണ്ടിനെ നശിപ്പിക്കാനുള്ള പഴയ പ്രയത്നങ്ങളെപ്പോലെതന്നെ, സമഷ്ടിവാദികളുടെ ഉപദേശപ്രകാരം സകല ധനാഗമമാർഗ്ഗങ്ങളെയും സാർവ്വജനീനമാക്കി പുതിയ ഒരു സാമ്പത്തികപദ്ധതിയെ പ്രതിഷ്ഠിച്ചു് മുതലാളികളുടെ ഭരണത്തെ നശിപ്പിച്ചാലും,

വേറൊരു ഹിംസാബലപ്രയോഗഭരണത്തെ ഉണ്ടാക്കി അതിനെ പുലത്തേണ്ടിവരികയേ ചെയ്യൂ. അതിനാൽ അക്രമംകൊണ്ട് അക്രമത്തെ നശിപ്പിക്കാനുള്ള ശ്രമങ്ങൾ ഇതേവരെ വിഫലീഭവിച്ചതുപോലെ, മേലും ആ മാർഗ്ഗമായി ജനങ്ങളെ ബലപ്രയോഗശക്തിയിൽനിന്ന—അതായതു് അടിമത്തത്തിൽനിന്ന—രക്ഷിപ്പാൻ തുനിഞ്ഞാൽ സാധിക്കയില്ലെന്നു വ്യക്തമാകുന്നു. അതങ്ങിനെ വരാതിരിപ്പാൻ തരമുമില്ല.

കോപകാലുഷ്യംകൊണ്ടോ, പ്രതികാരബുദ്ധികൊണ്ടോ ഉണ്ടാകുന്ന ബലപ്രയോഗം ഒഴിച്ചു്, സാധാരണമായി ഹിംസാബലം പ്രയോഗിക്കേണ്ടിവരുന്നതു നാം ഇഷ്ടപ്പെടുന്ന ഒരു കാര്യം ചെയ്യാൻ മനസ്സില്ലാത്ത ഒരുത്തനെക്കൊണ്ടു അതു ചെയ്യിക്കുന്നതിനാണു്. എന്നാൽ അവൻ ഇഷ്ടപ്പെടാത്ത ഒരു സംഗതി അന്യന്മാരുടെ ഇച്ഛയെ ബഹുമാനിച്ചു ചെയ്യണമെന്നു വരുന്ന സ്ഥിതി അടിമത്തമാണു്. അതിനാൽ ഒരുകൂട്ടരുടെ ഇച്ഛ അനുസരിച്ചു് മറ്റുചിലരെക്കൊണ്ടു വേലചെയ്യിക്കുവാൻ ഹിംസാബലം പ്രയോഗിക്കുന്നിടത്തോളംകാലം അടിമത്തവും നിലനില്ക്കും.

കരബലപ്രയോഗത്താൽ അടിമത്തത്തെ നശിപ്പിക്കുവാൻ ചെയ്യുന്ന പരിശ്രമങ്ങളെല്ലാം, തീയ്യിനെ തീകൊണ്ടും വെള്ളത്തിനെ വെള്ളംകൊണ്ടും, ഒരു കുഴിയെ മറെറാരു കുഴികൊണ്ടും, നശിപ്പിക്കാൻ ചെയ്യുന്ന ഉദ്യമങ്ങൾപോലെതന്നെ വിഫലങ്ങളാണു്.

തന്മൂലം അടിമത്തത്തെ ഇല്ലായ്മചെയ്യാൻ എന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ അതു പുതിയ തരത്തിലുള്ള ബലപ്രയോഗത്തെ ഉറപ്പിക്കുന്നതല്ലാ; പിന്നെയോ ഗവമ്മെണ്ടിന്റെ ബലപ്രയോഗശക്തിയെ ധ്വംസിക്കുന്നതാണു്. അല്പപക്ഷം ജനങ്ങൾ ഭൂരിപക്ഷക്കാരുടെ മേൽ അക്രമം പ്രയോഗിക്കുന്ന സകല വ്യവസ്ഥകളെയുംപോലെ ഗവമ്മെ

ണ്ടിനും ബലപ്രയോഗം സാധിക്കുന്നതു കുറച്ചുപേർ ആയുധപാണികളും ശേഷംപേർ നിരായുധന്മാരും ആയിരിക്കയോ, അല്ലെങ്കിൽ ആ കുറച്ചുപേക്ക് മറ്റുള്ളവരെക്കാൾ ആയുധബലം കൂടിയിരിക്കയോ ചെയ്യുന്നതുകൊണ്ടാണു്.

ലോകപ്രസിദ്ധങ്ങളായ സകല ദിഗ്വിജയങ്ങളുടെ സംഗതികളിലും. വാസ്തവം ഇങ്ങനെതന്നെയായിരുന്നു. ഗ്രീക്കുകാർ, റോമാക്കാർ, നൈറ്റ്സ് (Knights), പിസ്സാറോസ് (Pizzaros), ഈ കൂട്ടർ എല്ലാ ജാതിയരെയും (Natious) ജയിച്ചതു് ഇങ്ങനെതന്നെയായിരുന്നു. ആഫ്രിക്കായിലും ഏഷ്യായിലും ഉള്ള ജനങ്ങളെ ഇപ്പോൾ കീഴടക്കിവരുന്നതും ഇതേമാർഗ്ഗമായിട്ടാണു്. ഇതേവിധത്തിലാണു് സമാധാനകാലങ്ങളിൽ ഗവമ്മെണ്ടുകാർ പ്രജകളെ കീഴടക്കി വെച്ചുകൊണ്ടിരിക്കുന്നതും.

പണ്ടത്തെപ്പോലെതന്നെ ഇപ്പോഴും ചില ജനങ്ങൾ മറ്റു മനുഷ്യരെ ഭരിക്കുന്നതു് അവക്കു് ആയുധസന്നാഹങ്ങൾ ഉള്ളതുകൊണ്ടും, മറ്റവക്ക് അതുകൾ ഇല്ലാത്തതുകൊണ്ടും തന്നെയാണു്.

പഴയകാലത്തു യുദ്ധവീരന്മാർ തങ്ങളുടെ അനുഗാമികളെമാന്നിച്ചു രക്ഷാവിഹീനരായ ജനങ്ങളുടെമേൽ ചാടിവീണു് അവരെ ജയിച്ചടക്കി കവച്ചുചെയ്യുകയും, ആ സാധുക്കളുടെ സാമാനങ്ങളെ അവരുടെ ധൈര്യവും, ക്രൂരതയും അനുസരിച്ചു വീതിക്കയും ചെയ്തുവന്നു. ഓരോ യോദ്ധാവും തന്റെ ബലപ്രയോഗംകൊണ്ടു സമ്പാദ്യക്കാരനാകയും ചെയ്തു. ഇപ്പോഴാകട്ടെ, തൊഴിലാളികളുടെ ഇടയിൽനിന്നുതന്നെ ജനങ്ങളെ തിരഞ്ഞെടുത്തു സജ്ജീകരിക്കപ്പെട്ട ആയുധപാണികൾ നിരായുധന്മാരായ ജനങ്ങളെ ആക്രമിക്കുന്നു. പണിമുടക്കിയ വേലക്കാർ, അടിപിടിക്കാർ, അന്യരാജ്യനിവാസികൾ മുതലായവരെ അടിച്ചു കീഴടക്കി അവരുടെ

സാമാന്യത്തെ തട്ടിപ്പറിക്കയും അവർ ചെയ്യുന്നു. ഇതൊന്നും ഈ ആയുധപാണികളായ പട്ടാളക്കാരുടെ പേക്കായിട്ടല്ലാ, പിന്നെയോ ഈ അക്രമത്തിന്റെ പ്രവൃത്തികളിൽ പങ്കുകൊള്ളുകപോലും ചെയ്യാത്ത കൂറേപ്പേർക്കുവേണ്ടിയാണുതാനും.

പഴയ ദിഗ്വിജയനേതാക്കന്മാരും, ഇപ്പോഴത്തെ ഗവമ്മെണ്ടുകളും തമ്മിൽ ഒരു ഭേദമേ ഉള്ളൂ. ആ നേതാക്കന്മാർ തന്നത്താൻതന്നെ തങ്ങളുടെ പട്ടാളക്കാരോടുകൂടി പോയി നിരായുധന്മാരായ സാധുക്കളെ ആക്രമിക്കയും, അവർ കീഴ്പ്പെടാത്തപക്ഷം അവരെ ഭയപ്പെടുത്തി ദ്രോഹിക്കയും കൊല്ലുകയും ചെയ്യുവന്നു. എന്നാൽ ഗവമ്മെണ്ടുകളാകട്ടെ, ജനങ്ങളം കീഴ്പ്പെടാത്തപക്ഷം അവർ തന്നത്താനേ പോയി നിരായുധന്മാരായ പാവങ്ങളെ ദ്രോഹിക്കയോ ഹിംസിക്കയോ ചെയ്യാതെ, ഗവമ്മെണ്ടുകാരുടെ ഉപദ്രവങ്ങളെ സഹിക്കുന്ന ആ സാധുക്കളിൽനിന്നുതന്നെ ചിലരെ തിരഞ്ഞെടുത്തു പ്രത്യേകം വഞ്ചിച്ചു നികൃഷ്ടീകരിച്ചു് അവരെക്കൊണ്ടു ഹിംസാപ്രവൃത്തികളും മറ്റും ചെയ്യിക്കുന്നു. ഇങ്ങനെ പണ്ടത്തെ ബലപ്രയോഗം പ്രയോക്താവിന്റെ ധീരത, ക്രൂരത മുതലായവ ഉപയോഗിച്ചു നേരിട്ടു ചെയ്യപ്പെട്ടു; ഇപ്പഴോ, അക്രമബലപ്രയോഗം ചതിവും കൃത്രിമങ്ങളും മുഖേന നടത്തപ്പെടുന്നു.

അതിനാൽ പഴയകാലത്തു ആയുധബലപ്രയോഗത്തെ തടുപ്പാൻ ആയുധബലപ്രയോഗം തന്നെ വേണ്ടിവന്നിരുന്നുവെങ്കിൽ, പ്രഥമവീക്ഷണത്തിൽ ബലപ്രയോഗം ഇല്ലെന്നു തോന്നാവുന്ന ചതിപ്രയോഗംകൊണ്ടു ജനങ്ങളെ കീഴടക്കിവരുന്ന ഇക്കാലത്തു് അതിനെ തടുപ്പാൻ, ന്യൂനപക്ഷക്കാർ ഭൂരിപക്ഷക്കാരെ അമർത്തി ഭരിപ്പാൻ തരംകൊടുക്കുന്ന ആ ചതിപ്രയോഗത്തിന്റെ "ചെമ്പു" പുറത്താക്കിയാൽ മതി.

ദിഗ്വിജയംകൊണ്ടു അധികാരികളായിത്തീർന്ന മൻഗാമികളെ ഓടിച്ചുംവെച്ചു് അധികാരപദത്തിൽ കയറിയ ന്യൂനപക്ഷക്കാർ ഭൂരിപക്ഷക്കാരോടു താഴെക്കാണുന്നവിധം പറയുന്നതിലാണു് ഈ ചതിപ്രയോഗം കിടക്കുന്നതു്—

"നിങ്ങൾ അനവധി ജനങ്ങളാണു്; എന്നു മാത്രമല്ല നിങ്ങളൊക്കെ കഥയില്ലാത്തവരും, വിവരമില്ലാത്ത മൂഢന്മാരും, അവനവന്റെ കാര്യം നോക്കാനോ, പൊതുക്കാര്യങ്ങളെ ഭംഗിയായി നടത്തിപ്പാനോ കൊള്ളുകയില്ലാത്തവരുമത്രെ. അതിനാൽ ആ കാര്യങ്ങളെല്ലാം ഞങ്ങൾ ഏറ്റു നടത്തിക്കൊള്ളാം. ഞങ്ങൾ നിങ്ങളെ വിദേശ്യശത്രുക്കളിൽനിന്നു രക്ഷിക്കാം. നിങ്ങൾ തമ്മിൽ തമ്മിൽ ഉണ്ടാകുന്ന വഴക്കുകളിൽ ന്യായവും നീതിയും നടത്തി വേണ്ട സമാധാനവും യോജ്യതയും ഞങ്ങൾ ഉണ്ടാക്കിക്കൊള്ളാം. നിങ്ങൾക്കുവേണ്ടി ഞങ്ങൾ നീതിന്യായക്കോടതികൾ, സ്കൂളുകൾ, റോഡുകൾ, പോസ്റ്റ് മുതലായ പൊതുസ്ഥാപനങ്ങൾ എർപ്പെടുത്തി നടത്തുകയും ചെയ്യാം. പൊതുവെ നിങ്ങളുടെ സുഖദുഃഖങ്ങളെ ഞങ്ങൾ അന്വേഷിച്ചു ശരിപ്പെടുത്തിക്കൊള്ളാം. ഇതിനൊക്കെ പകരമായി നിങ്ങൾ കുറച്ചു ചില നിസ്സാരനിബന്ധനകളെ അനുസരിക്കണം. പ്രധാനമായി നിങ്ങളുടെ സമ്പാദ്യത്തിന്റെ ഒരംശം ഞങ്ങൾക്കു തരുകയും, നിങ്ങളുടെയും ഗവമ്മെൻറിന്റെയും രക്ഷയ്ക്കാവശ്യമുള്ള പട്ടാളത്തിലും പോലീസ്സിലും നിങ്ങൾ ചേരുകയും വേണം."

ഇതാ! ഈ പറച്ചിലിലാണു ചതിവു കിടക്കുന്നതു്. വളരെ ജനങ്ങൾ ഇതിനെ അനുസരിക്കുന്നതാണം. ഈ പ്രസ്താവങ്ങളുടെ ഗുണദോഷങ്ങളെ പൂർണ്ണമായി പര്യാലോചിച്ചിട്ടല്ല അവർ അങ്ങനെ ചെയ്യുന്നതു്. അവർക്കങ്ങനെ ആലോചിച്ചുനോക്കാൻ സൗകര്യംപോലുമില്ല. എന്തെന്നാൽ അവരുടെ ജനനംമുതൽ അവർ ഈ സ്ഥിതികളെയാണു കണ്ടും കേട്ടും പരിചയിച്ചും ഇരിക്കുന്നതു്.

ഈ മനുഷ്യരിൽ പലക്കും ഏതൽസ്ഥിതികളുടെ അ
വശ്യകതയെപ്പറ്റി വല്ല ശങ്കയും ജനിച്ചാൽതന്നെയും ഓ
രോരുത്തനും അവനവന്റെ സ്വാർത്ഥംമാത്രം ചിന്തിക്കയും,
ഈ വ്യവസ്ഥകളെ അംഗീകരിക്കാത്തപക്ഷം തനിക്കാപ
ത്തുപറ്റിയെങ്കിലോ എന്നു ഭയപ്പെടുകയും ചെയ്യുപോകുന്നു.
ഓരോരുത്തരും അവരവരുടെ സ്വന്തലാഭംമാത്രം നോക്കു
കയും, തന്റെ തന്റെ ആടായത്തിൽ ഒരംശം ഗവമ്മെ
ണ്ടിനു കൊടുക്കയും ഗവമ്മെണ്ടിന്റെ ആവശ്യമനുസരിച്ചു
പട്ടാളത്തിൽ ചേരുകയും ചെയ്യുന്നതുകൊണ്ടു തനിക്കു വ
ലിയ ഉപദ്രവമൊന്നും വരാനില്ലെന്നു വിചാരിച്ചു ഇങ്ങനെ
ചെയ്യുന്നതാണു്. എന്നാൽ പണവും പട്ടാളവും കിട്ടിക്കു
ഴിഞ്ഞാൽ ഉടൻ ഗവമ്മെണ്ടുകാർ അവരുടെ പ്രജകളെ വി
ദേശീയശത്രുക്കളിൽനിന്നു രക്ഷിക്കാമെന്നും അവർക്കു സുഖ
സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാമെന്നും മറവുമുള്ള വാഗ
ത്തങ്ങളെ മറക്കുകയും അയൽരാജ്യത്തിലെ ജനങ്ങളെ കോ
പിപ്പിക്കയും. ജനങ്ങളുടെ പൊതുശ്രേയസ്സിനെ വർദ്ധിപ്പിക്കു
ന്നതിനുപകരം അവരെ നശിപ്പിച്ചു വഷളാക്കുകയുമാണു
ചെയ്യുന്നതു്.

നാടുവിട്ട ഒരു ദേശസഞ്ചാരി ഒരു വിജനദ്വീപിൽ
ചെല്ലാനിടയാകയും അപ്പോൾ അവിടെ ഒരു നദീതീരത്തിൽ
അസ്വാധീനപ്പെട്ട കൈകാലുകളോടുകൂടിയ ഒരു വൃദ്ധനെ
കാണുകയുചെയ്തതായി അറബിക്കഥകളിൽ ഒരു കഥയു
ണ്ടു്. തന്നെ തോളിലെടുത്തു നദികടത്തിവിടണമെന്നു് ഈ
വയസ്സൻ വഴിയാത്രക്കാരനോടു് അപേക്ഷിച്ചു. അയാൾ
അതിനെ സമ്മതിച്ചു. എന്നാൽ ആ പാവപ്പെട്ട സഞ്ചാരി
അവനെ തോളിലെടുത്തുകഴിഞ്ഞ ഉടനെ. ആ വൃദ്ധൻ
തന്റെ കാലുകൾ രണ്ടുംകൂടി അയാളുടെ കഴുത്തിൽത്തെക്കി
മുറുക്കിപ്പിടിക്കയും താഴെയിറങ്ങാൻ കൂട്ടാക്കാതിരിക്കയും ചെ
യ്തുതുടങ്ങി വഴിയാത്രക്കാരൻ തന്റെ പിടിയിലായെന്നു
കണ്ടപ്പോൾ, തന്റെ ഇഷ്ടപ്രകാരം അയാളെ നടത്തുകയും

മരങ്ങളിൽനിന്നു പഴങ്ങളും പറിച്ചു് അയാൾക്കശേഷം കൊടുക്കാതെ മുഴുവനും താൻതന്നെ തിന്നുകയും അയാളെ സർവ്വഥാ കഷ്ടപ്പെടുത്തുകയുമാണു് ആ ദുഷ്ടവൃദ്ധൻ ചെയ്തതു്. പട്ടാളക്കാരെയും പണങ്ങളെയും ഗവമ്മെണ്ടുകാർക്കു കൊടുക്കുന്ന ജനങ്ങളുടെ സ്ഥിതി ഈ ദേശസഞ്ചാരിയുടെ സ്ഥിതിപോലെയാണു്. പണംകൊണ്ടു ഗവമ്മെണ്ടുകാർ തോക്കുകളുണ്ടാക്കിക്കയും തങ്ങളുടെ കീഴിൽ കിടന്നുകൊള്ളുന്ന നിഷ്ഠുരകർമ്മാരായ പട്ടാളഉദ്യോഗസ്ഥന്മാരെ ഉണ്ടാക്കുകയോ സമ്പാദിത്തിനേർപ്പെടുത്തുകയോ ചെയ്കയും ചെയ്യുന്നു. ഈ ഉദ്യോഗസ്ഥന്മാരാകട്ടെ വളരെക്കാലംകൊണ്ടു പൂർണ്ണമാക്കപ്പെട്ടതും പട്ടാളമുറ (Discipline) എന്നു പറഞ്ഞുവരുന്നതുമായ ഒരുവക കൃത്രിമവിദ്യയാൽ ജനങ്ങളെ ലംഘരി പിടിപ്പിച്ചു സൈന്യങ്ങളെയുണ്ടാക്കി ഉറപ്പിക്കുന്നു. ഈ ഡിസിപ്ലിൻ അല്ലെങ്കിൽ പട്ടാളമുറ എന്നു പറയുന്നതു്, ആ പരിശീലനത്തിലുൾപ്പെട്ട അതിൻകീഴിലിരിക്കുന്ന ജനങ്ങൾ മനുഷ്യജീവിതത്തിൽ വിലയേറിയ സകലതിനെയും തീരെ ഉപേക്ഷിച്ചു്, മനുഷ്യനു സർവ്വപ്രധാനമായ അന്തഃകരണസ്വാതന്ത്ര്യത്തെയും പണയപ്പെടുത്തി ക്രമനിയന്ത്രിതരായ സൈനികഭരണകർത്താക്കന്മാരുടെ കയ്യിൽ കേവലം യന്ത്രങ്ങളെപ്പോലെ കീഴ്പ്പെട്ടു വർത്തിക്കണമെന്നുള്ളതാണു്. ഇത്തരത്തിൽ പരിശീലനംചെയ്യപ്പെട്ട പട്ടാളത്തിലാണു ജനങ്ങളുടെമേൽ ആധുനികഗവമ്മെണ്ടുകാർക്കു് ആധിപത്യം കൊടുക്കുന്ന ചതിപ്രയോഗത്തിന്റെ സത്തു കിടക്കുന്നതു്. ഈ ഗവമ്മെണ്ടുകളുടെ കൈവശത്തിൽ തങ്ങൾക്കു സ്വന്തമായി ഒരിഷ്ടവും അഭിപ്രായവും ഇല്ലാതെയും; അക്രമത്തിനും കൊലപാതകത്തിനും സദാ സന്നദ്ധരായുമുള്ള ഈ മനുഷ്യായുധങ്ങളെ കിട്ടുമ്പോൾ, ജനാവലി മുഴുവനും ആ ഗവമ്മെണ്ടുകാരുടെ പിടിയിൽ വരികയും പിന്നീടു ഒരിക്കലും പിടിവിടാതെ ഗവമ്മെണ്ടുകാർ അവരെ മർദ്ദിക്കുകയും കൊള്ളചെയ്കയും ചെയ്തുകൊണ്ടു്, വ്യാജമതപ്രധാനവും

ദൃഷ്ടിച്ചു ഒരുവക സ്വദേശസ്നേഹപരവുമായ ദുഷ്ടവിദ്യാഭ്യാസംമൂലം അവർക്ക് തങ്ങളോടു ഭക്തിബഹുമാനങ്ങളെ ഉണ്ടാക്കി അവരെക്കൊണ്ടുതന്നെ, അവരെ അടിമത്തത്തിൽഇട്ടു കഷ്ടപ്പെടുത്തുന്ന തങ്ങളെ, പൂജിപ്പിക്കയും ചെയ്യുന്നു.

രാജാക്കന്മാരും, ചക്രവർത്തിമാരും, പ്രസിഡണ്ടന്മാരും ഈ ഡിസിപ്ലിൻ (പട്ടാളമുറ) ഇത്രമാത്രം വിലവെയ്ക്കുകയും, അതിന്റെ ഭംഗത്തിനെ അതിലധികം ഭയപ്പെടുകയും, പട്ടാളപരിശോധനം, കൃത്രിമപ്രയോഗം, കബാത്തു്, ഘോഷയാത്രകൾ മുതലായ അസംബന്ധങ്ങളെ പ്രമാണീകരിച്ചു പ്രവർത്തിക്കയും ചെയ്യുന്നതു കേവലം വെറുതെയല്ല. ഇതു കൊണ്ടെല്ലാം ഡിസിപ്ലിൻ സംരക്ഷിക്കപ്പെടുമെന്നും, അവരുടെ അധികാരമെന്നു മാത്രമല്ലാ ജീവൻപോലും ഈ ഡിസിപ്ലിൻ ആശ്രയിച്ചാണിരിക്കുന്നതെന്നും അവർക്കു നല്ല വണ്ണം അറിയാം.

ജനങ്ങളുടെമേൽ തങ്ങളുടെ അധികാരത്തെ നിലനിർത്തിക്കൊണ്ടു പോകുന്നതിനു്, സ്വന്ത കൈകാലുകൾ ഉപയോഗിക്കാതെ ഘോരഘോരകൃത്യങ്ങൾ നടത്താനുള്ള പ്രാപ്തിയെ അവർ സമ്പാദിക്കുന്നതു് ഈ സുനിയന്ത്രിതമായ സൈന്യസമൂഹം മുഖാന്തിരമാണു്.

അതിനാൽ ഗവർമ്മെണ്ടുകളെ നശിപ്പിക്കേണ്ടതു് ബലപ്രയോഗത്താലല്ലാ; ഈ ചതിപ്രയോഗത്തെ വെളിപ്പെടുത്തുന്നതുകൊണ്ടുവേണം. അതിലേയ്ക്കു് ജനങ്ങൾ ചില കാര്യങ്ങൾ വ്യക്തമായും കൃത്യമായും മനസ്സിലാക്കണം:—

ആദ്യമായിട്ടു്, കൃസ്തീയരാജ്യങ്ങളിൽ ജനങ്ങളെ അന്യോന്യം സംരക്ഷിക്കേണ്ട ആവശ്യമില്ലെന്നും, ജനങ്ങൾ തമ്മിലുള്ള ശത്രുത്വവും, വിരോധവും എല്ലാം ഗവർമ്മെണ്ടുകൾ ഉണ്ടാക്കുന്നവയാണെന്നും, ആ ഗവർമ്മെണ്ടുകളുടെ— അല്പം ചിലരുടെ – ഗുണത്തിനുമാത്രമേ സൈന്യങ്ങളെ

ക്കൊണ്ട് പ്രയോജനമുള്ളവെന്നും, മനുഷ്യരെ അടിമപ്പെട്ടുത്തുന്നതിനു പട്ടാളത്തിൽ സേവിക്കുന്നതു് അനാവശ്യമെന്നു മാത്രമല്ലാ, പരമദ്രോഹവുംക്രൂടിയാണെന്നും അവർ ധരിക്കണം.

രണ്ടാമതായിട്ടു്, സകല ഗവമ്മെണ്ടുകളും വളരെ വിലമതിക്കുന്ന ഡിസിപ്ലിൻ എന്നതു് മനുഷ്യലോകത്തിനു സാധിക്കാവുന്ന മഹാപാപങ്ങളിൽവെച്ചു് അദ്വിതീയമാണെന്നും, അതു് ഗവമ്മെണ്ടുകളുടെ ഉദ്ദേശ്യങ്ങളുടെ പ്രത്യക്ഷലക്ഷണമാണെന്നും അവർ ഓമ്മിക്കണം. ഡിസിപ്ലിൻ എന്നതു് മനുഷ്യനിലുള്ള അന്തഃകരണസ്വാതന്ത്ര്യങ്ങളെ അമത്തുന്ന ഒരു സന്ത്രാസവും, സാധാരണമായി മനുഷ്യർ ചെയ്യാത്ത ഉദ്യോഗങ്ങളെ പ്രവർത്തിപ്പിക്കണമെന്നുള്ളതു് ഇതിന്റെ ഉദ്ദേശ്യവും ആണു്. ബൂവർ (Boer) ജാതിക്കാർ ഇയ്യിടെ കാണിച്ചുതന്നിട്ടുള്ളതുപോലെ, ആത്മരക്ഷാപരവും, ജാതീയവും ആയുള്ള ഒരു യുദ്ധത്തിനുപോലും ഇതാവശ്യമില്ല. വില്യം രണ്ടാമൻ പ്രദർശിപ്പിച്ച—സഹോദരവധം, പിതൃമാതൃവധം മുതലായ കഠിന കൃത്യങ്ങൾക്കുമാത്രമേ ഇതാവശ്യമുള്ളൂ.

മേല്പറഞ്ഞ വഴിയാത്രക്കാരന്റെ കഴുത്തിൽ കയറി ഇരുന്ന ഭയങ്കരനായ ആ വയസ്സൻ, ഗവമ്മെണ്ടുകളെപ്പോലെതന്നെയാണു് പ്രവർത്തിച്ചതു്. തന്റെ കാലുകൾ അയാളുടെ കഴുത്തിൽ ഇരിക്കുന്നിടത്തോളം അയാൾ തന്റെ അടിമയാണെന്നു മനസ്സിലാക്കി ആ കിഴവൻ അയാളെ ആക്ഷേപിക്കയും അപമാനിക്കയും ഒക്കെച്ചെയ്തു.

ഗവമ്മെണ്ടെന്നു പറയപ്പെടുന്ന കുറച്ചു ചില അധികപ്രസംഗികൾ ഈ ചതിപ്രയോഗംമൂലമാണു് ജനതതിയെ ആസകലം കീഴടക്കി അവരെ നശിപ്പിച്ചു് ഭരിദ്രന്മാരാക്കുകയും, പരമദ്രോഹകരമായവിധത്തിൽ ഓരോ തലമുറകളിലുള്ളവരെയും വളരെ ചെറുപ്പംമുതൽക്കുതന്നെ ദുഷിപ്പിച്ചു

തുമ്പില്ലാതാക്കുകയും ചെയ്യുന്നതു്. ഗവമ്മെണ്ടുകളെയും, അവരിൽനിന്നും ഉണ്ടാകുന്ന അടിമത്തത്തെയും ഇല്ലായ്മ ചെയ്യുന്നതിനു് ഇതാ! ഈ വഞ്ചനപ്രയോഗത്തെത്തന്നെയാണു് വെളിപ്പെടുത്തേണ്ടതു്.

ബൂഡാപെസ്റ്റ് നഗരത്തിൽനിന്നു പ്രസിദ്ധംചെയ്തിരുന്ന ഓനേ സ്റ്റാറ്റ് (Ohne Staat) എന്ന പത്രികയിൽ ഈജൻസ്മിത്ത് എന്ന ജർമ്മൻ ഗ്രന്ഥകാരൻ വാചകത്തിലും തത്വത്തിലും വളരെ സൂക്ഷ്മവും, ധീരവും ആയ ഒരു ലേഖനം എഴുതിയിട്ടുണ്ടു്. പ്രജകൾക്കു് ഒരുവക സംരക്ഷണത്തെ ചെയ്യുന്നതുകൊണ്ടു് തങ്ങളുടെ ഇരിപ്പു് ന്യായമാണെന്നു വാദിക്കുന്ന ഗവമ്മെണ്ടുകളെ, പബ്ലിക്കുറോഡിൽക്കൂടി ആപത്തില്ലാതെ സഞ്ചരിക്കാനാഗ്രഹിക്കുന്ന യാത്രക്കാരോടെല്ലാം മുറയ്ക്കു് ഒരു തീരുവവാങ്ങിവന്ന ഒരു കലാബ്രിയൻ തീവെട്ടിക്കൊള്ളക്കാരനോടു് അദ്ദേഹം ഉപമിക്കുന്നു. (സ്മിത്തിനെ ഈ ലേഖനകാരണം കുറക്കാരനാക്കി വിസ്തരിച്ചുവെങ്കിലും, ജൂറി അദ്ദേഹത്തെ വെറുതെവിടുകയാണു് ചെയ്തതു്.)

ഈ വിധമുള്ള ഒരുപമ അതിശയോക്തിയോ, വിരോധാഭാസമോ, നേരമ്പോക്കോ ആണെന്നു വിചാരിച്ചുപോകത്തക്കവണ്ണം ഗവമ്മെണ്ടുകൾ നമ്മെ മയക്കിയിരിക്കുന്നു. വാസ്തവത്തിൽ ഇതു വിരോധാഭാസമോ, കളിവാക്കോ അല്ല. ആ ഉദാഹരണത്തിൽ ഏതെങ്കിലും പോരായ്മയുണ്ടെങ്കിൽ അതു കലാബ്രിയൻ കൊള്ളക്കാരന്റെ പ്രവൃത്തിയെക്കാൾ എത്രയോ മടങ്ങു അധികം മനുഷ്യാധമവും നാശകരവും ആയ വ്യാപാരങ്ങൾ ഗവമ്മെണ്ടുകാർ ചെയ്യുവരുന്നുണ്ടെന്നുള്ള സംഗതിമാത്രമാണു്. കവച്ചുക്കാരൻ സാധാരണ ധനികന്മാരെയാണു് കൊള്ളചെയ്യുന്നതു്. ഗവമ്മെണ്ടുകളാകട്ടെ സാധുക്കളെ കുത്തിക്കവരുകയും ആ അക്രമത്തിനു സഹായിക്കുന്ന ധനികന്മാരെ പാലിക്കയും ചെയ്യുന്നു. കവ

ച്ചുക്കാരൻ അവന്റെ ജീവനെ പണയംവെച്ചു ണ്ട് അവ
ന്റെ ജോലിചെയ്യുന്നതു്. ഗവമ്മെണ്ടുകാർക്കു യാതൊരു
ഭയവും ഇല്ലാതെ കവച്ചുത്തൊഴിലും വഞ്ചനയും ചെയ്യാൽ
മാത്രംമതി. കവച്ചുക്കാരൻ വേറൊരുത്തനെയും നിർബ്ബ
ന്ധിച്ചു് നിന്റെ കക്ഷിയിൽ ചേക്കാറില്ല. ഗവർമ്മെണ്ടു
കാർ ബലംപ്രയോഗിച്ചു് പടയാളികളെ ചേർത്തു് ശക്തി
വർദ്ധിപ്പിക്കുന്നു. കൊള്ളക്കാരനു തീരുവകൊടുത്ത എല്ലാ
വർക്കും ആപത്തിൽനിന്നു രക്ഷകിട്ടി; എന്നാൽ ഭരണാധി
കാരികളുടെ സുനിയന്ത്രിതമായ കപടപ്രയോഗത്തിൽ
അധീകം പങ്കെടുക്കുന്നവർക്കു അധികം രക്ഷയും സമ്മാനവും
കിട്ടുന്നു. ഇതിലൊക്കെയും വലിയ ഒരു വിശേഷം വേറെ
ഉണ്ടു്. ചക്രവർത്തിമാർക്കും, രാജാക്കന്മാർക്കും, പ്രസിഡൻറന്മാ
ർക്കുംഎല്ലാം അനവരതം അംഗരക്ഷകന്മാരിൽനിന്നുള്ള രക്ഷ
യുംനികുതിദാതാക്കന്മാരായ പ്രജകളുടെ പണത്തിന്റെ പ്ര
ധാനഭാഗം ചെലവാക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ടു് ഗവ
മ്മെണ്ടു അപരാധങ്ങളുടെ അടുത്ത പങ്കുകാർ സേനാനികൾ
മന്ത്രിമാർ, പൊല്ലീസ്ആഫീസ്സർമാർ ഗവണ്ണർമാർ മുത
ലായവരും, അധികം ആപത്തുകളിൽ തലയിടുകയും, പക്ഷേ
വളരെ കുറഞ്ഞശമ്പളംമാത്രം പറ്റുകയും ചെയ്യുകൊണ്ടു്
ഇങ്ങേ അറ്റത്തുകിടക്കുന്ന കാൺസ്റ്റബിൾമാർ തുടങ്ങിയുള്ള
വരും ആണു്. ഗവമ്മെണ്ടുക്രമങ്ങളിൽ സഹായിക്കയോ,
കരംകൊടുക്കയോ, നിയമത്തെ അനുസരിക്കയോ ചെയ്യാ
ത്തവരെപ്പിടിച്ചു്, കവർച്ചുക്കാരുടെ ഇടയിലെപ്പോലെ,
ഹിംസിച്ചുകളയുന്നു. കവച്ചുക്കാരൻ മനഃപൂർവ്വമായി ജന
ങ്ങളെ ദ്രോഹിപ്പിക്കുന്നില്ല; ഗവമ്മെൻറുകളാകട്ടെ അവരുടെ
സ്വാർത്ഥലാഭത്തിനുവേണ്ടി കുട്ടിക്കാലംമുതൽ പ്രാപ്തിയാക
ുന്നതുവരെ ഒരു മാതിരി വികൃതമായ മതവിദ്യാഭ്യാസവും
ഒരുതരം നികൃഷ്ടമായ സ്വദേശസ്നേഹോദ്ദീപകപാഠങ്ങളും
കൊണ്ടു് ജനങ്ങളെ മൂഢവൻ ദ്രോഹിപ്പിച്ചുകളയുന്നു. സർവ്വോ
പരിയായി—ഭയങ്കരനായ ജേൺ ലൂയിപതിനൊന്നാമൻ,

എലിസബേത്ത് മുതലായ—കഠിനപ്രവൃത്തികഠംക്കു കൂപ്പ സിദ്ധരായിരുന്ന ദുഷ്ടരാജാക്കന്മാരുടെ മാത്രമല്ലാ. ഏകാന്ത ത്തടവുമുറികളും, ഡിസിപ്ലിൻ പട്ടാളങ്ങളും, വിപ്ലവധ്വം സനമാർഗ്ഗങ്ങളും, സമരാങ്കണഹിംസകളും മഠവും ചേന്ന ഇപ്പോഴത്തെ പരിഷ്കൃതങ്ങളായ ഉൽപതിഷ്ണുഗവമ്മെണ്ടു കളുടെപോലും പ്രവൃത്തികളുടെ ക്രൂരത, സ്റ്റെങ്കാ, റാസ്സിൻ, കാർട്ടൂഷ് മുതലായ ഘോരന്മാരായകവച്ചുക്കാരുടെ കാഠിന്യ ത്തേയും അതിശയിക്കുന്നു.

ദേവാലയങ്ങളുടെ നേരെ എന്നപോലെ, ഗവണ്മെ ൻറുകളുടെ നേരെയും ഒന്നുകിൽ ബഹുമാനമോ, അല്ലെ കിൽ വെറുപ്പോ, തോന്നാതിരിപ്പാൻ നിവൃത്തിയില്ല. ഗവ മ്മെണ്ടെന്നും, ദേവാലയം എന്നും വെച്ചാൽ യഥാർത്ഥമായി ട്ടു് എന്താണെന്നു ഒരുത്തൻ അറിയുന്നതുവരെ അവൻ അ തിനെ പൂജിച്ചുവരുന്നു. ഇവയുടെ കീഴിൽ ജീവിതം നയി ക്കുന്ന ഒരു മനുഷ്യനു് തൻെറ ജീവിതത്തെ നിയന്ത്രിക്കുന്ന ഈ സ്ഥാപനം വളരെ യോഗ്യവും, കേമവും, പരിശുദ്ധവും ആണെന്നു തോന്നുന്നു. എന്നാൽ തന്നെ നടത്തിക്കൊണ്ടു പോകുന്ന ഈ സ്ഥാപനം പരിശുദ്ധവും, മഹത്തും ആയ ഒന്നല്ലെന്നും, നേരേമറിച്ചു് സ്വാർത്ഥപരന്മാരായ ദ്രോഹി കഠം അവരുടെ കായ്മുലാഭത്തിനായിട്ടു് തന്നെ നയിക്കുന്നു എന്ന വ്യാജേന തന്നെക്കൊണ്ടു കായ്ങ്ങഠം നേടുന്നതിനു നടത്തിവരുന്ന ഒരു പെരുംചതിയാണെന്നും അറിയുമ്പോഠം അവനു് അതിനോടു് വെറുപ്പു തോന്നാതെയിരിക്കയില്ല. എന്നു മാത്രമല്ലാ, തൻെറ ജീവിതത്തിൻെറ എത്ര വലിയ ഒരംശം ഈ ഗവണ്മെൻറിനാൽ നയിക്കപ്പെട്ടുവോ, അത്ര അധികം വിരോധം അതിൻെറ നേക്കു അവനുണ്ടാകുകയും ചെയ്യും.

ഗവണ്മെണ്ടെന്നുവെച്ചാൽ എന്തെന്നു മനസ്സിലാ യാൽ ജനങ്ങഠംക്കു വെറുപ്പുതോന്നാതിരിപ്പാൻ തരമില്ല.

തങ്ങളുടെ വേലയുടെ ഒരംശം പണമായിട്ടു കൊടുത്തോ, തങ്ങൾ പട്ടാളത്തിൽസേവിച്ചോ ഗവണ്മെണ്ടുകളുടെ കുറ്റകരങ്ങളായ വ്യാപാരങ്ങളെ സഹായിക്കുന്നതു്, സാധാരണ വിചാരിക്കുന്നതുപോലെ, നിസ്സാരമായ ഒരു പ്രവൃത്തിയല്ലെന്നും, നേരെമറിച്ചു് തങ്ങൾക്കും, തങ്ങളുടെ സഹോദരന്മാർക്കും ഇതു വളരെ ദ്രോഹകരമാണെന്നും തന്മൂലം കണക്കില്ലാതെ ഗവണ്മെണ്ടുകാർ ചെയ്യുവരുന്ന പാപകർമ്മങ്ങളിൽ തങ്ങൾ ഭാഗഭാക്കുകളാകുമെന്നും, അതുകൊണ്ടു ഗവണ്മെണ്ടുകൾ ഡിസിപ്ലിൻ ചെയ്തിച്ച സൈന്യങ്ങളാൽ വീണ്ടും അധികമധികം അക്രമങ്ങൾക്കു ഇതിനാൽ സന്നദ്ധരാകുന്നവരാണെന്നും നാം ഗ്രഹിക്കണം.

ഗവണ്മെണ്ടുകൾ അവരുടെ നിലയെ കാത്തുസൂക്ഷിക്കുന്നതിനു് പലവിധം തട്ടിപ്പുകൾ കാണിക്കുന്നുണ്ടെങ്കിലും, അവരെ ബഹുമാനിക്കുന്ന കാലം പൊയ്പോയിത്തുടങ്ങിയിരിക്കുന്നു. ഗവണ്മെണ്ടു് അനാവശ്യമെന്ന മാത്രമല്ലാ, അത്യന്തം ദ്രോഹകരവും, അധർമ്മിഷ്ഠവും ആയ സ്ഥാപനമാണെന്നും, സത്യസന്ധതയും ആത്മാഭിമാനവുമുള്ള മനുഷ്യർ അതിനോടു സഹകരിക്കരുതെന്നും, അതിൽനിന്നുണ്ടാകുന്ന ഫലങ്ങളെ ആസ്വദിക്കരുതെന്നും ജനങ്ങൾ മനസ്സിലാക്കേണ്ടകാലമായിരിക്കുന്നു.

പ്രജകൾ വ്യക്തമായി ഇതെല്ലാം ഗ്രഹിക്കുമ്പോൾ അവർ ആ സഹകാരകപ്രവൃത്തികളിൽനിന്നു പ്രകൃത്യാ വിരമിക്കാൻ തുടങ്ങും. അതായതു് പട്ടാളത്തിനെയും പണത്തിനെയും അവർ ഗവണ്മെണ്ടിനു കൊടുക്കാതിരിക്കും. ഭൂരിപക്ഷം ജനങ്ങൾ ഇങ്ങിനെ ചെയ്യുമ്പോൾ, ജനങ്ങളെ അടിമപ്പെട്ടത്തിവരുന്ന ആ പെരും ചതിപ്രയോഗവും ഇല്ലാതെയാകും.

ഇങ്ങിനെ മാത്രമേ ജനങ്ങൾക്കു അടിമത്തത്തിൽനിന്നു രക്ഷപ്രാപിക്കാൻ കഴിയൂ.

XIV

ഓരോരുത്തരും എന്തുചെയ്യണം?

"ഇതൊക്കെ സാധാരണ ആക്ഷേപം പറയാവുന്നതാണു്; ഇതു ശരിയായാലും കൊള്ളാം, തെറ്റായാലും കൊള്ളാം, നടപ്പിൽ വരുത്താൻ സാധിക്കയില്ല." ഇങ്ങിനെയാണു് ഏതെല്ലാംസ്ഥിതിയുമായി പരിചയപ്പെട്ടാലും, അതിനെ ഭേദപ്പെടുത്തുന്നതു് സാദ്ധ്യമോ, നല്ലതോ അല്ലെന്നു വിചാരിച്ചും വരുന്ന ആളുകൾ പക്ഷേ പറയാൻ പോകുന്നതു്.

"ഞങ്ങൾ ചെയ്യേണ്ടതു് എന്താണു്? ജനാവലികളെ എങ്ങിനെയാണു് ശരിപ്പെടുത്തേണ്ടതു്?" എന്നു സാധാരണമായി സ്വത്തുകാർ ചോദിക്കയും ചെയ്യും. ഈ സമ്പന്നന്മാർ അടിമകളുടെമേൽ ഉടമസ്ഥതയെ വഹിച്ചു് വളരെ ശീലിച്ചവരാണു്; തന്മൂലം അവർ, പഴയ അടിമക്കച്ചവടക്കാരെപ്പോലെ, വേലക്കാരുടെ സ്ഥിതിയെ നന്നാക്കുന്ന കാര്യത്തെക്കുറിച്ചു് ആരെങ്കിലും പറഞ്ഞുതുടങ്ങുമ്പോൾ, അവരുടെ കീഴിലുള്ളവരെ എന്തുചെയ്യണമെന്നു ആലോചിച്ചു് പ്ലാൻ ഉണ്ടാക്കാൻ തുടങ്ങുന്നു. എന്നാൽ അന്യജനങ്ങളെ എന്തെങ്കിലും ചെയ്യാനുള്ള അവകാശവും, അർഹതയും തങ്ങൾക്കില്ലെന്നു അവർ ഓർക്കുന്നില്ല. വാസ്തവത്തിൽ അവർക്കു ജനങ്ങളെ അഭിവൃദ്ധിപ്പെടുത്താൻ ആശയുണ്ടെങ്കിൽ അവർ ചെയ്തുകൊണ്ടിരിക്കുന്ന മഹാപാപത്തിനെ ചെയ്യാതിരുന്നാൽമാത്രംമതി. അവർ ചെയ്യുന്ന പാതകമോ, വ്യക്തവും, സ്പഷ്ടവും ആണു് അവർ അടിമകളെ ഭയപ്പെടുത്തി അടക്കിവാഴിക്കുന്നുവെന്നോ, അങ്ങിനെ ചെയ്യാതിരിക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നോ മാത്രമല്ലാ അങ്ങിനെ ഞെരുക്കി നിർബ്ബന്ധിച്ചു് പണിയെടുപ്പിക്കാൻ സൌകര്യപ്പെടുത്തുന്ന വ്യവസ്ഥകളെ സ്ഥാപിച്ചു പുലർത്തിക്കൊണ്ടു

വരികപോലും ചെയ്യുന്നു. ഇതാണ് കഴിയുമെങ്കിൽ അവർ ചെയ്യാതിരിക്കേണ്ടതു്.

തൊഴിൽക്കാരാകട്ടെ തങ്ങളുടെ ദയനീയാവസ്ഥയ്ക്കു യജമാനന്മാരുടെ ദുഷ്ടതയാണു് മൂലമെന്നും, ക്രൂരി ധാരാളം കൊടുക്കാത്തതുകൊണ്ടും, ധനസംഭരണമാർഗ്ഗങ്ങളെ യജമാനന്മാർ കൈവശപ്പെടുത്തിയിരിക്കുന്നതുകൊണ്ടും ഇങ്ങിനെ കഷ്ടതകൾ വരുന്നതാണെന്നും വിചാരിച്ചുപോകത്തക്ക വണ്ണം അടിമത്തസ്വഭാവത്തിൽ കുടുങ്ങി ദുഷിക്കപ്പെട്ടു പോയിരിക്കുന്നു. തങ്ങളുടെ ശോചനീയാവസ്ഥയ്ക്കു കാരണം തങ്ങൾതന്നെയാണെന്നും, അവനവന്റെ സ്വാർത്ഥലാഭത്തിനു മാത്രമുദ്യമിക്കാതെ, തങ്ങളുടെയും, സഹോദരന്മാരുടേയും സങ്കടങ്ങളെ പരിഹരിക്കണമെങ്കിൽ, തങ്ങൾതന്നെ പാപം ചെയ്യാതിരിക്കേണ്ടതാണെന്നും ഉള്ള വാസ്തവങ്ങൾ അവരുടെ തലയിൽ കേറുന്നില്ല. അവർ ചെയ്യുന്ന പാപമൊക്കെറെന്നുമല്ല; അവരുടെ ബദ്ധപ്പാടുകളെയും, കഷ്ടതകളെയും ഉണ്ടാക്കിയ ആ മാർഗ്ഗംകൊണ്ടുതന്നെ ഓരോരുത്തരുടേയും ധനസ്ഥിതി നന്നാക്കാമെന്നുദ്ദേശിച്ചു്—അവർ ശീലിച്ചുവന്ന നടപടികളെ പുലർത്തിക്കൊണ്ടു പോകുന്നതിനു—അവരുടെ മനുഷ്യാത്മാഭിമാനത്തെയും, സ്വാതന്ത്ര്യത്തെയും ബലികഴിച്ചു്—അധമവും, അധർമ്മിഷ്ഠവും ആയ തൊഴിലുകളെ അംഗീകരിക്കയും, അനാവശ്യവും, നാശകരവും ആയ സാധനസാമഗ്രികളെ ഉണ്ടാക്കുകയും, കരംകൊടുത്തും, നേരേ ഭൃത്യവേലകൾചെയ്തും ഗവണ്മെണ്ടുകളെ നിലനിർത്തിക്കൊണ്ടുവരികയും, തന്മൂലം തന്നത്താനെ അടിമപ്പെടുകയും ചെയ്യുന്ന എന്നുള്ളതാണു്.

സങ്കടാവസ്ഥകളെ പരിഹരിച്ചു് മേൽ നന്മയുണ്ടാക്കുന്നതിനു് സ്വാർത്ഥപ്രതിപത്തികൊണ്ടു സാധിക്കയില്ലെന്നു ധനികന്മാരും വേലക്കാരും ഒരുപോലെ മനസ്സിലാക്കണം. സമുദായസേവനം എന്നതു് ആത്മപരിത്യാഗമാണു്.

അതിനാൽ തങ്ങളുടേയും, സഹോദരന്മാരുടെയും മോക്ഷവും ശ്രേയസ്സും ഉണ്ടാക്കണമെന്നു വിചാരിക്കുന്ന ജനങ്ങൾ അവർക്കു ശീലമായിപ്പോയ ജീവിതപദ്ധതിയെ ദൂരെ ഉപേക്ഷിക്കയും, അവർക്കു ലഭിക്കുന്ന പ്രത്യേക സൗകര്യങ്ങളെയും ലാഭങ്ങളെയും തൃണവൽഗണിക്കയും ചെയ്യണം. കൂടാതെ, തങ്ങൾ ഗവണ്മെണ്ടുകളോടു് മല്ലുവെട്ടുകയല്ലാ, തങ്ങളെയും, തങ്ങളുടെ കുടുംബങ്ങളെയും തന്നെ തല്ക്കാലം ഉപദ്രവിക്കുകയാണു് ചെയ്യുന്നതെന്നു ജനങ്ങൾ വിചാരിച്ചുകൊണ്ടാൽ മതി. എന്തുകൊണ്ടെന്നാൽ ഈ പരിശ്രമംമൂലം തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കും ആണു് തല്ക്കാലം വലിയ ആപത്തുകൾ ഉണ്ടാകാൻ ഇടയുള്ളതു്. ഗവണ്മെണ്ടുകളുടെ കല്പനകളെ ലംഘിച്ചുതുടങ്ങുമ്പോൾ അവരിൽനിന്നു കഠിനമായി ഉണ്ടാകാവുന്ന ഉപദ്രവങ്ങളെ സഹിക്കേണ്ടിവരുമല്ലൊ.

അതുകൊണ്ടു് "ഞങ്ങൾ എന്താണു ചെയ്യേണ്ടതു്?" എന്ന ചോദ്യത്തിനുള്ള ഉത്തരം ലഘുവും സ്പഷ്ടവും ഏറ്റവും പ്രയോഗക്ഷമവും ഓരോരുത്തർക്കും സുസാധ്യവും ആയതു്. പക്ഷെ അതു തങ്ങൾ പണ്ടേതന്നെ നല്ലവരാണെന്നും, അന്യന്മാരുടെ വീഴ്ചകളെ നീക്കി അവരെ നന്നാക്കുന്നതാണു തങ്ങളുടെ കടമയെന്നും ബലമായി വിശ്വസിച്ചുവരുന്ന മുതലാളിപ്രഭൃക്കന്മാരെപ്പോലെയുള്ളവരോ, കുറ്റങ്ങളൊന്നും തങ്ങളുടെയല്ലെന്നും, മുതലാളിമാരാണു് എല്ലാറ്റിനും കാരണഭൂതന്മാരെന്നും, അവർ ഉപയോഗിക്കുന്ന ആഡംബരസാമഗ്രികളെല്ലാം അവരുടെ പക്കൽനിന്നു തട്ടിപ്പറിച്ചു് ആവക സാമാനങ്ങളെ സകലമാനപേർക്കും അനുഭവിപ്പാൻ സൗകര്യപ്പെടുത്തിയാലല്ലാതെ കായ്കുങ്കും ഒന്നും നന്നാകുകയില്ലെന്നും വിശ്വസിക്കുന്ന ക്രൂലിവേലക്കാരോ, ഊഹിക്കുന്ന ഉത്തരമല്ലായിരിക്കും. എങ്കിലും അതിന്റെ ഉത്തരം വളരെ വ്യക്തവും കായ്ക്ഷമവും പ്രായോഗികവും കൃത്യവും ആയിട്ടുള്ളതുതന്നെ. എന്തെന്നാൽ

നമുക്കോരോരുത്തർക്കും, യഥാർത്ഥവും ന്യായവും നിസ്സക്കവും ആയ അധികാരംചെലുത്തത്തക്ക ഒരാളിന്റെ—അയായതു് നമ്മുടെ ആത്മാവിന്റെ—പ്രവൃത്തികളാണു് ഇതിനാൽ നിർദ്ദേശിക്കപ്പെട്ടുന്നതു്. ഒരുത്തൻ അടിമയായാലുംശരി, അടിമകളുടെ ഉടമസ്ഥനായാലുംശരി;—അവനു് അവന്റെ സ്വാർത്ഥലാഭംമാത്രമല്ല, തന്റെ സഹോദരന്മാരുടെ സ്ഥിതിയും നന്നാക്കണമെന്നു വാസ്തവത്തിൽ ആഗ്രഹമുണ്ടെങ്കിൽ—ആ സഹോദരന്മാരെയും, തന്നെത്തന്നെയും അടിമപ്പെട്ടുത്തുന്ന ദുഷ്പ്രവൃത്തികൾ അവൻ ചെയ്യരുതു്. ഇങ്ങനെ ആഗ്രഹമുള്ള ഒരുത്തൻ തനിക്കും തന്റെ കൂട്ടുകാക്കും ഉണ്ടാകുന്ന കഷ്ടതകളെ പരിഹരിക്കുന്നതിനു് ആദ്യമായിട്ടു ചെയ്യേണ്ടതു് ഇതാണു്:-

സ്വന്തമനസ്സാലെയോ, നിർബ്ബന്ധമൂലമോ യാതൊരുവിധത്തിലും താൻ ഗവർമ്മെൻറുകൃത്യങ്ങളിൽ പങ്കുകൊള്ളരുതു്. അതായതു് ഒരു പടയാളിയോ, ഫീൽഡ്മാഷ്ലോ, മന്ത്രിയോ, കരംപിരിക്കുന്നവനോ സാക്ഷിയോ, മുനിസിപ്പൽഉദ്യോഗസ്ഥനോ, ഗവർണ്ണരോ, കോർട്ടുപണ്ഡിതനോ, പാർലമെൻറുമെമ്പരോ—എന്നല്ല അക്രമഹിംസാപ്രയോഗം സംബന്ധിച്ച യാതൊരു ജോലിയും വഹിക്കുന്നവൻ ആയിരിക്കരുതു്. ഇതാണു് ഒന്നാമത്തെ നിബന്ധന.

രണ്ടാമതു്:-

അങ്ങനെയുള്ള മനുഷ്യൻ സ്വമേധയാ ഗവർമ്മെണ്ടിനു നേരിട്ടോ, മറുതരത്തിലോ കരം കൊടുത്തുപോകരുതു്. കരംപിരിച്ച വകയിൽനിന്നു യാതൊരാദായവും അയാൾ ശമ്പളമായോ പെൻഷനായോ സമ്മാനമായോ മറുതരത്തിലോ വാങ്ങുകയും അരുതു്. ജനങ്ങളിൽനിന്നും ബലംപ്രയോഗിച്ചു പിരിക്കുന്ന കരംകൊണ്ടു് ഗവർമ്മെൻറു

സ്ഥാപിച്ചുനടത്തുന്ന കോർട്ടു്, കച്ചേരി മുതലായ യാതൊരു സ്ഥാപനങ്ങളെയും അവൻ ഉപയോഗിക്കയുംചെയ്യരുതു്. ഇതാണു് രണ്ടാമത്തെ സംഗതി.

മൂന്നാമതു്:-

അവനവന്റെ ഗുണവും ലാഭവുംമാത്രമല്ലാതെ, പൊതുജനങ്ങളുടെ ഐശ്വര്യത്തെ ലക്ഷീകരിച്ചു പ്രവർത്തിപ്പാൻ ഉത്സാഹിക്കുന്നവൻ തന്റെ വസ്തുക്കളെയോ, സാമാനങ്ങളെയോ രക്ഷിക്കുന്നതിനു ഗവർമ്മെൻറിന്റെ അഭിപ്രായത്തെ ആശ്രയിക്കയോ, തന്നെയും തന്റെ സ്വന്തം ആളുകളെയും ആ മാർഗ്ഗമായി സംരക്ഷിക്കയോ അരുതു്. പിന്നെയോ, അന്യന്മാക്കു് അവകാശപ്പെടാതിരിക്കത്തക്ക വിധത്തിൽ ന്യായപൂർണ്ണമായ വസ്തുവകകളും, വേലയുടെ ഫലങ്ങളുംമാത്രമേ അവനു് ഉണ്ടായിരിക്കാവൂ.

"അയ്യോ! ഇതൊന്നും സാധിക്കയില്ല; ഗവർമ്മെൻറിന്റെ വ്യാപാരങ്ങളിൽ ഒട്ടും ഇടപെടാതിരിക്കുക എന്നു പറയുന്നതു് ജീവിക്കാതിരിക്കുന്നതിനു തുല്യമാണു്. പട്ടാളത്തിൽ ചേരാൻ സമ്മതിക്കാത്തവരെ തടവിലിടുന്നു; കരം കൊടുക്കാതിരുന്നാൽ വലിയ ശിക്ഷയുണ്ടു്; അവന്റെ വസ്തുക്കളിൽനിന്നു കരം ഈടാക്കുകയുംചെയ്യും. കാലക്ഷേപത്തിനു മറ്റു നിവൃത്തിയില്ലാത്തവർ ഗവർമ്മെൻറുദ്യോഗത്തിനു പോകാതിരുന്നാൽ അവരും അവരുടെ കുഞ്ഞുകുട്ടികളും എല്ലാം പട്ടിണികിടന്നു ചത്തുപോകും. വസ്തുക്കളുടെയും പ്രാണന്റെയും രക്ഷയ്ക്കു ഗവർമ്മെൻറിന്റെ സഹായംക്രടാതെയിരുന്നാൽ പറ്റുകയില്ല. ചുങ്കംചുമത്തപ്പെട്ടുന്ന സാമാനങ്ങളെയോ, ഗവർമ്മെൻറുസ്ഥാപനങ്ങളെയോ ഉപയോഗിക്കാതിരിക്കുന്നതു് അസാദ്ധ്യമത്രെ. എന്തെന്നാൽ ജനങ്ങൾക്കു് അധികം ഉപയോഗിക്കേണ്ട സാധനങ്ങളിന്മേലാണു് ചുങ്കവും തീരുവയും ഏർപ്പെടുത്തുന്നതു്. അതുപോ

ലെത്തന്നെ, ഗവമ്മെൻറു നടത്തിവരുന്ന പോസ്റ്റ്, അഞ്ചൽ മുതലായ സ്ഥാപനങ്ങളും റോഡുകളും, തോട്ടകളും ആദിയായവയും ഉപയോഗിക്കാതിരിപ്പാൻ നിവൃത്തിയില്ല. ഇങ്ങനെ ജനങ്ങൾ പക്ഷേ പറഞ്ഞേക്കും.

നമ്മുടെകാലത്തുള്ള ഒരു മനുഷ്യനു് ഗവമ്മെൻറു വ്യാപാരങ്ങളിൽ ഇടപെടാതെ മാറിനില്ക്കുന്നതു വളരെ പ്രയാസംതന്നെയാണു്. വാസ്തവംതന്നെ. എന്നാൽ ഗവമ്മെൻറിൻെറ അക്രമപ്രവൃത്തികളിൽ ഒട്ടുംചേരാതെ സകല ജനങ്ങൾക്കും അവരുടെ ജീവിതത്തെ നയിക്കുന്നതിനുസാധിക്കയില്ലെന്നുള്ളതുകൊണ്ടു്, അവക്കൊക്കെയും ആ വ്യാപാരങ്ങളിൽനിന്നു് അധികമധികം മാറിനിൽപ്പാൻ അസാദ്ധ്യമാണെന്നുവരുന്നതല്ല. ബലപ്രയോഗംകൊണ്ടു ഹിംസിച്ചു് പട്ടളത്തിൽ ചേർക്കുന്നതിനെ തടുത്തുനിൽപ്പാൻ ഓരോരുത്തർക്കും ശക്തിയുണ്ടായി എന്നു വരുന്നതല്ലെങ്കിലും (അങ്ങനെ ശക്തിയുള്ളവർ തീച്ചയായും കുറേപ്പേർ കാണും) സൈമേധയാ സൈന്യത്തിലോ, പോലീസിലോ, നീതിന്യായ റവന്യൂസേവനങ്ങളിലോ ചേരാതിരിക്കയും, അധികം ശമ്പളമുള്ള ഗവമ്മെൻറുദ്യോഗങ്ങളെ ഉപേക്ഷിച്ചു കുറഞ്ഞശമ്പളമുള്ള പ്രൈവറുദ്യോഗങ്ങളെ സ്വീകരിക്കയും ഓരോരുത്തർക്കും ചെയ്യാവുന്നതാണു്. തങ്ങളുടെ വസ്തുവകകളെ ഉപേക്ഷിപ്പാൻ തയ്യാറുള്ളവർ അല്പംചിലർ ഉണ്ടായിരിക്കാമെങ്കിലും, എല്ലാപേർക്കും അതു നടക്കുന്നതല്ല. എന്നാലും ആവക വസ്തുവകകളുടെ നീചസ്ഥിതിയെ മനസ്സിലാക്കി അവയുടെ പരിമാണത്തെ കുറയ്ക്കുന്നതിനു സകലർക്കും ശ്രമിക്കാവുന്നതത്രെ. മൂലധനത്തെ കൈവശംവെച്ചുകൊണ്ടിരിക്കയോ, അക്രമപ്രയോഗത്താൽ സംരക്ഷിക്കപ്പെടുന്ന സാമാനങ്ങളെ ഉപയോഗിക്കയോ ചെയ്യാതിരിപ്പാൻ എല്ലാവർക്കും തരപ്പെട്ടുകയില്ലെന്നുവരാം. (ചിലർക്കു് അതു തീച്ചയായും സാധിക്കും.) എങ്കിലും അവരവരുടെ ആവശ്യങ്ങളെക്കുറിച്ചു് അന്യന്മാരുടെ അസൂയയേയും, സ്പൃഹയേയും

ഉട്ടീപിപ്പിക്കുന്ന സാമാനങ്ങളെ ഉപയോഗിക്കാതിരിപ്പാൻ ഓരോരുത്തക്കും നിശ്ചയമായും കഴിയും. സകല ഗവമ്മെൻറുദ്യോഗസ്ഥന്മാക്കും അവരുടെ ശമ്പളങ്ങളെ ത്യജിപ്പാൻ നിവൃത്തിയില്ലെന്നുവരാം. (അസത്യസന്ധമായ ഗവമ്മെൻറുദ്യോഗത്തെക്കാൾ പട്ടിണി നന്നെന്നു വിചാരിക്കുന്നവർ ചിലർ കാണും.) എങ്കിലും അക്രമപ്രയോഗത്തിൽനിന്നു ദൂരെമാറി വേലചെയ്യുവലിയ ശമ്പളത്തെ ഉപേക്ഷിച്ചു ചെറിയ ശമ്പളങ്ങളെ സ്വീകരിപ്പാൻ എല്ലാവക്കും സാധിക്കും ഗവർമ്മെൻറുപള്ളിക്കൂടങ്ങളെ എല്ലാവക്കും അഭ്യവകഷ്ണംചെയ്യാൻ സാധിക്കയില്ലായിരിക്കാം. (അങ്ങനെ സാധിക്കുന്നവർ പലരുമുണ്ടു്.) എന്നാലും ഗവമ്മെൻറുസ്കൂളുകൾക്കുപകരം പ്രൈവറുസ്കൂളുകളെ സ്വീകരിക്കയും, ഭീരുവചമത്തപ്പെട്ടുന്ന സാമാനങ്ങളെയും, ഗവമ്മെൻറുസ്ഥാപനങ്ങളെയും നിവൃത്തിപോലെ ഉപയോഗിക്കാതിരിക്കയും, അവയുടെ സഹായത്തെ കുറയ്ക്കയുംചെയ്യാൻ സകലക്കും കഴിയുന്നതാണു്.

മൂഗബലത്തിൽ സ്ഥാപിതമായ ഇപ്പോഴത്തെ വ്യവസ്ഥിതിക്കും, ഓരോരുത്തനും അവനവൻെറ കായ്ക്കുങ്കം തങ്ങളുടെ വിശേഷബുദ്ധി ഉപയോഗിച്ചു് മറവുള്ളവരുമായിയോജിച്ചു് നടത്തി നല്ല മാതൃകകളെ ഉറപ്പിക്കുക എന്നുള്ള വ്യവസ്ഥിതിക്കും ഇടയിൽ അസംഖ്യം പടികൾ ഉണ്ടു്. മനുഷ്യവർഗ്ഗം ഈ പടികളിലെ ഏറ്റവും ഉയർന്ന ഉൽകൃഷ്ടപദവിയിലെത്തുന്നതിനു്, അക്രമബലപ്രയോഗത്തിലും, അതിൻെറ ഫലങ്ങളെ അനുഭവിക്കുന്നതിലും, അതുമായിട്ടു യോജിച്ചു സഹകരിക്കുന്നതിലുംനിന്നു പിന്മാറി ജനങ്ങൾ സ്വതന്ത്രരാകുന്നതുകൊണ്ടു മാത്രമേ നിവൃത്തിയുള്ളൂ.

അല്പാല്പമായി ഈ ഗവമ്മെണ്ടുകളുടെ അടിസ്ഥാനം തകരുന്നതും, ജനങ്ങളുടെ സ്വാതന്ത്ര്യം ഉദിച്ചുയരുന്നതും എങ്ങിനെയാണെന്നു് അറിയാനോ, ദീർഘദർശനംചെയ്യാ

നോ, ഇപ്പോഴത്തെ സയൻസുപണ്ഡിതന്മാരെപ്പോലെ പ്രവചനംചെയ്യാനോ നമുക്കു തീരെ നിവൃത്തിയില്ല. സ്വാതന്ത്ര്യദേവതയുടെ ചൈതന്യം ക്രമേണ വദ്ധിച്ചുവരുമ്പോഠം മനുഷ്യജീവിതം ഏതെല്ലാം പുതിയ സ്വരൂപങ്ങളെ സ്വീകരിക്കുമെന്നു നാം അറിയുന്നില്ല. എങ്കിലും ഗവമ്മെണ്ടുനടപടികളുടെ ഹിംസാപരവും, ദ്രോഹകരവുമായ സ്വഭാവത്തെ മനസ്സിലാക്കി അവയെ ഉപയോഗിക്കയോ, അവയിൽ പങ്കെടുക്കുകയോ, ചെയ്യാതിരിപ്പാൻ ശ്രമിക്കുന്ന ആളുകളുടെ ജീവിതരീതി, ഇപ്പോഴത്തെപ്പോലെ ഗവമ്മെണ്ടിന്റെ അക്രമപ്രവൃത്തികളിൽ പംകുവഹിച്ചും, ഫലമെടുത്തുംകൊണ്ടു് അവയ്ക്കെതിരായി വഴക്കടിക്കുന്നുവെന്ന നടിക്കയും, പുതിയതരം അക്രമപദ്ധതിയെ സ്ഥാപിക്കുന്നതിനു് പഴയ അക്രമപദ്ധതിയെ നശിപ്പിക്കയും ചെയ്യുന്ന ജനങ്ങളുടെ ജീവിതരീതിയിൽനിന്നു് വളരെ ഭിന്നവും മനുഷ്യജീവിതനിയമങ്ങഠംക്കും, മനസ്സാക്ഷിക്കും അനുസ്യൂതവും ആയിരിക്കുമെന്നു നമുക്കു് നിസ്സംശയംഊഹിക്കാം.

സർവ്വപ്രധാനമായ പരമാർത്ഥം എന്തെന്നുവെച്ചാൽ അതു് ഇപ്പോഴത്തെ ജീവിതരീതി ദൃഷിക്കപ്പെട്ടുപോയിരിക്കുന്നു എന്നുള്ളതാണു്. ഇതു് എല്ലാവരും സമ്മതിക്കും. ഈ കഷ്ടസ്ഥിതിയുടെയും, നടപ്പിലിരിക്കുന്ന അടിമത്തത്തിന്റെയും അടിസ്ഥാനകാരണം ഗവർമ്മെണ്ടുകഠം പ്രയോഗിക്കുന്ന അക്രമബലമാണു്. ഗവമ്മെണ്ടിന്റെ ബലപ്രയോഗത്തെ നിശ്ശിപ്പിക്കാൻ ഒരു മാർഗ്ഗമേ ഉള്ളൂ ജനങ്ങഠം അതിൽനിന്നും—അതായതു് ഗവമ്മെണ്ടിന്റെ ബലപ്രയോഗത്തിൽനിന്നും—പിന്മാറണം. തന്മൂലം ഗവമ്മെണ്ടു ബലപ്രയോഗത്തിൽനിന്നു പിൻവലിക്കുന്നതു പ്രയാസമോ നിഷ്പ്രയാസമോ?, അങ്ങനെ പിന്മാറുന്നതിന്റെ ഫലങ്ങഠം ഉടനടി പ്രത്യക്ഷപ്പെടുമോ ഇല്ലയോ?—ഈമാതിരി ചോദ്യങ്ങളൊക്കെ അനാവശ്യമാണു്. എന്തെന്നാൽ അടിമത്തം

ത്തിന്റെ പിടിയിൽനിന്ന ജനങ്ങളെ ഉദ്ധരിക്കുന്നതിനു് ആ ഒരു മാർഗ്ഗം മാത്രമേ ഉള്ളു. വേറെ ഒരു നിവൃത്തിയുമില്ല.

കീഴ്നടപ്പുകളാലും ആചാരങ്ങളാലും ബലപ്പെട്ടുത്തപ്പെട്ട പാരസ്പരമൃതയിൽ കഴിച്ചുകൂട്ടുന്ന ജനങ്ങളുടെ ഈ പുതിയ ജീവിതരീതി അക്രമപ്രയോഗസമ്പ്രദായത്തിനു പകരം എത്രമാത്രം ജനസമുദായനന്മയുളവാക്കുമെന്നും, അതു ലോകംമുഴുക്കെ എന്നേർപ്പെടുമെന്നും ഉള്ളതു്, ജനങ്ങളുടെ അന്തഃകരണശക്തികളെയും, മനസ്സാക്ഷിയുടെ വ്യക്തതയെയും, തങ്ങളുടെ മനസ്സാക്ഷിയെ തങ്ങളുടെ സ്വന്തമാക്കിവെക്കുന്ന ജനങ്ങളുടെ എണ്ണത്തെയും ആശ്രയിച്ചിരിക്കുന്നു. നാമോരോരുത്തരും ഓരോ പ്രത്യേക മനുഷ്യാത്മാക്കളാണു്. നമുക്കോരോരുത്തർക്കും നമ്മുടെ ഉദ്ദിഷ്ടലക്ഷ്യത്തിനെ അധികമോ, കുറച്ചോ മനസ്സിലാക്കി മനുഷ്യലോകത്തിന്റെ പൊതുപ്രസ്ഥാനങ്ങളിൽ ഭാഗഭാക്കുകളായിരിക്കയോ അല്ലെങ്കിൽ പൊതുജനാഭിവൃദ്ധിക്കു പ്രതിക്രിയകളായിരിക്കയോ ചെയ്യാം. ഓരോരുത്തരും ഏതു പ്രവൃത്തിപദ്ധതിയാണു സ്വീകരിക്കുന്നതെന്നു നിശ്ചയിക്കണം. തന്റെ അരനാഴികനേരമുള്ള മായാപ്രപഞ്ചജീവിതഗൃഹത്തെ വെറും മണലിൽ പണിചെയ്ത ഈശ്വരശാസനങ്ങളെ ലംഘിക്കയോ, അതോ ഈശ്വരശാസനകർത്താവിനു് അനന്തരമായി ശാശ്വതവും, അനശ്വരവും ആയ യഥാർത്ഥ ജീവിതപ്രവാഹത്തോടു യോജിക്കയോ ഏതാണു് നല്ലതെന്നു തീരുമാനിക്കണം.

പക്ഷേ. എനിക്കു തെറ്റിപ്പോയി എന്നു വരാം. മനുഷ്യചരിത്രങ്ങളിൽനിന്നു അനുമാനിക്കാവുന്നതും, അനുമാനിക്കേണ്ടതും ആയ ശരിയായ തത്വങ്ങൾ ഈവിധമല്ലായിരിക്കാം അടിമത്തത്തിൽനിന്നു രക്ഷപ്രാപിച്ചു് സ്വാതന്ത്ര്യത്തിലേയ്ക്കു മനുഷ്യജാതി യാത്രചെയ്യുന്നില്ലായിരിക്കാം. കരബലപ്രയോഗം ലോകാഭ്യുദയത്തിനു അത്യാവശ്യമായ

ഒരുപാധിയാണെന്നും, ആ ബലപ്രയോഗശക്തിയോടു കൂടിയ ഒരു ഭരണരീതി മനുഷ്യജീവിതത്തിൽ ആവശ്യമാണെന്നും, ശവമെമ്പാടുകളെ ഇല്ലായ്മചെയ്തു് നമ്മുടെ ജീവനെയും, വസ്തുവകകളെയും രക്ഷിക്കുന്ന വ്യവസ്ഥകളെ ഉന്മൂലനംചെയ്യുന്നതുകൊണ്ടു് ജനാവലികൾക്കു് അധഃപതനമുണ്ടാകുമെന്നും പക്ഷേ തെളിയിക്കാമായിരിക്കാം.

നമുക്കിതെല്ലാം സമ്മതിച്ചുകൊടുത്തു് മേല്പറഞ്ഞ വാദപരമ്പരകളൊക്കെ അബദ്ധമാണെന്നു വെയ്ക്കാം. എന്നാലും, മനുഷ്യജീവിതത്തേക്കുറിച്ചുള്ള പൊതുപയ്യാലോചനകൾ മാത്രമല്ലാ, ഓരോ മനുഷ്യനും അവന്റെ സ്വന്ത ജീവിതത്തെപ്പറ്റി പരിചിന്തനംചെയ്യേണ്ടതും അത്യാവശ്യമാണു്. ജീവിതസംബന്ധമായ പൊതുനിബന്ധനകളെ പയ്യാലോചിച്ചാലും, കേവലം ശ്ലോഘകരവും, കുറകരവും ആണെന്നു തനിക്കു ബോദ്ധ്യമുള്ള പ്രവൃത്തികളെ യാതൊരു മനുഷ്യനും ചെയ്യുകൂടാ.

നമ്മുടെ കാലത്തെ സത്യസന്ധരും മയ്യാദക്കാരുമായ ആളുകൾ പറയുന്നതു് ഇങ്ങനെയായിരിക്കും:—

"ഓരോ മനുഷ്യവ്യക്തിയുടെയും പരിണാമഗതികളിൽ ആവശ്യമായ ഒരു സ്വതന്ത്രപമാണു് രാഷ്ട്രീയസ്ഥാപനമെന്നും, സമുദായനന്മയ്ക്കു് അവജ്ജനീയമായ ഒരു അംഗമാണു് ഭരണബലപ്രയോഗമെന്നും കാണിക്കുന്ന വാദങ്ങളെ മനുഷ്യചരിത്രത്തിൽനിന്നു ഉദ്ധരിക്കാം. അവ തന്മൂലം ശരിയാണെന്നു വരാൻ എളുപ്പമുണ്ടു്. എന്നാൽ കൊലപാതകം ഒരു മഹാപാപംതന്നെയാണു്. യാതൊരു യുക്തിവാദവുംകൂടാതെ തന്നെ എനിക്കിതു പൂർണ്ണമായിട്ടറിയാം. ഞാൻ പട്ടാളത്തിൽ ചേരുമോ, പടയാളികൾക്കു കൂലികൊടുപ്പാനും, അവരെ സജ്ജീകരിക്കാനും, പ്രങ്കികളും, വെടിമരുന്നും, ഇരുമ്പുപാത്രങ്ങളും ഉണ്ടാക്കാനുംവേണ്ടി

പണംകൊടുക്കാനോ ആവശ്യപ്പെട്ട എനിക്കു കൊലപാതകത്തിൽ പങ്കുതരാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ഞാൻ അതിനു തയ്യാറുമല്ല; അതു ചെയ്യുകയുമില്ല. പട്ടിണികിടക്കുന്ന പാവങ്ങളെ ഹിംസിച്ചു് ഭയപ്പെടുത്തി അവരുടെ ജീവരക്തം ഊറ്റിയെടുത്തു സമ്പാദിക്കുന്ന പണത്തിനെ ഉപയോഗിപ്പാൻ എനിക്കാഗ്രഹമില്ല. ഞാൻ ഉപയോഗിക്കുമില്ല. നിങ്ങൾ സംരക്ഷിച്ചുതരുന്ന ഭൂമിയോ പണമോ അനുഭവിപ്പാൻ ഞാൻ മോഹിക്കുന്നില്ല. എന്തെന്നാൽ നിങ്ങൾ അവയെ രക്ഷിക്കുന്നതു കൊലപാതകം ചെയ്യാണു്."

"ഈ പ്രവൃത്തികളുടെ പരമാർത്ഥസ്ഥിതികളും, മഹാപരാധസ്വഭാവവും മനസ്സിലാകാതെയിരുന്നപ്പോൾ എനിക്കു് ഇതെല്ലാം ചെയ്യാൻ തോന്നിയിരുന്നു. എന്നാൽ സംഗതികളുടെ "പൂച്ചു്"" വെളിക്കായി കായ്യും മനസ്സിലായതുകൊണ്ടു് ഇനിമേൽ എനിക്കിതു കാണാതിരിക്കാനോ, ഈ പ്രവൃത്തികളിൽ പങ്കു് എടുക്കാനോ നിവൃത്തിയില്ല."

"ഹിംസാപ്രവൃത്തി തീരുമാനംക്രൂരാതെ കഴിക്കുന്നതു പ്രയാസമെന്നുതോന്നാൻതക്കവണ്ണം നാം ബലപ്രയോഗത്തോടു് അത്രമാത്രം ശക്തിയായി കെട്ടിപ്പിണഞ്ഞുകിടക്കുന്നു എന്നു് എനിക്കറിയാം. എന്നാലും അതിൽ ചേരാതിരിപ്പാൻ ഞാൻ കഴിയുന്നത്രയും നോക്കും. ഞാൻ അതിൽ പങ്കെടുക്കയില്ല. കൊലപാതകംകൊണ്ടു സമ്പാദിക്കയും, സംരക്ഷിക്കയും ചെയ്യുന്ന ഏർപ്പാടുകളെ സ്വീകരിക്കാതിരിപ്പാൻ ഞാൻ ശ്രമിക്കും."

"എനിക്കു് ഒരു ജീവനേയുള്ളു. അതിനുവേണ്ടി ഈ ചുരുങ്ങിയ എന്റെ ജീവിതകാലത്തിനിടയിൽ എന്റെ മനസ്സാക്ഷിയുടെ കല്പനകൾക്കു വിപരീതമായി നിങ്ങളുടെ നിഷിദ്ധകർമ്മങ്ങളിൽ പങ്കുകൊള്ളുന്നതെന്തിനു? ഞാൻ അതു ചെയ്യുകയില്ല, എനിക്കതു ചെയ്യാൻ പാടുമില്ല."

"ഇതിന്റെ ഫലമെന്തെന്നു് എനിക്കറിഞ്ഞുകൂടാ. എന്റെ മനസ്സാക്ഷിയുടെ ആജ്ഞകളെ അനുസരിച്ചു നടക്കുന്നതിൽ യാതൊരാപത്തുകളും ഉണ്ടാകയില്ലെന്നുള്ള ഒരു സംഗതി എനിക്കറിയാം."

ഗവമ്മെണ്ടുകളുടെയും, ഹിംസാബലപ്രയോഗത്തിന്റെയും ആവശ്യകതയെ പുരസ്കരിച്ചുള്ള യുക്തിവാദങ്ങൾക്കും, അവയിൽ പങ്കെടുക്കണമെന്നുള്ള ആജ്ഞകൾക്കും മുപടിയായി നമ്മുടെ കാലത്തിലുള്ള ഓരോ സത്യവാനും, മനുഷ്യക്കാരനും ഇങ്ങനെതന്നെയാണു പറയേണ്ടതും.

സാമാന്യയുക്തിവാദംകൊണ്ടുൽഭവിക്കുന്ന ഈ മനോനിശ്ചയത്തെ പരമശ്രേഷ്ഠവും, നിരാക്ഷേപവും ആയ ഒരു ന്യായാധിപപദത്തെവഹിക്കുന്ന അന്തഃകരണദൈവത്തിന്റെ കല്പനകൾ ദൃഢീകരിക്കയും ചെയ്യുന്നു.

ഉപസംഹാരം

ഞാൻ ഇതുവരെ എഴുതിയിരിക്കുന്നതു വായിച്ചാൽ വീണ്ടും വളരെപ്പേർ ഇതാ! ഇങ്ങിനെ പറഞ്ഞേക്കാം:—

"പിന്നെയും പഴയ പ്രസംഗംതന്നെയാണു വന്നിരിക്കുന്നതു". ഒന്നാമതു് നടപ്പിലിരിക്കുന്ന സകല വ്യവസ്ഥകളെയും നശിപ്പിക്കയും, പകരം വേറൊന്നും ഏർപ്പെടുത്താതിരിക്കയും ചെയ്യുക; പിന്നീടു് യാതൊന്നും ആരും പ്രവർത്തിക്കാതിരിക്കണമെന്നു നിർബ്ബന്ധിക്കുക! ഗവമ്മെണ്ടിന്റെ പ്രവൃത്തികൾ മുഴുവൻ അബദ്ധമാണു്. വസ്തു ഉടമസ്ഥന്മാരുടെയും ജന്മിമാരുടെയും പ്രവൃത്തികളും അബദ്ധംതന്നെ. വ്യവസായപരന്മാരുടെയും, സമഷ്ടിവാദികളുടെയും, വിപ്ലവകാരികളായ രാജദ്രോഹികളുടെയും ഉത്സാഹങ്ങളും അതേവിധംതന്നെ. അതായതു് യഥാർത്ഥമായും,

പ്രയോഗക്ഷമമായും ഉള്ള ലോകവ്യവഹാരങ്ങൾ അശേഷം അസംബന്ധം!! സർവ്വത്ര കുഴപ്പവും, തകരാറും, കഷ്ടതകളും ഉണ്ടാക്കിത്തീർക്കുന്ന ഒരുവക ധാർമ്മികവും, ആത്മീയവും ആയ അവ്യക്തവ്യവഹാരങ്ങൾ — സ്പഷ്ടമല്ലാത്തതും അസാധ്യമായതും ആയ ചില നടപടികൾ — മാത്രം നല്ലതു പോലും!!!"

യഥാർത്ഥമായ ഗൗരവവും സത്യസന്ധതയുമുള്ള ആളുകൾതന്നെ പലരും ഇങ്ങനെ ആലോചിച്ചേക്കുമെന്നു എനിക്കറിയാം.

അഹിംസാതത്വത്തിനോടു സാധാരണക്കാർക്കു ഇത്രഭയവും വിപ്രതിപത്തിയും വരാൻ കാരണമുണ്ടു്. ഒന്നാമതു്, ഈ തത്വം നടപ്പിലായാൽ വസ്തുഉടമസ്ഥാവകാശത്തെയും മറ്റും സംരക്ഷിപ്പാൻ യാതൊരു നിവൃത്തിയുമുണ്ടാകയില്ലെന്നുള്ള അവരുടെ ഭയം. രണ്ടാമതു്, ഓരോരുത്തനും അവനവനു ആവശ്യവും, തോന്നുന്നതും ആയതു എന്തും അന്യന്മാരോടു തട്ടിപ്പറിക്കയും, ശിക്ഷ ക്രൂരാതെതെറ്റിപ്പിഴയ്ക്കുയും ചെയ്യാൻ സാധിക്കയില്ലെന്നുള്ള ഒരു ആശങ്ക. വസ്തുക്കളുടെ ഉടമസ്ഥാവകാശവും തങ്ങളുടെ ജീവനും എപ്പോഴും മൃഗബലപ്രയോഗത്താൽ സംരക്ഷിക്കപ്പെടണമെന്നുള്ള ക്രൂരന്മാർക്കു ഈവിധമുള്ള സംരക്ഷണമില്ലാത്ത പക്ഷം, തീർത്താൽതീരാത്ത തകരാറുകളും വൈഷമ്യങ്ങളും ജനങ്ങൾ തമ്മിൽ തമ്മിൽ അവസാനിക്കാത്ത വഴക്കുകളും ഉണ്ടാകുമെന്നു തോന്നിപ്പോകും.

ഉടമസ്ഥയെ ഹിംസാബലപ്രയോഗംകൊണ്ടു സംരക്ഷിക്കുന്ന ഭരണരീതി ഈ കുഴപ്പങ്ങളെയും സൊല്ലുകളെയും കുറയ്ക്കുകയല്ലാ വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതെന്നു ഞാൻ വേറൊരിടത്തു പറഞ്ഞിട്ടുള്ളതിനെ ഇവിടെ വീണ്ടും വിസ്തരിക്കാൻ ഒരുങ്ങുന്നില്ല. സംരക്ഷണമില്ലാതിരുന്നാൽ കലാപങ്ങൾ നേരിട്ടേയ്ക്കാമെന്നുതന്നെയിരിക്കട്ടെ; എന്നാൽ തന്നെയും തങ്ങളുടെ ആപത്തുകൾക്കെല്ലാം നിദാനമെ

തെന്നു സൂക്ഷ്മമായിട്ടറിയുന്ന ജനങ്ങൾ അപ്പോൾ എന്താണു ചെയ്യേണ്ടതു്?

മദ്യപാനംകൊണ്ടു വളരെ ദോഷമുണ്ടാകുമെന്നു നാം അറിഞ്ഞിരിക്കെ, മിതമായി മദ്യപാനംചെയ്യുന്നതുകൊണ്ടു അതിന്റെ കേടുതീക്കാമെന്നു ആഗ്രഹിച്ചു് അതു മുടക്കാതിരിക്കയോ ആലോചനാബുദ്ധിയില്ലാത്ത ഡോക്ടർമാരുടെ മരുന്നുകൾ കുടിച്ചുംകൊണ്ടു മദ്യപാനത്തെ തുടരുകയോ ചെയ്യുന്നതു നല്ലതല്ല.

നമ്മുടെ സാമുദായികരോഗങ്ങളുടെയും കഥ ഇങ്ങനെതന്നെയാണു്. ചിലക്രട്ടർ അന്യന്മാരോടു മൃഗബലപ്രയോഗം ചെയ്യുന്നതുകൊണ്ടു നമുക്കു ദോഷമുണ്ടെന്നു നാം അറിയുന്നുണ്ടെങ്കിൽ, ഗവമ്മെണ്ടിന്റെ ഹിംസാപ്രവൃത്തികളെ സഹായിച്ചുകൊണ്ടു സാമുദായികസ്ഥിതി നന്നാക്കിക്കളയാമെന്നോ അല്ലെങ്കിൽ അതിനുപകരം വിപ്ലവകാരികളുടെയോ (Revolutionaries) സമഷ്ടിവാദികളുടെയോ ഹിംസാബലപ്രയോഗപദ്ധതി ഏർപ്പെട്ടുത്താമെന്നോ വിചാരിക്കരുതു്. ജനങ്ങൾക്കുള്ള സങ്കടങ്ങളുടെ അടിസ്ഥാനകാരണം തെളിവായി അറിയുംമുമ്പു് വേണമെങ്കിൽ അങ്ങിനെയെല്ലാം ചെയ്യാമായിരുന്നു. പക്ഷേ ചിലർ അന്യമനുഷ്യരുടെ നേരെ ഹിംസാപ്രവൃത്തികൾ ചെയ്യുന്നതുകൊണ്ടാണു് ജനാവലിക്കു കഷ്ടതകൾ ഉണ്ടാകുന്നതെന്നു നിസ്സംശയമായി വെളിപ്പെട്ടാലുടനെ പഴയ ഹിംസാപ്രയോഗസമ്പ്രദായത്തിനെ പാലിക്കയോ, പുതിയ വേഷത്തിലുള്ള അക്രമബലപ്രയോഗരീതിയെ സ്ഥാപിക്കയോ ചെയ്തു് ജനങ്ങളുടെ നിലയെ ഉൽകൃഷ്ടമാക്കാമെന്നു വാദിച്ചു ജയിക്കാൻ നിവൃത്തിയില്ല. മദ്യപാനദോഷംകൊണ്ടു സങ്കടം അനുഭവിക്കുന്ന ഒരു മനുഷ്യനു്, തന്നിവാരണത്തിനു്, ആ സങ്കടത്തെ ഉല്പാദിപ്പിക്കുന്ന മദ്യപാനത്തെ ഉപേക്ഷിക്കുക എന്നുള്ള ഒരു ഒറ്റവഴിമാത്രമേയുള്ളൂ. അതുപോലെ ജനസമുദായത്തിന്റെ ദുരവസ്ഥയിൽനിന്നു്

അതിനെ മോചിപ്പിക്കുന്നതിനും ഒരൊറമാർഗ്ഗമേ ഉള്ളൂ. അതു ആ സങ്കടങ്ങൾക്കു ഹേതുഭൂതമായ ഹിംസാബലപ്രയോഗത്തിൽനിന്നും, അതിനെപ്പറ്റി പ്രസംഗിക്കുന്നതിൽനിന്നും, അതിനെ നീതീകരിക്കുന്നതിൽനിന്നും ജനങ്ങൾ വിരമിക്കുക മാത്രമാണു്.

ജനങ്ങളെ സങ്കടാവസ്ഥയിൽനിന്നു കരകേറ്റാനുള്ള എകമാർഗ്ഗമാണിതെന്നു മാത്രമല്ലാ, അതു ഇക്കാലത്തെ ഓരോ മനുഷ്യന്റെയും ധാർമ്മികബോധത്തിനും, മനസ്സാക്ഷിക്കും യോജിച്ചതാകയാൽ ആ കാരണംകൊണ്ടുതന്നെ നാം അതിനെ സ്വീകരിക്കേണ്ടതുമാണു്. വസ്തുക്കളെയോ ജീവനെയോ അക്രമബലപ്രയോഗംകൊണ്ടു സംരക്ഷിക്കുന്നതു് കൊലചെയ്യാം, അല്ലെങ്കിൽ കൊന്നുകളയുമെന്ന ഭയപ്പെടുത്തിയോ അതെന്നുള്ള വാസ്തവം ഇക്കാലത്തു് ഒരു മനുഷ്യൻ ഗ്രഹിച്ചുകഴിഞ്ഞാൽ, ഈ കൊലപാതകവും, ഭയപ്പെടുത്തലുംകൊണ്ടു സമ്പാദിക്കപ്പെടുന്ന യാതൊരു സാധനത്തെയും ഉപയോഗിക്കയോ, വിശിഷ്യ ആ കൊലപാതകത്തിലോ, പേടിപ്പിക്കലിലോ പങ്കുകൊള്ളുകയോ ചെയ്യാൻ, തന്റെ അന്തഃകരണത്തിനു ചാഞ്ചല്യം തട്ടാതെ അയാൾക്കു സാധിക്കയില്ല. അതുകൊണ്ടു ജനങ്ങളെ അപരരുടെ ഞെരുക്കങ്ങളിൽനിന്നു രക്ഷിപ്പാൻ അവശ്യമെന്താണോ, അതായതു് ഓരോ മനുഷ്യന്റെയും ധാർമ്മികബോധത്തെയും മനസ്സാക്ഷിയെയും തൃപ്തിപ്പെടുത്തുന്നതിനും അവശ്യമാണു്. തന്മൂലം പൊതുജനനന്മയ്ക്കും, തന്റെ ജീവിതനിയമത്തിനെ അനുസരിക്കുന്നതിനുവേണ്ടി ഓരോ മനുഷ്യനും ഹിംസാബലപ്രയോഗത്തിൽ പങ്കുകൊള്ളുകയോ, അതിനെ ഉപയോഗിക്കയോ, നീതീകരിക്കുകയോ ചെയ്യാതിരിക്കേണ്ടതാണെന്നുള്ളതിനു ലവലേശം സംശയമില്ല.

ചില പദ്യകൃതികൾ

			ക്ര.	ണ.
ഉദ്യാനലക്ഷ്മി		ചങ്ങമ്പുഴ	1	2
മണിവീണ		,,	0	12
മാനസേശ്വരി		,,	0	6
അമൃതവീചി		,,	0	9
സുധാംഗദ		,,	0	15
മയൂഖമാല		,,	0	9
വനയാത്ര	കെ. വി. പിള്ള		0	5
അരമനയിലെ അനിരുദ്ധൻ		,,	0	9
സാഹിത്യമന്ദഹാസം		,,	0	12
അവിട്ടംതിരുനാൾതിരുവിളയാടൽ		,,	0	8
രാജം അഥവാ രാജീവം				
	എം. ആർ. രാമക്കൈമൾ		0	6
സുമരത്നമാല്യം	എൻ. ബാപ്പുറാവു		0	12
ബുദ്ധചരിതം ശാന്തിമാർഗ്ഗം		,,	0	12
ടി ധർമ്മസംസ്ഥാപനം		,,	0	12
പദ്യമഞ്ജൂഷ	കെ. ഗോപാലപിള്ള ബി. എ		0	9
ഭാഷാസരസശ്ലോകങ്ങൾ				
	പയ്യമ്പള്ളിൽ ഗോപാലപിള്ള		0	8
പദ്യകിരണാവലി-എ. പരമേശ്വരശാസ്ത്രികൾ			0	12
ശ്രീരാമചരിതം		,,	0	9
മലയാളരാമചരിതം				
	എം. ആർ. വേലുപ്പിള്ളശാസ്ത്രി ബി. എ.		0	12

മാനേജർ, ശ്രീരാമവിലാസം പ്രസ്സ് & ബുക്ക് ഡിപ്പോ, കൊല്ലം.
ബ്രാഞ്ചുകൾ: തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

ഒന്നാംതരം നോവലുകൾ

	രൂ.	ണ.
അമീർഹംസ സെറ്റ്	3	12
മായാമണ്ഡലം	2	8
പൂളകോൽഗമം	2	8
കുസുമോത്സവം	2	4
പ്രണയപാശം	2	0
ആത്മനാടകം	1	5
പൊയ്പോയ ലോകം	2	4
പ്രണയപ്രതീകാരം	2	0
കേരളകാളിദാസൻ	2	8
സത്യഗ്രാഹി	3	0
അമരസിംഹൻ	1	12
താരാഭായി	1	8
കമലാഭായി	1	8
കാലന്റെ കൊലയറ	1	8
ഇന്ദിര	2	8
ബാലാദിത്യൻ	1	8
തെനാലിരാമൻ	1	0
അശ്രുധാര	1	8
ഭൈരഞ്ജിനി	1	4
അംഗനാചുംബനം	1	8
ടി രണ്ടാംഭാഗം	1	8
ടി മൂന്നാംഭാഗം	1	8
അരമനരഹസ്യം	1	8
ബാങ്കർചന്ദ്രശേഖരൻ	1	8
വാസിനി	1	8

മാനേജർ, ശ്രീരാമവിലാസം ബുക്ക്ഡിപ്പോ, കൊല്ലം.
ബ്രാഞ്ചുകൾ:- തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

കഥാപുസ്തകങ്ങൾ

ആശാങ്കുരം

വിശ്വസാഹിത്യകാരന്മാരായ ടാഗോർ, വെത്സ്, ഗിഡേമാപ്പ്സാങ് മുതലായവരുടെ വിശ്രുതങ്ങളായ ചില കഥകളുടെ തർജ്ജമ.

വില രൂ 1 ണ 8.

ഭാരതീയരുടെ ചെറുകഥകൾ

വിജ്ഞാനപ്രദങ്ങളായ അൻപതിൽപരം ചെറുകഥകൾ അടങ്ങിയിരിക്കുന്ന ഈ പുസ്തകം വായിച്ചാൽ നവംനവമായി ആനന്ദാനുഭൂതി ലഭിക്കുന്നതാണു്.

വില രൂ 1 ണ 12.

തെനാലിരാമൻ

വെറും ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു് ബുദ്ധിവൈഭവത്താൽ രാജവിദൂഷകപദവിയിലെത്തി വിജയശ്രീലാളിതനായ തെനാലിരാമന്റെ കഥ വായിച്ചുതുടങ്ങിയാൽ ചിരിച്ചു ചിരിച്ചു തലതല്ലിപ്പോകും.

വില രൂ 1.

സല്ലാപസാഗരം അഥവാ അത്താഴാനന്തരസല്ലാപം

പിഞ്ചുഹൃദയങ്ങളുടെപോലും നെഞ്ചലിയിപ്പിക്കുംവിധത്തിലുള്ള ഫലിതങ്ങൾ, ജീവിതം ശോഭനമായിത്തീരത്തക്കവിധം ജീവിതചര്യ ആസൂത്രണംചെയ്യേണ്ടതിനു പറഞ്ഞിരിയ ഉപദേശങ്ങൾ.

വില ഒന്നാംഭാഗം രൂ 1 ണ 12.

രണ്ടാംഭാഗം രൂ 1 ണ 12.

മാനേജർ,

ശ്രീരാമവിലാസം ബുക്ക്ഡിപ്പോ,

കൊല്ലം.